KOTTAYAM PUBLIC LIBRARY

Call No. 200 MAT-D Acc. No. 14047

Author [illegible]

Title [illegible]

816

14047.

# ദൈവം – നമ്മിൽ

## God within us

ഫാ. മാത്യു ആലക്കളം.

(Rights reserved)

NATIONAL BOOK STALL SPCS LTD. KOTTAYAM

St. Joseph's Press, Mannanam.
1949.

M 200

**Imprimatur.**

† Bp. Bonaventure Arana, O. C. D.

Kottayam — Adm. Ap.

*Vijayapuram.*
*8th December 1948*

---

ലൈസൻസ് **No. 4.**

# പ്രസ്താവന

സച്ചിദാനന്ദസ്വരൂപനായ ദൈവം തൻെറ ത്രിത്വൈകത്വത്തിൽ, സകലത്തിൻെറയും സൃഷ്ടി സ്ഥിതിസംഹാരകർത്താവായി, പ്രതാപാമേയനായി, മനുഷ്യദൃഷ്ടിക്കഗോചരനായും ബുദ്ധിക്കപ്രാപ്യനായും സ്ഥിതി ചെയ്യുന്നു. എന്നാൽ, അവിടുന്നു തൻെറ ദിവ്യചൈതന്യത്തെ, കണ്ണാടിയിലെന്നതുപോലെ പ്രപഞ്ചത്തിൽ ഒരു വിധം പ്രതിഫലിപ്പിച്ചിരിക്കുന്നു. കൂടാതെ, മേഘത്തിനുള്ളിൽ മറഞ്ഞുനിന്നുകൊണ്ടും പ്രവാചകന്മാരിൽകൂടിയും മനുഷ്യനെ നയിക്കയും, അദൃശ്യനായി അവരോടു സംസാരിക്കയും ചെയ്തിട്ടുണ്ട്. മാത്രമല്ല, കാലങ്ങളുടെ പൂർണ്ണതയിൽ അവിടുന്നു സ്വയം താഴ്ന്നു മനുഷ്യരുടെ പക്കലേക്കു നേരിട്ടിറങ്ങി, മനുഷ്യൻതന്നെ ആയിതീർന്നു. അത്രയുമല്ല, മനുഷ്യനെ ഉയർത്തി അവനെ തൻെറ സജീവാലയമാക്കിച്ചമച്ച് അവനിൽ വസിക്കയും, ശിഖരം തായ്ത്തടിയോടെന്നവണ്ണം മനുഷ്യനെ തന്നോടൊന്നിപ്പിച്ച്, അവനെ ഒരു വിധത്തിൽ ദൈവമാക്കിത്തീർക്കയും ചെയ്തു. ഓ! ദൈവത്തിൻെറ സ്നേഹപാരമ്യം! മാലാഖാമാർക്ക് ഊഹിക്കാൻപോലും കഴിവില്ലാതിരുന്ന അനന്തകാരുണ്യം! അതെ, മറഞ്ഞിരുന്ന പിതാവായ ദൈവം സ്രഷ്ടാവെന്ന നിലയിൽ പ്രകൃതിയിൽ പ്രത്യക്ഷനായി. പുത്രനായ ദൈവം രക്ഷകനെന്ന നിലയിൽ മനുഷ്യാവതാരം വഴിയായും, പരിശുദ്ധാത്മാവായ ദൈവം ശുദ്ധീകരിക്കുന്നവനെന്നനിലയിൽ

തൻെറ ആഗമനം വഴിയായും ഭൂമിയിലേക്കിറങ്ങി. സൃഷ്ടിയെ ഉയൎത്തി. സ്രഷ്ടാവിനോടൊന്നിപ്പിച്ചു. ദൈവം— നമ്മിൽ.

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും, അതിൻെറ ക്രമാനുഗതമായ വികസനവുമാണ് ഈ ലഘുകൃതിയിലെ പ്രതിപാദ്യവിഷയം. ഏക ദൈവത്തിൻെറ തന്നിൽത്തന്നെയുള്ള അസ്തിത്വം ഇതിൻെറ പൂർവഭാഗത്തും, തൻെറ കനിവേറിയ ആഗമനങ്ങളും നമ്മിലുള്ള നിവാസവും ഉത്തരഭാഗത്തും ചുരുക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ സ്രഷ്ടാവും പരിത്രാതാവും പവിത്രീകരനും ആരംഭവും അവസാനവും സർവസ്വവുമായ പരിശുദ്ധത്രിത്വത്തിൻെറ നേക്കുള്ള ഭക്തി പൂർവ്വാധികം നമ്മിൽ വൎദ്ധിക്കുവാൻ എൻെറ എളിയ ശ്രമം അല്പമെങ്കിലും സഹായിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു. "The Most Blessed Trinity" "God Within us" എന്നീ പുസ്തകങ്ങൾ ഇതിൻെറ രചനയിൽ എനിക്കു സഹായമായിട്ടുണ്ട്.

കയ്യെഴുത്തുപ്രതി സദയം പരിശോധിച്ച് വേണ്ട തിരുത്തലുകൾ ചെയ്തുതന്ന ബ. തോമ്മസ് കൊച്ചുമ്യാലുങ്കനാൽ അവർകളോട് എനിക്കുള്ള കൃതജ്ഞതയേയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫാദർ മാത്യു ആലക്കളം.

# ദൈവം— നമ്മിൽ

## 1 ദൈവത്തിൻെറ അസ്തിത്വം.

"ദൈവം ഉണ്ടോ" എന്നുള്ളതല്ല, "ഉള്ളദൈവ" മാണ് പ്രതിപാദനാവിഷയം. ദൈവം എന്താകുന്നു എന്ന്, യഥാൎത്ഥമായി പറവാനൊ ഗ്രഹിപ്പാനൊ മനുഷ്യന് കഴിവില്ല. ദൈവത്തേയും അവിടത്തെ ലക്ഷണങ്ങളേയും ശരിയായി അറിയുന്നത് "ദൈവവചന"വും, ശരിയായി സ്നേഹിക്കുന്നത് "ശുദ്ധമനസ്സ്"ഉം മാത്രമാകുന്നു. "ദൈവത്തെ സംബന്ധിച്ചവ ദൈവം മാത്രമെ ശരിയായി അറിയുന്നുള്ളു" എന്ന് വി. പൌലോസ് എഴുതിയിരിക്കുന്നു. "ദൈവത്തെക്കുറിച്ചു ഞാൻ ചിന്തിക്കുന്തോറും, ആ വിഷയം ഒന്നിനൊന്നിന് അഗാധവും ഇരുളടഞ്ഞതുമായി ഞാൻ കാണുന്നു," എന്നാണ് ഒരു പ്രാചീന പണ്ഡിതനായ സിമോനിദാസ് പറഞ്ഞിരിക്കുന്നത്. സൎവ്വകാരണമായും, സ്വയംഭൂവായും, ആത്മസ്വരൂപനായും സൎവ്വവ്യാപിയായുമിരിക്കുന്ന അനന്തശക്തിയെന്നല്ലാതെ, ദൈവം എന്ത് എന്നു വിശകലനം ചെയ്യാനൊ നിൎണ്ണയിപ്പാനൊ സൃഷ്ടബുദ്ധിക്കു ശക്യമല്ല.

ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നും, പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിങ്ങനെ അറിയപ്പെടുന്ന മൂവൎക്കും ഒരേ സ്വഭാവംതന്നെ ആകയാൽ, ദൈവം ഏ

കനാകുന്നുവെന്നും വെളിപാടിനെ ആധാരമാക്കി നാം വിശ്വസിക്കുന്നു. പുത്രൻ പിതാവിൽനിന്നു ജനിച്ചവൻ–താനെ നില്ക്കുന്നവൻ– എങ്കിലും പിതാവിൽ സ്ഥിതി ചെയ്യുന്നു. സ്വഭാവത്തിൽ അവിടുത്തോടു തുല്യനും ഏകനുംതന്നേ. പരിശുദ്ധാത്മാവാകട്ടെ പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെടുന്നു– താനേനില്ക്കുന്നു– എങ്കിലും അതേസമയം പിതാവിലും പുത്രനിലും കൂടി നില്ക്കുന്നു. സ്വഭാവത്തിൽ അവരോടു തുല്യനും, ഏകനും ആയിരിക്കയും ചെയ്യുന്നു. പിതാവിൽനിന്നു പുത്രൻ ജനിക്കയും, അവരിരുവരിൽനിന്നു പരിശുദ്ധാത്മാവു പുറപ്പെടുകയും ചെയ്യുന്നുവെങ്കിലും ഇവരിൽ മുമ്പനും പിമ്പനുമില്ല; വലിയവനും ചെറിയവനുമില്ല; മൂത്തവനും ഇളയവനുമില്ല. സകലത്തിലും മൂവരും ഒന്നുപോലെ. തമ്മിൽ ഭേദമില്ല. സാരാംശം ചിന്തിച്ചാലും ആളത്തം ആലോചിച്ചാലും, അജ്ഞേയങ്ങളും അപ്രാപ്യങ്ങളുമായ രഹസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഓ! ദൈവബോധജ്ഞാനസമ്പത്തിന്റെ അത്യഗാധമെ! നിന്റെ വഴികൾ ആർ കണ്ടുപിടിക്കും? ദൈവം ഏകനാകുന്നുവെന്നും എന്നാൽ ദൈവത്തിൽ വെവ്വേറെയായ മൂന്നാളുകൾ ഉണ്ടെന്നും മാത്രമല്ലാതെ, തന്റെ അസ്തിത്വം, ത്രിത്വൈകാവസ്ഥ, മറ്റു ലക്ഷണങ്ങൾ ആദിയായവയൊന്നും പൂർണ്ണമായി ദൈവം നമുക്കു വെളിപ്പെടുത്തിയിട്ടില്ല. വെളിപ്പെടുത്തപ്പെട്ടിട്ടുള്ളിടത്തോളം നാം വിശ്വസിക്കുകയും, തദനുസാരംതന്നെ ആരാധിക്കയും ചെയ്യണമെന്ന് അവിടുന്ന് തിരുമനസ്സായിരിക്കുന്നു.

## 2 ദൈവലക്ഷണങ്ങൾ

സ്വയംഭൂ, നിത്യൻ, അനന്തൻ, അരൂപി, സർവ്വവ്യാപി, സർവ്വശക്തൻ.

സ്വയംഭൂ. ശൂന്യാവസ്ഥയിൽനിന്നും പരാശ്രയംകൂടാതെ യാതൊന്നും ഭാവാവസ്ഥയിൽ എത്തുന്നില്ല. ഒന്നിൻെറ കാരണമായി മറെറാന്നുണ്ടായേതീരൂ. ഈ കാര്യകാരണ ശൃംഖല എത്രതന്നെ ദീർഘിച്ചാലും, ഒടുവിൽ സ്വയംസ്ഥിതിചെയ്യുന്ന ഒരു കാരണത്തിൽ എത്തിയേ തീരൂ. മറെറല്ലാററിൻെറയും ആദികാരണമായും സ്രഷ്ടാവായും, നിത്യനായും സർവ്വശക്തനായും സർവ്വനന്മയായും സ്ഥിതിചെയ്യുന്ന ആ പരമസത്തയെ ആണ് ദൈവം എന്നു നാം വിവക്ഷിക്കുന്നത്. ആകയാൽ അവിടുന്നു സ്വയംഭൂ അഥവാ തന്നാൽ താനാകുന്നു.

നിത്യൻ. സ്വയംഭൂ എന്ന ന്യായത്താൽതന്നേ ദൈവം അനാദ്യൻ അഥവാ നിത്യൻ ആയിരിക്കണം. ഭൂതഭാവികാലങ്ങൾ തനിക്കില്ല. എല്ലാം വർത്തമാനമായ ലയമില്ലാത്ത നിലയിൽ തൻെറ മുമ്പിൽ പ്രത്യക്ഷമായിരിക്കുന്നു. നിത്യനാകയാൽ അവിടുന്ന് അഭേദ്യനും നിർവികാരനുമത്രേ. ദൈവം ദുഃഖിച്ചു അനുഗ്രഹിച്ചു കോപിച്ചു എന്നിപ്രകാരം നാം പറയുന്നതു്, മനുഷ്യബുദ്ധിക്കു ഗ്രാഹ്യമാകുന്നതിനുള്ള സാധാരണ ഭാഷാപ്രയോഗമാകുന്നു.

അനന്തൻ. ആദിയും അവസാനവുമില്ലാത്ത അളവററ പരിപൂർണ്ണതയും, അതിരററ സമ്പത്തും അപരിമിത നന്മയുമാകുന്നു ദൈവം. ആകാശത്തിലും ഭൂമിയിലും സർവലോകങ്ങളിലും ഉണ്ടായവയും, ഇപ്പോഴുള്ളവയും, ഇനിയുണ്ടാകുവാനിരിക്കുന്നവയും, ഉണ്ടാകുവാൻ പാടുള്ളവയു

മായ സകല സാധനഗുണങ്ങളും പരിപൂർണ്ണതയും, അപരിമിതമായ വിധത്തിൽ ദൈവത്തിൽ സ്ഥിതിചെയ്യുന്നു.

അരൂപി. അരൂപികളായ മാലാഖാമാരിൽപോലും, വസ്തുഗുണങ്ങൾ തമ്മിൽ വിഭിന്നതയും അവസ്ഥാന്തരങ്ങളുമുണ്ട്. ദൈവത്തിൽ ഇതൊന്നുമില്ല. അവിടുന്നു സർവ്വഥാ അഖണ്ഡനും പരിപൂർണ്ണമായ അരൂപിയുമാകുന്നു. ദൈവത്തിൽ എല്ലാ ഗുണങ്ങളും ഓരോ ഗുണവും അനന്തമായിട്ടുണ്ടെങ്കിലും, അവതമ്മിൽ ഭിന്നതയില്ല. ഗുണങ്ങളെല്ലാം ഏകവസ്തുവായും, നിർഗ്ഗുണമായ ആ പരമവസ്തു സർവ്വഗുണങ്ങളായുമിരിക്കുന്നു.

സർവ്വവ്യാപി. സർവവസ്തുക്കളും തന്നിൽ സ്ഥിതിചെയ്കയും, അവയുടെ വസ്തുതയും അസ്തിത്വംതന്നെയും ദൈവത്തെ പരിപൂർണ്ണമായി ആശ്രയിച്ചിരിക്കയും ചെയ്യുന്നു. എങ്കിലും അവിടുന്ന് പൂർണ്ണസ്വതന്ത്രനായി, വസ്തുക്കളോടു ഒരു പ്രകാരേണയും ബദ്ധനാകാതെ അവയിലെല്ലാം സന്നിധി ചെയ്യുന്നു. എല്ലാ സ്ഥലത്തും വസ്തുവിലും താൻ വ്യാപിച്ചിരിക്കുന്നു. "നാം അവനിൽ ജീവിക്കുന്നു, ചരിക്കുന്നു, സ്ഥിതിചെയ്യുന്നു" എന്നാണല്ലൊ അപ്പസ്തോലൻ എഴുതിയിരിക്കുന്നത്.

സർവ്വശക്തൻ. ശൂന്യാവസ്ഥയിൽനിന്നും ഒരു വസ്തു ഉത്ഭവിപ്പിക്കുന്നതിന് അപരിമിതമായ ശക്തി ആവശ്യമായിരിക്കുന്നു. സർവ്വചരാചരങ്ങളെയും ദൈവം ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചു. എല്ലാം ഇല്ലാതാക്കാനും അവിടുത്തേക്കു കഴിയും. ഇനിയും തന്റെ അനന്തജ്ഞാനത്തിന് ദർശിപ്പാൻ പാടുള്ളതെല്ലാം തൽക്ഷണം നിർമ്മിക്കാൻ താൻ ശക്തനുമാണ്. തന്റെ ഗുണങ്ങൾ ഓരോന്നും അ

പരിമിതമാകയാൽ ശക്തിയും അപ്രകാരംതന്നേ– താൻ സർവശക്തനാകുന്നു.

## 3 ദൈവലക്ഷണങ്ങൾ, (തുടർച്ച)

### സ്നേഹം– കരുണ– സത്യം, നീതി– വിശുദ്ധി– പരിപാലന.

സ്നേഹം. "ദൈവം സ്നേഹമാകുന്നു." എന്നു് വി. യോഹന്നാൻ നമ്മോടു പറയുന്നു. മനുഷ്യനിലുള്ള സ്നേഹം ദൈവസ്നേഹത്തിന്റെ നിഴലും പൊരിയുമാകുന്നു. ദൈവം അനന്തനാകയാൽ തന്റെ സ്നേഹവും അനന്തമത്രേ. ഒരു വസ്തുമാത്രം ഉണ്ടായിരുന്നാൽ തന്റെ സ്നേഹം മുഴുവൻ അതിന്റെ നേക്കു പ്രവഹിക്കുമായിരുന്നതുപോലെ, ദൈവം താൻ സൃഷ്ടിച്ച ഓരോ വസ്തുവിനേയും അളവററ വിധം സ്നേഹിക്കുന്നു. ഹൃദയത്തിന്റെ സ്നേഹവിഷയം നന്മ അഥവാ സൌന്ദര്യ്യമാണല്ലോ. സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ കാണപ്പെടുന്ന സൌന്ദര്യ്യവും നന്മയുമെല്ലാം, നന്മയും അഴകുംതന്നെ ആകുന്ന ദൈവത്തിന്റെ പ്രതിഛായ ആകുന്നു. മനുഷ്യബുദ്ധിക്കു ഗ്രഹിക്കാവുന്നതും സങ്കല്പിക്കാവുന്നതുമായ ഏതു സൌന്ദര്യ്യത്തെയും മനോഹരതയേയും അപരിമിതമായി ഉല്ലംഘിക്കത്തക്കവണ്ണം, ദൈവം തന്നിൽത്തന്നെ അനന്തസൌന്ദര്യ്യവും നന്മയുമാകുന്നു.

കരുണ. സ്നേഹത്തിന്റെയും നന്മയുടേയും ഒരു അവസ്ഥാന്തരവും ഫലവുമാകുന്നു കരുണ. ദൈവത്തിന്റെ നന്മ അനന്തമാകയാൽ അവിടുത്തെ കരുണയും നിസ്സീമമാകുന്നു. "അവന്റെ കൃപയ്ക്കു അതിരില്ല" എന്നു ദീർഘദർശി.

സത്യം, നീതി, അപ്രകാരംതന്നെ, ദൈവം അപ

രിമിതനാകയാൽ അവിടുത്തെ സത്യവും നീതിയും അതിരററതാകുന്നു. തന്നെ സ്നേഹിക്കുന്നവൎക്ക് ദൈവത്തിന്റെ നീതി നിത്യസമ്മാനം വാഗ്ദാനം ചെയ്യുന്നതുപോലെതന്നെ, തന്നെ സ്നേഹിക്കാത്തവൎക്ക് നിത്യശിക്ഷയും കല്പിച്ചിരിക്കുന്നു. അവിടുന്ന് അപരിമിത സത്യമാകയാൽ വഞ്ചിപ്പാനൊ വഞ്ചിക്കപ്പെടാനൊ വഹിയാ. ആകയാൽ ദൈവം എന്തെങ്കിലും വെളിപ്പെടുത്തിയാൽ, അതിൽ അബദ്ധമൊ ചതിയൊ ഉണ്ടായിരിപ്പാൻ പാടില്ല. ഈ ന്യായത്താലാകുന്നു ദൈവവെളിപാടുകൾ നാം വിശ്വസിക്കുന്നത്. നമ്മുടെ മതത്തിന്റെ അചഞ്ചലമായ അടിസ്ഥാനം ദൈവത്തിന്റെ സത്യവത്വമാകുന്നു.

<u>വിശുദ്ധി</u> സത്യത്തിന്റെയും നീതിയുടേയും സമ്മേളനഫലമായ ഒരു ഗുണവിശേഷമാകുന്നു വിശുദ്ധി. ദൈവം അനന്തസത്യവും നീതിയുമാകയാൽ അവിടുന്ന് അനന്ത വിശുദ്ധിയുമത്രെ. ആകാശങ്ങളുടെ ആകാശങ്ങൾക്കു അവിടുത്തെ കൈക്കൊള്ളുവാൻ യോഗ്യത പോരാ. മാലാഖാമാരുടെ നൈൎമ്മല്യം ദൈവത്തിന്റെ മുമ്പാകെ ഒന്നുമില്ല. ദൈവദൂതവൃന്ദങ്ങൾ ദൈവസന്നിധിയിൽ മുഖം മറച്ചും ഞെടുഞെടുങ്ങി വിറച്ചുംകൊണ്ടു, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു ചൊല്ലി ഇടവിടാതെ അവിടുത്തെ സ്തുതിച്ചാരാധിക്കുന്നു

<u>പരിപാലന.</u> ദൈവം സ്രഷ്ടാവു മാത്രമല്ല പരിപാലകനുമായിരിക്കുന്നു. യാതൊരു സാധനം ദൈവം അതിനു നല്കിയ അസ്തിത്വത്തിൽ നിലനില്ക്കണമെങ്കിൽ, ദൈവംതന്നെ ആ സ്ഥിതിയിൽ അതിനെ സംരക്ഷിച്ചേ മതിയാവൂ. മാത്രമല്ല, എല്ലാം തന്റെ ഏററം വലിയ

സ്തുതിക്കായി നിൎമ്മിതങ്ങളാകയാൽ, ആ പരമനായ സിദ്ധി കക ഉതകത്തക്കവിധത്തിൽ, ഓരോന്നിനേയും എല്ലാററിനേയും യഥാക്രമം അവിടുന്നു ഭരിച്ചു നിയന്ത്രിച്ച് പരിപാലിച്ചുകൊണ്ടാണിരിക്കുന്നതു്. ഒരു പിതാവു തൻെറ മക്കളെ എന്നതിനേക്കാൾ നിരുപമമായി ദൈവം തൻെറ ഓരോ സൃഷ്ടിയേയും സ്നേഹിക്കയും പരിരക്ഷിക്കയും ചെയ്യുന്നു. സാക്ഷാൽ പിതാവ് ഒരാൾ മാത്രമേയുള്ളു. അതു ദൈവമത്രേ. ആ സ്വൎഗ്ഗീയപിതാവിൻെറ അറിവൊ അനുമതിയൊ കൂടാതെ നമ്മെ സംബന്ധിച്ചു യാതൊന്നും സംഭവിക്കുന്നില്ല. ഒരേഒരു സാധനം മാത്രമുണ്ടായിരുന്നാലെന്നവണ്ണം അത്ര ശ്രദ്ധയോടുകൂടി ഓരോന്നിനേയും എല്ലാററിനേയും സൎവ്വവ്യാപകനായി താൻ പരിപാലിക്കുന്നു. "ഇതാ ഞാൻ നിന്നെ എൻെറ ഉള്ളങ്കൈയ്യിൽ വഹിച്ചിരിക്കുന്നു" എന്ന് ഏശയ്യാ വഴി അവിടുന്നു അരുളിച്ചെയ്തിട്ടുണ്ട്. വിസ്മയനീയവും സൎവ്വശക്തവും, കരുണാസമ്പൂൎണ്ണവും അനന്തസ്നേഹാൎദ്രവുമായ സ്വൎഗ്ഗീയ പിതാവിൻെറ പരിപാലനയെപ്പററി സഗാഢം ചിന്തിച്ചാൽ, എത്രയും വലിയ ധൈൎയ്യവും ആശ്വാസവും ആനന്ദവും നമ്മിൽ ഉളവാകും.

## 4 ദൈവത്തിൻെറ ഏകത്വവും ത്രിത്വവും

നമ്മുടെ മതത്തിലെ വിശ്വാസസത്യങ്ങളുടെ കൂട്ടത്തിൽ ഏററവും ആഴമേറിയതും അഗ്രാഹ്യവുമാകുന്നു പരിശുദ്ധ തമത്രിത്വത്തിൻെറ രഹസ്യം. നിത്യരക്ഷ പ്രാപിപ്പാൻ അവശ്യം വിശ്വസിക്കേണ്ട സത്യങ്ങളിലൊന്നാകുന്നു ദൈവത്തിൻെറ ഏകത്വവും ത്രിത്വവും. പഴയ നിയമകാലത്ത് ... 

സ്യം ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നിരിക്കണം. എങ്കിലും, പാപഫലമായി മനുഷ്യബുദ്ധി അന്ധമായതോടെ മനുഷ്യവർഗ്ഗം ഏക ദൈവാരാധനയിൽനിന്ന് വ്യതിചലിച്ച് സൂര്യചന്ദ്രാദി സൃഷ്ടങ്ങളെപ്പോലും ആരാധിച്ചു തുടങ്ങി. കാലക്രമേണ പഴയനിയമത്തിൽ ഇസ്രായേൽ ജനത്തിന് പ. ത്രീത്വത്തിൻെറ സൂചന ദൈവം വീണ്ടും നല്കി. "കർത്താവിൻെറ വചനം ആകാശങ്ങളെ നിർമ്മിച്ചു. തൻെറ അരൂപി അവയുടെ ശക്തിയേയും" എന്നു സങ്കീർത്തനത്തിൽ പറയുന്നു. പുതിയ നിയമത്തിൽ പലേ ഭാഗങ്ങളിലും ഈ രഹസ്യം പരസ്യമാക്കപ്പെട്ടിട്ടുണ്ട്. അവതീർണ്ണനായ ദൈവംതന്നെഇതിനെപ്പററി സ്പഷ്ടമായി പ്രസ്താവിച്ചു. അവിടന്നു പറയുന്നു. "പിതാവും ഞാനും ഒന്നാകുന്നു." "പിതാവിൽനിന്നും ഞാനയയ്ക്കാനിരിക്കുന്ന എൻെറ അരൂപി." "സാക്ഷിനല്കുന്നവർ സ്വർഗ്ഗത്തിൽ മൂവരാണ്. പിതാവും, പുത്രനും, പരിശുദ്ധാത്മാവും. ഇവർ മൂവരും ഒന്നുതന്നെ." "നിങ്ങൾപോയി സകല ജാതികളേയും പഠിപ്പിച്ച് പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ." യോർദാൻ നദീതീരത്തുവച്ചും പ. ത്രീത്വരഹസ്യം വെളിപ്പെടുത്തപ്പെട്ടു

കൂടാതെ ഓർമ്മ, ബുദ്ധി, മനസ്സ് എന്നീ മൂന്നു ശക്തികളോടുകൂടി അരൂപിയും സ്വതന്ത്രവുമായ നമ്മുടെ ആത്മാവിൽ, പ. ത്രിത്വത്തിൻെറ ഛായയും സാദൃശ്യവും ദൈവം പതിച്ചിരിക്കുന്നു. ആദത്തെ സൃഷ്ടിക്കുന്നതിനുമുമ്പ് "നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" എന്നും, സൃഷ്ടിച്ചശേഷം, "കണ്ടാലും! ആദം നമ്മിലൊരാളെപ്പോലെ ആയി തീർന്നിരിക്കുന്നു" എന്നും

ദൈവം കല്പിച്ചരുളി. ചരാചരങ്ങളായ ഇതര സൃഷ്ടങ്ങളിൽ തന്നേയും പ. ത്രീത്വത്തിൻെറ ഛായ വിവിധരൂപങ്ങളിൽ കാണാനുണ്ട്. തിരുസ്സഭയിലേ വിശ്വാസപ്രമാണങ്ങളിലും ആചാരക്രമങ്ങളിലും മതാനുഷ്ഠാനങ്ങളിലുമെല്ലാം, പ. ത്രിത്വത്തിൻെറ സ്മരണ എപ്പോഴും അനുഭവമായിരിക്കുന്നു.

## 5 പുത്രൻെറ ജനനം

ഏതു ഭാഷയിലും പിതാവ് എന്ന പദത്തെക്കാൾ അർത്ഥസംപുഷ്ടമായ വേറെ പദം ഉണ്ടോ എന്നു സംശയമാണ്. ഈ പദം ബുദ്ധിയേയും മനസ്സിനേയും ഒന്നുപോലെ സ്പർശിക്കുന്നു. ലൌകിക പിതാക്കൾക്കും പുറമെ, സർവ്വചരാചരങ്ങളുടേയും ഉള്ളായ്മക്കും പ്രവർത്തനത്തിനും നിലനില്പിനും മൂലവും നിദാനവുമായ ഒരു സ്വർഗ്ഗീയ പിതാവുണ്ടെന്നും, സകല പിതൃത്വത്തിൻേറയും ഉത്ഭവം അവനിലാകുന്നുവെന്നും വെളിപാടും, വിശ്വാസവും സുവിശേഷവും നമ്മെ ഉൽബോധിപ്പിക്കുന്നു. സർവ്വത്തിൻേറയും സൃഷ്ടി സ്ഥിതിസംഹാരകനെന്നനിലയിൽ ദൈവമാകുന്ന ഈ പൊതുപിതാവ്. എന്നു വരികിലും, പ. ത്രിത്വത്തിലെ ഒന്നാമത്തെ ആളിനെയാണ് ഈ സംജ്ഞ കൊണ്ട് വിശേഷവിധിയായി നാം ഉദ്ദേശിക്കുന്നതും സംബോധന ചെയ്യുന്നതും. ഇതിനുള്ള ന്യായങ്ങളെപററി നമുക്കല്പം ചിന്തിക്കാം.

ലോകമുറയ്ക്കു യാതൊരാൾ ഒരു കുഞ്ഞിനെ ജനിപ്പിക്കുമ്പോൾ ആ പ്രവൃത്തിയാൽ ആ ആൾ ആ കുഞ്ഞിൻെറ ജനകൻ— ആയിത്തീരുന്നു. അതായത് ഒരാൾ തൻെറ ഒരംശം പ്രദാനം ചെയ്തുകൊണ്ട് വേറൊരാളിന്

അസ്തിത്വം നല്കുന്നു. അസ്തിത്വം പ്രാപിച്ചവനെ ആത്മജൻ– എന്നു വിളിക്കുന്നു. ഇവർ തമ്മിൽ വ്യത്യസ്തരത്രേ. എങ്കിലും അഭേദ്യവും സാരാംശപരവുമായ പരസ്പരബന്ധമുണ്ട്. ഇവരുടെ വ്യക്തിത്വവും സ്വഭാവവും വെവ്വേറെ. എങ്കിലും ഇരുവൎക്കും ഒരേ മനുഷ്യസ്വഭാവം. ഒരാൾ കൊടുത്തവൻ. മറെറ ആൾ കൊണ്ടവൻ. മുഴുവനംന്ത ഠംശവും.

ദൈവം സാരാംശത്തിൽ– കാതലിൽ– സ്വഭാവത്തിൽ– ഏകനാകുന്നുവെന്നും, എന്നാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ വെവ്വേറേ ആയ മൂന്നാളുകൾ ഉണ്ടെന്നും, പിതാവു സാക്ഷാൽ ജനകനാണെന്നും പുത്രൻ പിതാവിൽനിന്നും പിതാവിനാൽ ജനിപ്പിക്കപ്പെട്ട സാക്ഷാൽ പുത്രനാണെന്നും, പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെട്ട വിഭിന്നനായ ആളാണെന്നും നമുക്കു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ആളത്തമെന്നും സ്വഭാവമെന്നുമുള്ളതു് തമ്മിൽ വ്യത്യസ്തങ്ങളാകയാൽ, ഒരേ സ്വഭാവത്തിൽ വെവ്വേറെയായ മൂന്നാളുകൾ ഉണ്ടായിരിക്കുന്നതു യുക്തിവിരുദ്ധവുമല്ല. നമ്മുടെ മാനുഷിക ബുദ്ധിയും അനുഭവവും വെളിപാടുകളും ഒന്നിച്ചുവച്ചാലോചിക്കുമ്പോൾ താഴെ പറയുംപ്രകാരമുള്ള നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

"ദൈവമായ പിതാവും പുത്രനും തമ്മിൽ കൊടുത്തവനും വാങ്ങിയവനുമെന്നുമുള്ള ബന്ധമുണ്ട്. കൊടുക്കുക, വാങ്ങുക എന്നുള്ളതു് ആളിന്നടുത്ത പ്രവൃത്തികളാകയാൽ പിതാവും പുത്രനും വെവ്വേറെ ആളുകളായിരിക്കണം. മാനുഷിക പിതാവ് തന്നിൽതന്നെ നിന്ന് മതിയായ ഒരംശം നല്കികൊണ്ട് സ്വപുത്രൻെറ ജനകനായിതീരുന്നു. എന്നാൽ ദൈവം ആത്മാവും അവിഭാജ്യനുമാ

കയാൽ, താൻ കൊടുക്കുമ്പോൾ തന്നിൽനിന്നും തൻെറ
ഒരംശമല്ല, തന്നെത്തന്നെ മുഴുവനായി കൊടുത്തുതീരു.
ആകയാൽ സാരാംശത്തിനും കാതലിനും സ്വഭാവത്തിനു
മടുത്ത വിധത്തിൽ പിതാവും പുത്രനും തുല്യരാകുന്നു. ഒന്നു
തന്നെയുമാകുന്നു. അനന്തനായ ജനകൻ അനന്തനായ ത
നയനെ ജനിപ്പിച്ചു. സ്വയംഭൂവായ പിതാവിൽ നിന്നും
സ്വയംഭൂവായ പുത്രൻ പിറന്നു. പിതാവ് അവിഭാജ്യൻ,
പുത്രനും അപ്രകാരംതന്നെ. നിത്യനായ പിതാവിൽനിന്ന്
നിത്യനായ പുത്രൻ നിത്യനായ് ജനിച്ചു. മാനുഷികപി
താവാകട്ടെ, കാലത്തിനടുത്തവിധത്തിൽ തൻെറ പരിമി
തമായ അസ്തിത്വത്തിൽനിന്ന് സ്വപുത്രന് പരിമിതമായ
അസ്തിത്വംമാത്രം നല്കുന്നു.”

“മാത്രമല്ല, ദൈവത്തിൽ സമസ്തവും ഒന്നും ഒന്നി
ച്ചുമാകുന്നു. ആകയാൽ, പുത്രനെ പിതാവ് നിത്യംമുതൽ
അതായത് തൻെറ ഉള്ളായ്മയോടുകൂടി ജനിപ്പിച്ചിരിക്കു
കൊണ്ട് തൻെറ പിതൃത്വം ആരംഭമില്ലാത്തതും— താൻ
നിത്യപിതാവും,— പുത്രനെ ജനിപ്പിച്ചുവെന്ന ന്യായത്താൽ
തന്നെ, പ. ത്രീത്വത്തിലെ മററാളുകളിൽനിന്നും വേർതി
രിഞ്ഞ ആളും ഒന്നാമത്തെ ആളും ആകുന്നു. ഒരു മനുഷ്യ
ന് പിതൃത്വമില്ലെങ്കിലും പ്രത്യേക വ്യക്തി ആയിരിപ്പാൻ
കഴിയും. ദൈവപിതാവിനാകട്ടെ പിതൃത്വം നിമിത്തമാ
ണ് പുരുഷവ്യക്തിത്വം ഉണ്ടായത്, ദൈവപുത്രജനന
ത്തിൽ ദൈവസ്വഭാവത്തിൻെറ കൊടുക്കലും കൊള്ളലും
ഏക പ്രവൃത്തിയാകുന്നു. ദൈവം ബുദ്ധി മനസ്സ് എന്നീ
ശക്തികളോടുകൂടിയ ആത്മസ്വരൂപനാകയാൽ ഈ കൊ
ടുക്കൽവാങ്ങൽ കേവലം ആന്തരികവും മാനസികവുമായ
പ്രവൃത്തികളായിരിക്കണം.”

ദൈവബുദ്ധിയുടെ ആന്തരികപ്രവൃത്തിയായ ആത്മജ്ഞാനം വഴിയായിട്ടാണ് പുത്രജനനം നടക്കുന്നതെന്ന് വേദശാസ്ത്രികൾ പഠിപ്പിക്കുന്നു. ഏതെങ്കിലും ഒരു സാധനത്തെക്കുറിച്ച് എനിക്ക് ഒരു ധാരണയുണ്ടാകുമ്പോൾ ആ വസ്തുവിന് എന്റെ ബുദ്ധിയിൽ ഒരു പുതിയ അസ്തിത്വം ഉണ്ടാകുന്നു. ദൈവത്തിന്റെ അറിവാകട്ടെ പുറത്തുനിന്നല്ല ഉണ്ടാകുന്നത്. തന്നിൽനിന്നു തന്നെയാണ്. തന്നിൽ കാതലും സ്വഭാവവും ബുദ്ധിയും മനസ്സും കർമ്മവുമെല്ലാം ഒന്നുതന്നെ ആയിരിക്കുന്ന ദൈവം തന്നെത്തന്നെ ഗ്രഹിച്ചപ്പോൾ, തന്റെ ഒരു പ്രതിരൂപം— തനിരൂപം— തന്നിൽതന്നെ ഉത്ഭവിച്ചു. ബുദ്ധിയുടെ ധാരണയ്ക്കു തത്വശാസ്ത്രികൾ "വചനം" എന്നു പേർ പറയുന്നു. അതായതു ദൈവം തന്നെത്തന്നെ ഗ്രഹിച്ചതു ദൈവവചനമാകുന്നു. ഇതത്രേ "വചനം ആദിയിലേ ദൈവത്തിങ്കലുണ്ടായിരുന്നു. വചനം ദൈവമായിരുന്നു." എന്നു വി. യോഹന്നാൻ സാക്ഷിച്ചിരിക്കുന്ന പുത്രൻതമ്പുരാൻ. എന്നാൽ ഞാനൊരു വസ്തുവിനെ അറിയുമ്പോൾ അതിന്റെ ഒരു രൂപമാണ് നവമായി എന്നിൽ അസ്തിത്വമെടുക്കുന്നതു്. ദൈവമാകട്ടെ തന്നെത്തന്നെ ഗ്രഹിക്കുമ്പോൾ, തന്റെ കേവലം രൂപമല്ല, പ്രത്യുത തന്റെ സാരാംശം— കാതൽ, സ്വഭാവമാണ് സ്വത്വംപ്രാപിക്കുന്നതു്. എന്നാൽ കൊടുത്തവൻ, കൊണ്ടവൻ- ധരിച്ചവൻ, ധരിക്കപ്പെട്ടവൻ— ജനകൻ, ജനിച്ചവൻ എന്നീ സ്ഥിതിവ്യത്യാസങ്ങൾ ഉണ്ടായിരിക്കയും ചെയ്യുന്നു.

ഇങ്ങനെ പ. ത്രിത്വരഹസ്യം നമ്മുടെ ബുദ്ധിശക്തിക്ക് അനനുയോജ്യമല്ലെന്നു വരികിലും, അതിന്റെ യഥാർത്ഥത്വം മനുഷ്യബുദ്ധിയുടെ സാധാരണവെളിച്ചത്തി

നതീതമാകയാൽ വെളിപാടിനെ മുറുകിപ്പിടിക്കയത്രെ ഒരു വിശ്വാസിയുടെ കർത്തവ്യം.

## 6 പിതാവിൻെറ ആത്മദർശന വ്യാപ്തി.

മേൽ പ്രസ്താവിച്ചതുപോലെ പിതാവ് തൻെറ ആത്മജ്ഞാനമാകുന്ന ഏക പ്രവൃത്തിയിൽ സമസ്തവും ഒരുമിച്ചു കണ്ടു. ആദ്യമായി ദൈവത്തിൻെറ സ്വഭാവം, ദൈവത്തിലുള്ള ആളുകൾ, തത്സംബന്ധമായ സമസ്തവും; തുടന്ന്, അതേ ദൈവത്വം പുറമെ പകൎത്തപ്പെടുന്നതും പകൎത്തപ്പെടാവുന്നതുമായ വിധങ്ങൾ, അതായതു, ദൈവത്തിൽ ആന്തരികമായുള്ളവയും പുറമെ സൃഷ്ടഗണത്തിൽ പെട്ടവയുമായ സകലതും ആത്മജ്ഞാനമാകുന്ന നിത്യവചനത്തിൽ പ്രത്യക്ഷമായി. "സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടു. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമെല്ലാം. സിംഹാസനങ്ങളാകട്ടെ കർതൃത്വങ്ങളാകട്ടെ, പ്രഭുത്വങ്ങളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവൻ വഴിയായും അവനിലും ഉണ്ടായി. അവൻ സകലത്തിനും മുമ്പേയുള്ളവനാകുന്നു. സകലവും അവനിൽ നിലനില്ക്കുന്നു" (കൊല. 1- 16.) അതെ, ഉണ്ടായവയും ഉണ്ടാകുവാനിരിക്കുന്നവയും ഉണ്ടാകുവാൻ പാടുള്ളവയുമായ എല്ലാം, നിത്യങ്ങളാകട്ടെ കാലികങ്ങളാകട്ടെ അതിൻെറ സകല സാഹചര്യങ്ങളോടുകൂടി പിതാവു പുത്രനിൽ നിദർശനം ചെയ്തു. പ്രഥമദർശനത്താൽ നിത്യവചനമായ ദൈവപുത്രനെ ആന്തരികമായി ജനിപ്പിച്ചു. ദ്വിതീയദർശനത്താൽ ബാഹ്യസൃഷ്ടികൾക്ക് പുത്രനിലും പുത്രൻ വഴിയായും പ്ലാനിട്ടു. പ്രഥമ ദ്വിതീയ ദർശനങ്ങളെന്നു പറഞ്ഞതു് ക്രമത്തെയല്ലാതെ സമയത്തെ ഉദ്ദേശിച്ചല്ല.

സർവ്വസൃഷ്ടങ്ങളും ദൈവത്തിന്റെ നിഴൽ അഥവാ കൂടുതൽ കുറവായ പകർപ്പുകൾ എന്നവണ്ണം നിത്യവചനമായ പുത്രനിൽ പിതാവിനു പ്രത്യക്ഷമായി എന്നു പറയുന്നതും, സർവ്വസൃഷ്ടങ്ങളുടേയും ആദർശം അഥവാ മാതൃകയാണ് ദൈവവചനം എന്നു പറയുന്നതും അർത്ഥത്തിൽ ഒന്നുതന്നെ. അതായതു് പുത്രനെ അനുകരിച്ചത്രേ ബാഹ്യമായ സകലതും ഉണ്ടാകുന്നതു്. ആകയാൽ നമ്മുടെ അസ്തിത്വത്തിന്റെ ഉത്ഭവം ദൈവപുത്രന്റെ നിത്യാരംഭത്തിൽ നാം കാണുന്നു. രണ്ടു് ഒരേസമയത്തു പിതാവിനു പ്രത്യക്ഷമായി. ആതായതു് പുത്രൻ തൽക്ഷണം– നിത്യത്വത്തിൽ– അവശ്യം ജനനമെടുക്കുന്നതായും, ബാക്കിയെല്ലാം കാലയളവിൽ ദൈവത്തിന്റെ സ്വതന്ത്ര ദാനഫലമായും മററു പല സാഹചര്യങ്ങളെ ആശ്രയിച്ചും അസ്തിത്വം എടുക്കുന്നതൊ എടുക്കാവുന്നതൊ ആയിട്ടും. ആ പ്രകാരംതന്നേ, പുത്രന്റെ ജനനം പിതാവിൽനിന്നു മാത്രമാകുന്നുവെന്നും, ബാഹ്യവസ്തുക്കളുടെ ആവിർഭാവം ദൈവസ്വഭാവത്തിന്റെ പ്രവൃത്തി എന്ന നിലയിൽ ദൈവമായ മൂന്നാളുകൾക്കും പൊതുവായുള്ളതാണെന്നും പിതാവു ദർശിച്ചു ഒരു ശില്പി അവന്റെ ഭാവനയിൽ ഒരു സാധനത്തിന്റെ ആദർശം പ്രഥമതഃ രൂപീകരിക്കുന്നു. പിന്നീട് ആ ആദർശം ഒന്നുകിൽ ക്രമേണ പുറമെ സ്ഥലീകരിക്കപ്പെടുന്നു, അല്ലെങ്കിൽ കേവലം ഭവ്യമായി ശേഷിക്കുന്നു. ഇപ്രകാരംതന്നെ പുത്രൻ പിതാവിന്റെ ആദർശമായിരിക്കുന്നു. ബാഹ്യവസ്തുക്കൾ അതിന്റെ വിവിധ പകർപ്പുകളായി രൂപീകരിക്കപ്പെടുകയും ചെയ്യുന്നു.

ഈ വെളിച്ചത്തിൽ ആലോചിക്കുമ്പോൾ യാതൊരു സൃഷ്ടവസ്തുവും അതിന്റെ സ്വഭാവത്താലൊ പ്രവൃ

ത്തിയാലൊ നിയമനത്താലൊ നിസ്സാരമല്ല, നിഷിദ്ധവുമല്ല. എന്തുകൊണ്ടെന്നാൽ ഓരോന്നും ദൈവവചനത്തിൻെറ ക്രമാനുഗതമായ പ്രതിദ്ധ്വനിയത്രെ. ദൈവത്തിൻെറ മഹിമ പ്രതാപവും സൌന്ദൎയ്യവും സൃഷ്ടങ്ങളിൽ പ്രതിബിംബിക്കുന്നു. വിശുദ്ധാത്മാക്കളും നിൎമ്മലഹൃദയരും സ്രഷ്ടാവിൻെറ ജ്ഞാനം, ശക്തി, കരുണയാദിയായ ഗുണചൈതന്യങ്ങളെ പ്രപഞ്ചത്തിൽ ദൎശിക്കുന്നു. തന്നെയുമല്ല, ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള സൌഹാൎദ്ദവും പരസ്പരബന്ധവും പോലെയുള്ള മനോഭാവവും ജീവകാരുണ്യവും അവർ അവയോട് പ്രദൎശിപ്പിക്കുന്നു. അസ്സീസിയിലെ വിശുദ്ധൻെറ സൂൎയ്യസ്തവകീൎത്തനം ഇതിനൊരുദാഹരണമാണ്. അപ്രകാരംതന്നെ, സകല വസ്തുക്കളും ദൈവത്തെ കൂടുതൽ കുറ..ായി നിഴലിക്കയാലും സകലത്തിൻേറയും മാതൃക ദൈവവചനമായ പുത്രനാകയാലും, ഏതു ജ്ഞാനവും ശാസ്ത്രവും അതിൻെറ മൂലമായ ദൈവപുത്രനോട് എന്തുമാത്രം അടുത്തും അടുപ്പിച്ചും സമ്പാദിക്കയൊ അഭ്യസിക്കയും ചെയ്യുന്നുവൊ അതനുസരിച്ചു യഥാൎത്ഥവും പൂൎണ്ണവുമായിരിക്കയുള്ളു.

## 7 പ്രായോഗിക പാഠങ്ങൾ.

### 1. സമാധാനമാൎഗ്ഗം.

നിത്യപിതാവിൻെറ ആത്മനിദൎശനത്തിൽ ഞാനും എന്നെ സംബന്ധിച്ച സമസ്തവും ഉൾപ്പെടുന്നുവെന്നും, അപ്രകാരംതന്നെ അഖിലലോകങ്ങൾ മൊത്തത്തിലും അവയിൽ ഓരോന്നും അതതിൻെറ ഏററം സൂക്ഷ്മമായ സാഹചൎയ്യസഹിതം അതിൽ അന്തർലീനമായിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ടല്ലൊ. ചുരുക്കിപ്പറഞ്ഞാൽ "വെളി

ച്ഛത്തിൽനിന്നുള്ള വെളിച്ചമായ" ദൈവവചനം ഇവയെ എല്ലാം ഉൾക്കൊള്ളുന്നു. "എല്ലാം അവൻ വഴിയായി ഉണ്ടായി. ഉണ്ടായതൊന്നും അവനെ കൂടാതെ ഉണ്ടായില്ല." (വി. യോഹ. 1– 3.) ഈ വെളിച്ചത്തിൽ– ത്രിതവിശ്വാസദൃഷ്ടിയാൽ– ദർശിക്കുന്ന ഒരാൾക്ക്, കാലികങ്ങളായ സംഭവവികാസങ്ങൾ, അവ വ്യക്തിപരങ്ങളൊ സാമൂഹികങ്ങളൊ സാർവ്വലൌകികങ്ങളൊ ആയിക്കൊള്ളട്ടെ, ഓരോന്നും പരിത്രിതത്തിന്റെ നിത്യപ്ലാനിൽ മറഞ്ഞുകിടക്കുന്നവയുടെ ക്രമാനുക്രമമായ ബഹിർഗമനങ്ങൾമാത്രമാണെന്ന് ബോദ്ധ്യമാകും. ഏതേതു രൂപത്തിലും സ്ഥലകാലങ്ങളിലും അനുഭവപ്പെട്ടാലും അതു് യാതൊരു വിസ്മയത്തിനും ഉൽകണ്ഠയ്ക്കും പരിഭ്രമത്തിനും കാരണമാകുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ നിത്യപരിപാലനാപ്ലാൻ അഭേദ്യവും അനിഷേദ്ധ്യവുമാണ്. എല്ലാം അവിടുന്ന് ഉദ്ദേശിച്ച പ്രകാരം ചെന്നവസാനിക്കും.

പിതാവു തന്നെത്തന്നെ മുഴുവനായി പുത്രനു നല്കി. ആ വചനമാകുന്ന പുത്രനിലും പുത്രനോടുകൂടിയും നമ്മെ ആമൂലാഗ്രം ദർശിച്ചുകൊണ്ട്, ഒരു പരിമിതസൃഷ്ടിക്കു പ്രാപിക്കാൻ കഴിവുള്ളിടത്തോളം അനന്തസൌന്ദര്യമായ തന്നെത്തന്നെ നമുക്കും നല്കി. സൃഷ്ടചക്രങ്ങളിൽനിന്നും ദൈവപ്ലാനിൽ നേരിടുന്ന തട്ടുമുട്ടലുകളും ഉരസലുകളും നിമിത്തമായിട്ടത്രെ അസുഖങ്ങളും അസ്വാസ്ഥതകളുമെല്ലാം ആവിർഭവിക്കുന്നതു്. എന്നാൽ, അഖിലലോക ചക്രത്തിരിവിൽ സ്വാതന്ത്ര്യഘടക ദുഷ്കൃതിനിമിത്തം സംഭവിക്കാവുന്ന തകരാറുകളും അനിഷ്ടഫലങ്ങൾ തന്നേയും, അവിടുത്തെ നിത്യമായ പ്ലാനിൽ പെട്ടതും

തന്റെ ഏററം വലിയ സൂരിക്കും തന്നെ സ്നേഹിക്കുന്നവരുടെ നന്മയ്ക്കുമായി അനുവദിക്കപ്പെട്ടുന്നതുമാകുന്നു. ആകയാൽ ദൈവത്തിന്റെ ഭാഗത്തുനിന്നാകട്ടെ നമ്മുടെ സൌഭാഗ്യമാണ് സർവ്വദാ സർവത്തിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും, അവിടുന്നു നമുക്ക് എപ്പോഴും എവിടെയും നന്മയെ ആഗ്രഹിക്കുന്നുവെന്നുമുള്ള വസ്തുത, നമുക്കു ദൈവത്തിന്റെ പൈതൃകപരിപാലനയിലുള്ള വിശ്വാസം ദൃഢീകരിക്കയും ജീവിത ക്ലേശാരണ്യങ്ങളിൽ സമാധാനമാർഗ്ഗം തുറക്കുകയും ചെയ്യുന്നു.

ഓരോരുത്തൻ അവനവന്റെ മനോധർമ്മ ഭേദമനുസരിച്ച് എലിയെ മലയാക്കിയും, ഇല്ലാത്തവയെ ഉള്ളവയായി സങ്കല്പിച്ചും, തങ്ങൾക്കുതന്നെ മനഃപീഢകളെ സൃഷ്ടിക്കുന്നതും ഒട്ടും അപൂർവമല്ല. എല്ലാം എല്ലാററിന്റെയും ആദികാരണത്തോടും മൂലസ്ഥാനത്തോടും തട്ടിച്ചു പരിഗണിക്കുന്നതായാൽ യാഥാർത്ഥ്യം വെളിപ്പെടും. സർവജ്ഞന്റെ പ്ളാനിൽ സവ്വവും മനോഹരവും പരിപൂർണ്ണവുമായി ഒത്തിണങ്ങുന്നുവെങ്കിൽ– അവിടുന്ന് അതിൽ സംതൃപ്തി അടയുന്നെങ്കിൽ– നമുക്ക് അതൃപ്തി തോന്നാനുള്ള കാരണം നമ്മുടെ വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങളും, ദൈവചിത്തത്തോടുള്ള മനസ്സിന്റെ ഐക്യമില്ലായ്കയുമല്ലാതെ മറെറന്തായിരിക്കാം. സ്വാശ്രയത്തിന്റെയും സ്വാഭിപ്രായത്തിന്റെയും സങ്കുചിതവൃത്തത്തിൽ എല്ലാം ഒതുക്കാൻ ശ്രമിക്കാതെ, നമ്മുടെ ഹ്രസ്വവീക്ഷണത്തിനപ്പുറത്ത് സമുദ്രതുല്യ- വ്യാപകവും അവാച്യവും അഗ്രാഹ്യവുമായ ഒരു പരിപാലനാചക്രം- പിതാവ് പുത്രനിൽ ഉരുവിട്ട നിത്യപ്ളാൻ– നിർബാധം തിരിഞ്ഞു

കൊണ്ടിരിക്കുന്നുവെന്നുള്ള സംഗതി നാം ഓർമ്മിക്കണം. ഈ പ്ലാൻ വച്ചുകൊണ്ട് ത്രിത്വവിശ്വാസവെളിച്ചത്തിൽ ദർശിച്ചാൽ, യാതൊന്നും അപ്രധാനമൊ ആകസ്മികമൊ അവിചാരിതമൊ അല്ലെന്നു കാണാം. ഈ പ്രാഥമികതത്വം ഗ്രഹിപ്പാൻ എല്ലാവർക്കും ഒന്നുപോലെ സാധിക്കാത്തതു് ആദ്ധ്യാത്മികാന്ധകാരവും സ്വാഭാവികബലഹീനതയും സംസർഗ്ഗദോഷവും നിമിത്തമാണ്. ചിലർക്കാകട്ടെ പ്രത്യേക ദൈവാനുഗ്രഹത്താൽ ഇതു മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഇവർ ഹൃദയസമാധാനത്തിൽ ജീവിക്കയും ചെയ്യുന്നു.

## 2. പുണ്യാഭിവൃദ്ധി.

ഒരു ആദർശവും ആനന്ദവും കൂടാതെ മനുഷ്യനു ജീവിപ്പാനൊ അഭിവൃദ്ധി പ്രാപിപ്പാനൊ കഴികയില്ല. ദൈവത്തിലും അവിടത്തെ മനോഭാവത്തിലും പരിപാലിനയിലുംകൂടി വീക്ഷിച്ച് ആനന്ദം കണ്ടെത്താൻ സാധിക്കാത്തവണ്ണം ഒരാളുടെ മനഃസ്ഥിതി അധഃപതിച്ചുകഴിഞ്ഞാൽ, പിന്നെ അയാൾ ദൈവത്തിൽനിന്ന് വിട്ടു പുറമെ ആനന്ദാശ്വാസങ്ങൾ അന്വേഷിക്കയും സൃഷ്ടങ്ങളോടു നിലവിട്ടു ഇടയുകയും ചെയ്യും. തൽഫലമായി ഒരു "ഭോഷൻെറ പറുദീസാ"യിൽ അവൻ ചെന്നെത്തും. ഇതിൻെറ പര്യവസാനം എവിടെയെന്നു നിർണ്ണയിച്ചുകൂടാ. ദൈവമനോഭാവത്തിൽക്കൂടി വീക്ഷിക്കുകയെന്നതു് നമ്മുടെ ദുഷിച്ച സ്വഭാവത്തിന് എപ്പോഴും അത്ര എളുപ്പമല്ലെന്നുള്ളതു വാസ്തവ തന്നേ. നല്ല മനക്കരുത്തും സഹിഷ്ണുതയും ചില സമയം ആവശ്യപ്പെട്ടും. കഷ്ടാരിഷ്ടതകൾ ദൈവത്തിൻെറ സന്ദർശനങ്ങളത്രെ.

ആദ്ധ്യാത്മിക ജീവിതവും പുണ്യാഭിവൃദ്ധിയും മുഖ്യ മ യി അടങ്ങിയിരിക്കുന്നതു് ദൈവത്തോടുള്ള സംസർഗ്ഗം, അടുപ്പ , ഐക്യം എന്നിവയിലത്രെ. ഐക്യമെന്നു പറയുന്നതു് രണ്ടോ അധികമൊ ആളുകൾ തമ്മിലുള്ള ബുദ്ധിയുടേയും മനസ്സിന്റേയും യോജിപ്പാണല്ലൊ. പരസ്പരമുള്ള അടുത്ത സമ്പർക്കത്താൽ ഇതു ദൃഢവും ശ ശ്വതവുമായി തീരുന്നു ഇതേ രീതിയിൽതന്നെയാണ് ദൈവവുമായുള്ള ഐക്യവും സാധിക്കേണ്ടതു്. ആകയാൽ ആദ്യംതന്നെ ദൈവത്തിന്റെ ആദർശങ്ങളോടും പ്രവർത്തനങ്ങളോടും പുരോഗമനപരമായ യോജിപ്പ് നമ്മുടെ ഉള്ളിലുണ്ടാകണം. രണ്ടാമതായി ഒരു ഐക്യബോധം നമ്മിൽ അനുഭവപ്പെടണം. ഈ ബോധം (Conviction) അത്ര എളുപ്പത്തിലും വ്യക്തമായും എല്ലാവർക്കുമുണ്ടാകയില്ല. ആദ്ധ്യാത്മിക വളർച്ചയുടെ അളവനുസരിച്ച് ദൈവവുമായുള്ള ഈ ആന്തരിക സമ്പർക്കം ആത്മാവിൽ ക്രമേണ അനുഭവഗോചരമാകും. പഞ്ചേന്ദ്രിയഗ്രഹണത്തിന് അതീതവും അപ്പുറവുമായ ഒരു ജീവിതസരണിയിലാണ് താനെന്ന് അപ്പോൾ തോന്നും മനുഷ്യസാധാരണമായ ചിന്താരീതിയിലല്ല കാര്യങ്ങൾ പരിഗണിക്കേണ്ടതെന്നു മനസ്സിലാകും. ആത്മാവിന്റെ സ്നേഹാകർഷണം ദൃശ്യങ്ങളിൽനിന്ന് അദൃശ്യങ്ങളിലേക്കും സൃഷ്ടങ്ങളിൽനിന്ന് സ്രഷ്ടാവിലേക്കും ക്രമേണ മാറി പറന്നുയരുന്നതായി കാണും. ഈ ദൈവൈക്യവീഥി ചില ആത്മാക്കൾക്കു നല്കപ്പെടുന്ന പ്രത്യേക ദാനമാണ്. ഇതു് ആത്മാവിലെ പ്രസാദപൂമൊട്ടിന്റെ വികസനവുമത്രെ.

### 3. വ്യക്തിസ്വാതന്ത്ര്യവും അനുസരണവും.

ക്രിസ്തുമതം അനുശാസിക്കുന്ന വിധത്തിലുള്ള അനു

സരണം മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തിന് അനുയോജ്യമല്ലെന്നും, സ്വാതന്ത്ര്യസമ്പത്തിനു ഹാനികരമെന്നും, വേറൊരു വ്യക്തിയുടെ ഇംഗിതങ്ങൾക്കു തങ്ങളെ പൂർണ്ണവിധേയരാക്കുന്നതു് യുക്തിഹീനമെന്നും കരുതുന്നവരുണ്ടു. ഒന്നിന്റെ ഉൽപത്തിയും സ്ഥാനവുമാണല്ലൊ അതിന്റെ മാഹാത്മ്യത്തിനുള്ള മാനദണ്ഡം. മനുഷ്യന്റെ ഉത്ഭവമാകട്ടെ ദൈവവചനത്തിൽ വേരൂന്നിയിരിക്കുന്നു. അവന്റെ സ്ഥാനമാകട്ടെ അവിടത്തെ സാർവത്രിക പ്ലാനിൽ സുസംഘടിതവുമായിരിക്കുന്നു. ഏതൊരു വ്യക്തിക്കും ആ പ്ലാനനുസരിച്ച് സ്വയം സംപൂർണ്ണതയൊ നിലയൊ പര്യാപ്തതയൊ ഇല്ല. ഒന്ന് മറ്റൊന്നിനോടായിട്ടു പരസ്പരസംഘടിതവും ആശ്രിതവുമത്രെ. ഒരു ഘടികാരത്തിന്റെ ഓരോ ചക്രത്തിനും നിലയും വിലയും ചുമതലയും ഉദ്ദേശ്യവും അതിന്റെ നിർമ്മാതാവു കല്പിച്ചിട്ടുണ്ടു. അതിൽ കൂടുതലായ സ്ഥാനമൊ ശക്തിയൊ അതിനില്ല. ആരംഭം മുതൽ അവസാനംവരെയുള്ള സർവസൃഷ്ടങ്ങളേയും ബാധിക്കുന്ന ബ്രഹ്മാണ്ഡമായ ഏക പ്ലാനിൽ, തന്റെ ഭാഗം ഭംഗിയായും സ്വാതന്ത്ര്യമായും നിർവഹിക്കാനുള്ള ആജ്ഞയോടും കഴിവുകളോടുംകൂടി ജഗന്നിയന്താവിനാൽ സ്ഥാപിതമാകുന്ന ഓരോ മനുഷ്യ ചക്രവും. സർവാധീശനും സർവാദികാരണനുമായ ആ സൃഷ്ടിസ്ഥിതിസംഹാരകൻ ഉപകർത്താവിന്റെ സ്ഥാനത്തു നമ്മുടെ സഹകരണവുംകൂടി കനിഞ്ഞാവശ്യപ്പെടുന്നുവെന്നു ഗ്രഹിച്ച്, തന്റെ നിത്യപ്ലാനിൽനിന്നും അല്പമെങ്കിലും വ്യതിചലിക്കാതെ സ്വാതന്ത്ര്യമായി കറങ്ങി, ദൈവം വച്ച സ്ഥാനത്തും ജോലിയിലും സന്മനോഭാവത്തോടും പൂർണ്ണവിധേയ

 14047.

രായും പ്രവർത്തിക്കുകയത്രെ ഉപചക്രങ്ങളായ മനുഷ്യരുടെ
കർത്തവ്യം. ദൈവനിർദ്ദേശങ്ങളിലും ആജ്ഞകളിലും നിന്നു
വ്യതിചലിച്ചു വർത്തിക്കുന്നതു് സ്വാതന്ത്ര്യമല്ല, പ്രത്യുത അ
തിന്റെ ദുഷ്പ്രയോഗമാണു്. ക്രമക്കേടാണു്. മാതാപിതാ
ക്കന്മാരുടെ പ്ളാൻ നിവൃത്തിയാക്കുന്നതിലുള്ള സഹകര
ണം മക്കളുടെ സ്വാതന്ത്ര്യസമ്പത്തിനു യാതൊരു കുറവും
വരുത്തുന്നില്ല. ഒരു കൊട്ടാരം പണിക്കാരിൽ ഓരോരു
ത്തനും, അവനവൻ ചെയ്യേണ്ടവയേക്കുറിച്ചു് ചീഫ് ഇ
ഞ്ചിനീയറിൽനിന്നു് നേരിട്ടു നിർദ്ദേശം ലഭിക്കുന്നതിനൊ,
കെട്ടിടപ്ളാനിന്റെ സ്വഭാവത്തെപ്പറ്റി വിശദവിവരം
ഗ്രഹിപ്പാനൊ ആവശ്യമില്ല. ഉപാധികാരികളുടെ ആജ്ഞ
കൾക്കു് തങ്ങളുടെ അഭിപ്രായങ്ങളേയും വാസനകളേയും
കർമ്മകുശലതയേയും സർവാത്മനാ വിധേയമാക്കിയാൽ
മതിയാവും. ഇതാവശ്യവുമാണു്. പ്രത്യുത സ്വാഭിമതപ്ര
യോഗം തീർച്ചയായും കുഴപ്പത്തിനും നാശത്തിനുമിടവ
രുത്തും.

ദൈവപ്ളാനിൽ എന്റെ സ്ഥാനവും ചുമത
ലയും കർത്തവ്യാകർത്തവ്യങ്ങളും ഏവയെന്നറിവാൻ നല്ക
പ്പെട്ടിരിക്കുന്ന ഒരു ദാനമത്രെ വിശേഷബുദ്ധി. സ്വബുദ്ധി
ക്കു വിധേയമായി എന്റെ ഭാഗം പ്രജ്ഞാപൂർവ്വം നിർവ
ഹിപ്പാനുള്ള വരമാണു് സ്വാതന്ത്ര്യവും. (നിയമത്തിന്റെ
നുകത്തിൽനിന്നു ഒഴിഞ്ഞുമാറി, നിയന്ത്രണരഹിതമായി,
അധഃപതിച്ച മനുഷ്യസ്വഭാവത്തിന്റെ ദുഷിച്ച വികാരാ
വേശങ്ങളെ നിർബാധം പിഞ്ചെല്ലുന്നതിനുള്ള ഒരു സ്വേ
ചരാഭ്രമമെന്നല്ലാതെ ചിലരുടെ ഇന്നത്തെ സ്വാതന്ത്ര്യവാ
ദത്തിൽ കഴമ്പൊന്നുമില്ലതന്നെ.) എന്റെ കർത്തവ്യങ്ങളെ
സംബന്ധിച്ചു ദൈവചിത്തം ദൈവത്തിൽനിന്നു് നേരിട്ടു

റിയുന്നതും അവിടത്തെ പ്രതിനിധികൾ മുഖേന അറിയുന്നതും കാര്യത്തിൽ ഒന്നുതന്നെ. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു." മനുഷ്യനൊഴികെ ബാക്കിയുള്ള സകല ചരാചരങ്ങളും സ്രഷ്ടാവിൻെറ പ്ളാനിൽ പരിപൂർണ്ണമായി സഹകരിക്കുന്നുണ്ട്. എന്നാൽ പ്രജ്ഞാരഹിതമായും മറിച്ചുചെയ്‌വാൻ സ്വാതന്ത്ര്യമില്ലാതെയുമത്രേ അവ വർത്തിക്കുന്നത്. തന്നിമിത്തം അവയ്ക്കു പ്രതിഫലമില്ല. മനുഷ്യനിൽ നിന്നാകട്ടെ പ്രജ്ഞാസമന്വിതമായ സ്വതന്ത്രസഹകരണ സേവനമാണ് ദൈവം ആവശ്യപ്പെടുന്നത്. നിത്യമായ പ്രതിസമ്മാനവും അവന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ആകയാൽ അനുസരണം വ്യക്തിസ്വാതന്ത്ര്യത്തേയോ മനുഷ്യ മാഹാത്മ്യത്തെയൊ തെല്ലുപോലും നിഹനിക്കുന്നില്ല. യുക്തിഭംഗവുമില്ല. പ്രത്യുത അതിനെ നിറംകാച്ചി മാററുകൂട്ടുന്നു. സൃഷ്ടിസ്രഷ്ടാവിന് സമർപ്പിക്കാവുന്ന ഏററം ഉത്തമമായ ബലിയാകുന്നു അനുസരണം. പരി. ത്രിത്വഭക്തിയുടെ നിരന്തരമായ അഭ്യസനവുമാകുന്നു അതു്.

## 8. പരിശുദ്ധാത്മാവിൻെറ പുറപ്പാട്.

പിതാവിൻെറ ആത്മജ്ഞാനം വഴിയാണല്ലൊ പുത്രൻെറ ജനനം നടന്നതു്. പുത്രൻെറ ജനനത്തെക്കാൾ മനസ്സിലാക്കാൻ പ്രയാസമുള്ള വിഷയം പരിശുദ്ധാത്മാവിൻെറ പുറപ്പാടാകുന്നു എന്നത്രേ വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഒററനോട്ടത്താൽ, തന്നെത്തന്നെയും പുത്രനേയും ദൈവസ്വഭാവത്തേയും അനന്തനന്മയേയും പിതാവു ദർശിച്ചു, സ്നേഹിച്ചു. തത്സമയം തിരിച്ചു പുത്രനും തന്നെത്തന്നെയും പിതാവിനേയും തൻെറ ദൈവസ്വഭാവ

ത്തെയും അനന്തനന്മയെയും കാണുകയും സ്നേഹിക്കയും ചെയ്യു. പിതാവും പുത്രനും സ്നേഹിച്ച ദൈവസ്വഭാവം– അനന്തനന്മ– ഒന്ന്. സ്നേഹിക്കപ്പെട്ട അനന്തനന്മയായ ദൈവസ്വഭാവവും അതുതന്നെ. ഇങ്ങനെ പിതാവിന്റെയും പുത്രന്റെയും ആന്തരികപ്രവൃത്തിയായ പരസ്പരസ്നേഹഫലമായി, ഏക മൂലത്തിൽ നിന്നെന്നവണ്ണം അവരിൽ നിന്നും പുറപ്പെട്ട അനന്യസ്നേഹമാകുന്ന മൂന്നാം ആളായ പരിശുദ്ധാത്മാവു്. ജനിപ്പിച്ചവനും ജനിച്ചവനും എന്ന പോലെ, സ്നേഹിച്ചവനും സ്നേഹിക്കപ്പെട്ടവനും. സ്നേഹമെന്നതു ആത്മദാനമാകയാൽ പിതൃപുത്രസ്നേഹത്താൽ ഉത്ഭൂതമായ ആളും– സ്നേഹിക്കപ്പെട്ട നന്മ- ദൈവസ്വഭാവംതന്നെ. (self-giving of the divine nature by Father and Son) അതായതു് പിതാവിനോടും പുത്രനോടും സകലതിലും സമനായ ദൈവവുമായ ആൾ. ജ്ഞാനം ബുദ്ധിയുടെ പ്രവൃത്തിയാകയാൽ പുത്രൻ ബുദ്ധിയിൽനിന്നു ജനിച്ചു. സ്നേഹം മനസ്സിന്റെ പ്രവൃത്തിയാകയാൽ പരിശുദ്ധാത്മാവു മനസ്സിൽനിന്നു പുറപ്പെട്ടു.

പിതാവിന്റെയും പുത്രന്റെയും സ്നേഹവിഷയം തങ്ങളുടെ ആത്മദാനമായ– അനന്തനന്മയായ– പരിശുദ്ധാത്മാവു മാത്രമല്ല. അയാളിലും അയാളോടുകൂടിയും അതേസമയംതന്നെ, ആ അനന്തനന്മയുടെ ബാഹ്യപകർപ്പുകളായ സർവ്വസൃഷ്ടികളുംകൂടിയാകുന്നു. ദൈവം നിത്യനും അഭേദ്യനുമാകയാൽ പിതാവിന്റെ അസ്തിത്വം, പുത്രന്റെ ജനനം, പരിശുദ്ധാത്മാവിന്റെ പുറപ്പാടു്, ബാഹ്യസൃഷ്ടികളുടെ ഭാവിപ്ലാൻ എന്നിവയെല്ലാം നിത്യത്വത്തിലെ വിസ്മയനീയ രഹസ്യമായ ഏക മഹാസംഭവമാണ്.

## 9 സ്രഷ്ടാവായ പരിശുദ്ധാത്മാവ്.

ദൈവമായ ആളുകൾ തമ്മിലുള്ള സ്നേഹബന്ധം പരിശുദ്ധാത്മാവായിരിക്കുന്നതുപോലെ, സ്രഷ്ടാവിനു സൃഷ്ടങ്ങളോടും സൃഷ്ടങ്ങൾക്കു സ്രഷ്ടാവിനോടുമുള്ള സ്നേഹബന്ധത്തിന്റെ നിദാനവും പ്രേരകവും പരിശുദ്ധാത്മാവുതന്നെയാണ്. എന്തെന്നാൽ, സ്നേഹദൈവമായ പരിശുദ്ധാത്മാവത്രെ സർവ്വസ്നേഹത്തിന്റെയും നികേതം. പിതാവു പുത്രനേയും പുത്രൻ പിതാവിനേയും പരസ്പരം സ്നേഹിപ്പാനുള്ള പ്രചോദകം (motive power) അവരിരുവർക്കും പൊതുവായ ദൈവസ്വഭാവം ഉള്ളടക്കുന്ന അനവദ്യസ്നേഹയോഗ്യമായ അനന്തനന്മ- പരിശുദ്ധാത്മാവു-അത്രെ. അതേപ്രകാരംതന്നെ, ദൈവസ്വഭാവചൈതന്യത്തിന്റെ- അതായതു അനന്ത സൌന്ദര്യത്തിന്റെ പ്രതിഛായകളും പകർപ്പുകളുമായ ബാഹ്യസൃഷ്ടികളേയും അവയെ സംബന്ധിക്കുന്ന സൃഷ്ടി, സ്ഥിതി, ആദിയായ സകലത്തിനേയും സ്നേഹിപ്പാൻ- അതായതു അവയ്ക്കു പരിമിതമായ അളവിൽ അസ്തിത്വാദികൾ നല്കാൻ- ത്രിത്വൈക ദൈവത്തെ പ്രേരിപ്പിച്ചതും, അവരിൽ അന്തർലീനമായിരിക്കുന്ന സ്നേഹഘടകമായ പരിശുദ്ധാത്മചൈതന്യമല്ലാതെ മറെറാന്നുമല്ല. ഒന്നുകൂടി വിശദമായി പറഞ്ഞാൽ, ബോധജ്ഞാനമായ ദൈവവചനത്തിലും വചനംവഴിയായും വചനത്തോടുകൂടിയും ദൈവപിതാവ് നിത്യംമുതൽ എന്നേയും എന്നെ സംബന്ധിച്ച എല്ലാററിനേയും ദർശിച്ചതുപോലെതന്നെ, ദൈവസ്നേഹമായ പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവു വഴിയായും പരിശുദ്ധാത്മാവോടുകൂടിയും അവിടുന്ന് എന്നേയും എ

ന്നെ സംബന്ധിച്ച സകലത്തേയും സ്നേഹിച്ചു. "നിത്യമായ സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു." (ഏറ. 31-3.) ആത്മദാനമായ ഈ സ്നേഹവഴിക്ക്, പരിമിതമായ തോതിൽ പിതാവ് തന്നെത്തന്നെ എനിക്ക് നല്കി. (മറ്റൊന്നിന് അസ്തിത്വം, പാലന, സൌഭാഗ്യം എന്നിവ ആഗ്രഹിക്കയൊ നല്കുകയൊ ചെയ്യുന്നതത്രെ സ്നേഹം) "പിതാവിൻെറ ദാനം" എന്നും പരിശുദ്ധാത്മാവു വിളിക്കപ്പെടുന്നു. കൂടാതെ, സ്നേഹത്തിൻെറ പ്രചോദകശക്തി നന്മയാകയാൽ, പിതാവായ ദൈവം സൃഷ്ടികൾക്ക് അസ്തിത്വം നല്കി തൻെറ സ്നേഹത്തെ തദ്വാരാ പ്രകടിപ്പിക്കുന്നതിന് അവിടത്തെ പ്രേരിപ്പിച്ചതു് ദൈവത്തിൻെറ അനന്തനന്മയായ പരിശുദ്ധാത്മാവായതുകൊണ്ട്, ഒരു വിധം പറഞ്ഞാൽ സൃഷ്ടികർമ്മത്തിൻെറ പ്രചോദകം (motive caus::) പരിശുദ്ധാത്മാവത്രെ. ഈ ന്യായത്താലാണ് "സ്രഷ്ടാവായ പരിശുദ്ധാത്മാവെ!" എന്ന് സഭ ഔദ്യോഗികമായി സംബോധന ചെയ്യുന്നതു്. ആദർശം ആകാരമെടുത്തതും, സ്നേഹത്തിൻെറ കർമ്മരൂപവുമാണല്ലൊ സൃഷ്ടി. Thoughts wrapped in matter and materialised acts of love.)

പിതാവു പുത്രൻ പരിശുദ്ധാത്മാവു എന്ന വിവിധസ്ഥിതി വിശേഷങ്ങളിൽ പരിശുദ്ധ ത്രിത്വത്തിന് സൃഷ്ടങ്ങളോടുള്ളതായി ഇതുവരെ നാം കണ്ട പ്രത്യേകബന്ധങ്ങൾ ഉൾക്കൊള്ളുന്ന മഹാശയങ്ങൾ, ഈ പ്രയാണജീവിതത്തിൻെറ ബഹുമുഖാന്തരങ്ങളിൽക്കൂടി തരണം ചെയ്യുന്ന ഒരു മനുഷ്യന്, എത്രയൊ ആനന്ദവും ആശ്വാസവും ധൈര്യവും ശക്തിയും ദൈവത്തിൽ മനോവിശ്വാസവും പ്രദാനം ചെയ്യുവാൻ പര്യാപ്തങ്ങളായിരിക്കുന്നു! അ

പ്രകാരംതന്നെ, സ്വർഗ്ഗവാസികൾ ദൈവത്തിൻെറ ആന്തരികവും ബാഹ്യവുമായ മഹിമാവിനെ നേരിട്ടും സൂക്ഷ്മമായും ദർശിക്കയും, ആ ദർശനത്താൽ തങ്ങളെ വിസ്മരിച്ച് സ്വാധികം ദൈവത്തെ സ്നേഹിക്കയും, ദൈവത്തിൻെറ പരമാനന്ദാവസ്ഥയിൽ ആനന്ദപുളകിതരായി സൌഭാഗ്യസംപൂർണ്ണരായിരിക്കയും ചെയ്യുന്നു. അംശത്തെക്കാൾ മുഴുവനെ സ്നേഹിക്കുക സ്വാഭാവികമാകയാൽ, തങ്ങളെക്കാൾ ദൈവത്തെ സ്നേഹിക്കാതിരിപ്പാൻ അവക്ക് സാദ്ധ്യമല്ലതന്നേ. പ്രത്യുത, സ്വന്തകുററത്താൽ അനന്തനന്മയായ ദൈവം തങ്ങൾക്കു നഷ്ടീഭവിച്ചുവെന്നു കാണുന്ന നരകവാസികൾക്ക്, അവരുടെ സ്വാതന്ത്ര്യ ദുഷ്പ്രയോഗം തീരാദുഃഖത്തിനുമിടയാകും. കാരണം, ദൈവത്തിൻെറ പ്രഥമ പ്രവർത്തകത്വം (causa primaria) മനുഷ്യൻെറ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ലാത്തതുകൊണ്ട്, ഓരോരുത്തൻെറ സൌഭാഗ്യ നിർഭാഗ്യങ്ങൾക്ക് അവനവൻ ഉത്തരവാദിയായിരിക്കുന്നു.

## 10 ചില നിഗമനങ്ങൾ.

1. സകല സൃഷ്ടവസ്തുക്കളിലും, അവയുടെ ആദർശകാരണമായ (causa exemplaria) നിത്യബോധജ്ഞാനത്തെ– "വെളിച്ചത്തിൽനിന്നുള്ള വെളിച്ചത്തെ"– അനുകരിച്ച്, നിശ്ശുദ്ധ തത്വചൈതന്യങ്ങൾ വിളങ്ങുന്നു.

2. അപ്രകാരംതന്നേ, അവയുടെ അസ്തിത്വത്തിൻെറ പ്രഭോദകകാരണത്തെ പ്രതിനിഴലിച്ച്, അവയിൽ സൌന്ദര്യം– നന്മ– തുളുമ്പുന്നു.

3. അവ ജ്ഞാനത്തിലും സ്നേഹത്തിലും നിർമ്മിതങ്ങളാകയാൽ, എല്ലാം ജ്ഞാനയോഗ്യങ്ങളും സ്നേഹ

പാത്രങ്ങളും— അറിയപ്പെട്ടേണ്ടവയും സ്നേഹിക്കപ്പെട്ടേ
ണ്ടവയും— അത്രെ. എല്ലാത്തിലും എല്ലാം വഴിയായും, ദൈ
വത്തെ ദർശിക്കണം, അവിടുത്തെ സ്നേഹിക്കണം.

4 വിശേഷ ബുദ്ധിയുള്ള മനുഷ്യൻ സാവധാനം ചിന്തിക്കുന്ന പക്ഷം, അവന്റെ ജീവിതസരണിയിലെ അനുകൂല പ്രതികൂല സംഭവസാഹചര്യങ്ങളെല്ലാവും, ഓരോന്നും, തന്നിൽ ദൈവജ്ഞാനവും സ്നേഹവും വർദ്ധിക്കാനായിട്ടല്ലാതെ, കുറയുവാനൊ ഇല്ലാതാകുവാനൊ ആയിട്ടല്ല സംഭവിക്കുന്നതെന്നു ഗ്രഹിക്കാം. എന്തെങ്കിലും അസുഖമായി തോന്നുന്നെങ്കിൽ, അതു സ്നേഹത്തെ സ്നേഹത്താൽ വീക്ഷിക്കായ്കനിമിത്തമത്രെ. ജീവിതനിയമം സ്നേഹമാകുന്നു. സ്നേഹം കൊടുക്കുക. സ്നേഹം വാങ്ങുക നിത്യസ്നേഹം ആരായുക.

## സമഭുജത്രികോണം.




പരിശുദ്ധതമത്രിത്വരഹസ്യത്തെ ഏകദേശം പ്രതിനിഴലിക്കുന്ന ഒരു ദൃഷ്ടാന്തമായിട്ട് വേദശാസ്ത്രപണ്ഡിതന്മാർ പറയാറുള്ള ഒന്നാണ് "സമഭുജത്രികോണം". ഇതിലെ മൂന്ന് പുറംവരകൾ— ഭുജങ്ങൾ— തുല്യങ്ങളാണ്.

ഒന്നുണ്ടെങ്കിൽ മററതു രണ്ടുമുണ്ട്. അല്ലാത്തപക്ഷം ത്രികോണത്തിന്റ അസ്തിത്വമില്ല. അപ്രകാരംതന്നെ, ഇതിലെ ഉൾക്കോണങ്ങൾ മൂന്നും തുല്യങ്ങളുമാണ്. എന്നാൽ ഒന്നു മറെറാന്നല്ല. മൂന്നുംകൂടിയെങ്കിലെ സാധനം പൂർത്തിയാവു. ഉള്ളളവ് ഒന്ന്. അതു മൂന്നു ഭുജങ്ങൾക്കും കോണങ്ങൾക്കും പൊതുവാണുതാനും. എന്നാൽ ഈ പടത്തെ, അതിന്റെ എ. ബി. സി. ആയ മൂന്നു വശങ്ങളിൽനിന്നു മാറിമാറി നോക്കുന്ന ഒരാൾ, അളവിലും വലിപ്പത്തിലും ആകൃതിയിലും തുല്യസാധനം- അതേവസ്തു- യാതൊരു വ്യത്യാസവുമില്ലാതെ കാണുന്നെങ്കിലും, എ. യിൽനിന്നു ദർശിച്ച രൂപമല്ല ബി. യിൽ ദർശിക്കുന്നതു്. ബി. യിലേതല്ല സി. യിലും. സി. യിലേതല്ല എ യിലും. ദൈവത്തിന്റെ ത്രിത്വത്തെപ്പററി ചിന്തിക്കുന്ന ബോധവും, ഏകദേശം ഇപ്രകാരമുള്ള ഒരു ദർശനസരണിയിൽ അകപ്പെടും. ഒന്നും മൂന്നും- ഒന്നിൽ തുല്യങ്ങളായ മൂന്ന്- ഓരോന്നും വെവ്വേറെ- എന്നാൽ മൂന്നും ഒന്നുതന്നേ. ത്രിത്വം!!!

## 11. ദൈവത്തിന്റെ മഹിമയും പ്രതാപവും

"ദൈവം വലിയവനാകുന്നു. തന്റെ മഹത്വത്തിന് അറുതിയില്ല." എന്ന് വേദപുസ്തകത്തിൽ പലേടത്തും കാണാനുണ്ട്. ദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് നമുക്കേതാണ്ടൊരു ഗ്രാഹ്യമുണ്ടാകുവാൻ, വിശ്വത്തിന്റെ വിശാലതയേക്കുറിച്ചുള്ള ചിന്ത വളരെ സഹായിക്കും. "ആകാശങ്ങൾ ദൈവമഹത്വത്തെ വിളിച്ചറിയിക്കുന്നു" എന്നാണല്ലൊ പ്രവാചകൻ പറഞ്ഞിരിക്കുന്നതു്.

സൂര്യൻ, ചന്ദ്രൻ, വ്യാഴം, ചൊവ്വാ മുതലായ ഗ്രഹങ്ങൾ ചേർന്ന മണ്ഡലത്തിന് സൂര്യനഗരമെന്നു പറയു

ന്നു. അടുത്തകാലത്തു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച രണ്ടെണ്ണം ഉൾപ്പെടെ ഇപ്പോൾ സൂൎയ്യനഗരത്തിൽ പതിനൊന്നു ഗ്രഹങ്ങളുണ്ട്. അവയിൽ ഒരു ചെറുഗോളമാണ് നമ്മുടെ ഭൂമി. ഇതിൻെറ പതിമ്മൂന്നു ലക്ഷത്തിൽ പരം ഇരട്ടി വലിപ്പമുണ്ട് സൂൎയ്യന്. ഭൂമിയിൽനിന്നും ഒൻപതേകാൽ കോടി മൈൽ അകലെയാണ് സൂൎയ്യൻെറ നില സൂൎയ്യനഗരത്തിൽ പെട്ട നെപ്ച്യൂൺ എന്ന ഗ്രഹം സൂൎയ്യനിൽനിന്നും ഉദ്ദേശം മുന്നൂറു കോടി മൈൽ അകലത്തിൽ നില്ക്കുന്നു. സൂൎയ്യനഗരത്തിൻെറ ആകെയുള്ള വ്യാസം ഏകദേശം ആയിരം കോടി മൈൽ ആണ്. ഇരുപത്തിനാലു മണിക്കൂർ സമയത്തിനുള്ളിൽ ഭൂമി ഒരു പ്രാവശ്യം തന്നെത്താൽ- മിനിട്ടിൽ ആയിരം മൈയിൽ വേഗത്തിൽ- ചുററി ഒരു ദിവസം പൂൎത്തിയാകുന്നു. ഇതേ സമയം ഭൂമി സൂൎയ്യനേയും ചുററുന്നു. മുന്നൂററിയറുപത്തഞ്ചു പ്രാവശ്യം ഭൂമി സ്വയം കറങ്ങുമ്പോഴേക്ക ഒരു പ്രാവശ്യം അതു സൂൎയ്യനെ ചുററിത്തിരിയും. ഈ കാലയളവിനെ നാം ഒരു സാധാരണ വൎഷമെന്നു പറയുന്നു.

സൂൎയ്യനഗരത്തേപ്പോലെ മററനേക നക്ഷത്രനഗരങ്ങൾ അഖിലാണ്ഡത്തിലുണ്ട്. അവയിൽ ഇരുപതു ലക്ഷത്തോളം ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഓരോനഗരത്തിലും ശതക്കണക്കിന് ഗോളങ്ങളുമുണ്ട്. എന്നാൽ നമ്മുടെ ഭൂമിപോലെ കനത്തതും അധിവാസയോഗ്യമായതും വേറെയുണ്ടെന്നു തോന്നുന്നില്ല. നാം മണൽതരിപോലെ ആകാശത്തിൽ കാണുന്ന ചില നക്ഷത്രങ്ങൾക്ക സൂൎയ്യനേക്കാൾ അനേകലക്ഷമിരട്ടി വലിപ്പക്കൂടുതലുണ്ട്.

ഒരു വണ്ടിചക്രത്തിൻെറ അച്ചുതണ്ടും പട്ടയുമെന്നപോലെയാണ് ഇതുവരെ കണ്ടുപിടിക്കപ്പെട്ട ഇരുപതു

ലക്ഷം നക്ഷത്രനഗരങ്ങളുടെ പരസ്പരനില. ഇവയുടെ കേന്ദ്രം ധനുരാശിയാണ്. പട്ടയുടെ സ്ഥാനത്ത് ഏററം അകലത്തിൽ നില്ക്കുന്നത് ആകാശഗംഗയത്രെ. ധനുരാശിയിൽനിന്നും അമ്പതിനായിരം പ്രകാശവർഷം എന്ന അകലത്തിലാണ് നമ്മുടെ സൂര്യൻ നില്ക്കുന്നത്. ഒരു പ്രകാശവർഷമെന്നു പറയുന്നത് ആറുലക്ഷം കോടി മൈൽ ദൂരത്തിനാണ്.

സൂര്യനും തന്നെത്താൻ ചുററുന്നുണ്ട്. സൂര്യൻ ഒരു പ്രാവശ്യം സ്വയം ചുററുന്നതിന്, നമ്മുടെ ഇരുപത്തിയാറു ദിവസകാലദൈർഘ്യം വേണം. സൂര്യൻ അതിൻെറ ഉപഗോളങ്ങളോടുകൂടി ധനുരാശിയെ ലക്ഷ്യമാക്കിയാണ് കറങ്ങുന്നത്. ഒരു സെക്കണ്ടിൽ ഇരുന്നൂറു മൈൽ വേഗം സൂര്യൻ കറങ്ങിയാൽ ഇരുപതു കോടി വർഷംകൊണ്ടു് സൂര്യൻ ധനുരാശിയെ ഒരു പ്രാവശ്യം ചുററിതിരിയും. ഈ സംഭ്രമണഗതിയിൽ സൂര്യൻ "തിരുവാതിര" എന്നു പറയപ്പെടുന്ന അഗ്നിഗോളത്തോടും ക്രമേണ അടുക്കുന്നുണ്ട്. തിരുവാതിരയോടുള്ള സാമീപ്യം സൂര്യനഗരത്തിൽ ഓരോ സ്ഥിതിഭേദങ്ങൾ വരുത്തുന്നുണ്ടെന്നും, ഈ അടുപ്പം സൂര്യനഗര വിനാശത്തിനും ഭൂലോകാവസാനത്തിനും ഇടയാക്കുമെന്നും ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇവയുടെ ഇടയിൽ അസംഖ്യം വാൽനക്ഷത്രങ്ങളും ഉണ്ടു്.

മേൽപറഞ്ഞ നിരവധി ഗോളങ്ങളോരോന്നും എങ്ങും തൊടാതെ നിന്നുകൊണ്ടും, പരസ്പരം കൂട്ടിയടിക്കാതെയും, മിന്നൽവേഗത്തിൽ ചുററികറങ്ങുന്നു. കണ്ടാലും! ദൈവത്തിൻെറ ജ്ഞാനം!; ശക്തി!; മഹിമപ്രതാ

പം! "ആകാശങ്ങൾ ദൈവമഹത്വത്തെ പ്രകീൎത്തിക്കുന്നു."
(From the writings of Rev. A. Perumaly S. J.)

## 12. ദൈവത്തിൻെറ ആന്തരികവും ബാഹ്യവുമായ പ്രതാപങ്ങൾ.

"ഒരു വസ്തുവിനെപ്പററിയുള്ള വിശദമായ അറിവും മതിപ്പു"മാകുന്നു സ്തുതി- പ്രതാപം- എന്നു വി. തോമ്മാമല്പാൻ പഠിപ്പിക്കുന്നു. ദൈവത്തെ ശരിയായി അറിയുവാനും മതിപ്പാനും ദൈവം മാത്രമെ ശക്തനായുള്ളു. നിത്യബോധജ്ഞാനമായ ദൈവപുത്രൻ, പിതാവിനേയും ദൈവത്തിൻെറ സാരാംശത്തേയും നിത്യംമുതല്ക്കേ പരിപൂൎണ്ണമായി അറിയുകയും സ്നേഹിക്കയും ചെയ്യുന്നു തൻെറ സാരാംശമായ പുത്രനിൽ പ്രത്യക്ഷമാകുന്ന അതേ പരിപൂൎണ്ണതയെ പിതാവും സ്നേഹിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും ഇങ്ങനെ പരസ്പരസ്നേഹമായി പുറപ്പെടുന്ന നിത്യാഹ്ലാദകദശായിൽ ദൈവാളുകളുടെ പരസ്പരസ്നേഹം പൂൎത്തിയാകയും, ഈ അനന്തസ്നേഹം ദൈവാളുകളുടെ- പരിത്രിത്വത്തിൻെറ- നിത്യസൌഭാഗ്യാവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. ഈ മഹിമാവസ്ഥയയാണ് ദൈവത്തിൻെറ ആന്തരികപ്രതാപം- സൌഭാഗ്യം, സ്തുതി എന്നെല്ലാം പറയുന്നതു്, ഇതു് ഒരിക്കലും ഒരു വിധത്തിലും കൂടുകയൊ കുറയുകയൊ ഇല്ല. ദൈവം അഭേദ്യനാണല്ലൊ.

എന്നാൽ ബാഹ്യം അഥവാ ആഗന്തുകമായ ഒരു സ്തുതി ദൈവത്തിനുണ്ടു്. ഇതാകട്ടെ, ദൈവത്തിൻെറ ആന്തരികമഹത്വം സൃഷ്ടിയിൽ പ്രതിനിഴലിക്കതിയെും, അനുഗ്രഹിക്കുന്ന സൃഷ്ടങ്ങൾ സ്രഷ്ടാവിനെ മഹ

ത്വീകരിക്കയും സ്തുതിക്കയും ചെയ്യുന്നതിലടങ്ങിയിരിക്കുന്നു. തന്നിമിത്തം ഈ ബാഹ്യമഹിമ കൂടാനും കുറയാനും പാടുണ്ട്. ഈ ആഗന്തുകസ്തുതിയെ ഉദ്ദേശിച്ചാണ് "ദൈവം തന്റെ മഹത്വത്തിനായി എല്ലാം സൃഷ്ടിച്ചു" എന്ന് വിലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ ഏററം ഉന്നത സൃഷ്ടികളായ മാലാഖാമാരിലാകുന്നു, ദൈവത്തിന്റെ ഗുണലക്ഷണങ്ങൾ ഏററം കൂടുതലായി പ്രതിഫലിക്കുന്നത്. അവരുടെ മികച്ച ജ്ഞാനമാണ് ദൈവത്തിന്റെ ആന്തരിക മഹിമയെ ഏററം നന്നായി അറിയുന്നതും മതിക്കുന്നതും. ആകയാൽ, മാലാഖാമാരിൽനിന്നാണ് ദൈവത്തിനു ഏററം വലിയ ബാഹ്യസ്തുതി ലഭിക്കുന്നത്. ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കളിലും കൂടുതൽ കുറവായി ദൈവചൈതന്യം പരിലസിക്കുന്നതുകൊണ്ട്, അവ ഓരോന്നും അതതിന്റെ വിധത്തിലും അളവിലും ദൈവമഹത്വത്തെ പ്രഘോഷിക്കുന്നു. "ആകാശങ്ങൾ ദൈവമഹത്വത്തെ വിളിച്ചറിയിക്കുന്നു" എന്നുണ്ടല്ലൊ. എന്നാൽ മാലാഖാമാർ കഴിഞ്ഞാൽ മനുഷ്യരിലാണ് ദൈവം തന്റെ ഛായ ഏററം കൂടുതലായി പതിച്ചിട്ടുള്ളത്. വിശേഷബുദ്ധിയോടുകൂടി മാലാഖാമാരേയും മനുഷ്യരേയും ദൈവം സൃഷ്ടിച്ചതിന്റെ ഒന്നാമത്തെ ഉദ്ദേശ്യം തന്റെ മഹത്വീകരണവും, രണ്ടാമത്തേതു അവരുടെ തന്നെ സൌഭാഗ്യപ്രാപ്തിയുമത്രെ. ഒരു സ്വതന്ത്രസൃഷ്ടിയായ മനുഷ്യനെ ഈ ഭൂമിയിലേക്കയച്ചതുതന്നെയും, അവൻ യഥാശക്തി ദൈവസ്തുതി വർദ്ധിപ്പിക്കുവാനായിട്ടാകുന്നു. തദർത്ഥം അവൻ ചെയ്യുന്ന പരിശ്രമമനുസരിച്ച് അവന് പ്രതിസമ്മാനവും അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

ദൈവസ്തുതി വൎദ്ധിപ്പിക്കുന്നതിനുള്ള പ്രഥമമാൎഗ്ഗം, ഓരോരുത്തൻ യാവശക്യം ദൈവത്തെ അറിയുകയും സ്നേഹിക്കയും, ജീവിതശുദ്ധി വഴിയായി ദൈവൈക്യം പ്രാപിക്കയും ചെയ്യുന്നതാകുന്നു. "ദൈവം തന്റെ വിശുദ്ധരിൽ മഹത്വീകരിക്കപ്പെടുന്നു" എന്ന് ദൈവം തന്നേ അരുളിച്ചെയ്തിട്ടുണ്ട്. ദൈവസ്തുതി വൎദ്ധിപ്പിക്കാനുള്ള അടുത്ത മാൎഗ്ഗം, ഇതരന്മാരും ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ദൈവൈക്യം പ്രാപിപ്പാൻ പരിശ്രമിക്കുന്നതാകുന്നു. വേദപ്രചാരവേലയുടെ ഉദ്ദേശ്യവും ഇതുതന്നേ.

## 13 ആരംഭവും അവസാനവും.

"ആരംഭവും അവസാനവും ഞാനാകുന്നു" എന്ന് വി. യോഹന്നാന്റെ വെളിപാടിൽ ദൈവംതന്നെ അരുളിച്ചെയ്തിരിക്കുന്നു. മനുഷ്യന്റെ ഉത്ഭവം ദൈവത്തിൽനിന്നാകയാൽ, ഒരു തരത്തിൽ പറഞ്ഞാൽ മനുഷ്യന് നിത്യമായ ഒരാരംഭമുണ്ട്. "നിത്യമായ സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു" എന്ന് ഏറമ്യാ വഴിയായും ദൈവം അരുളിച്ചെയ്തിട്ടുണ്ട്. അതായത്, അനാദിമുതൽ ദൈവം നമ്മളോരോരുത്തരേയും ദൎശിക്കയും സ്നേഹിക്കയും ചെയ്തു. നമ്മുടെ മാതാപിതാക്കന്മാർ നമ്മെ അറിയുകയൊ സ്നേഹിക്കയൊ ചെയ്യുന്നതിനുമുമ്പ്, ആദ്യത്തെ മനുഷ്യൻ— അല്ല, സർവ്വലോകങ്ങൾ തന്നേയും— സൃഷ്ടിക്കപ്പെട്ടന്നതിന് മുമ്പ് നാം ഓരോരുത്തരും ദൈവത്തിന്റെ ശ്രദ്ധക്കും കാരുണ്യത്തിനും വിഷയീഭവിച്ചു. ദൈവത്തിനു നമ്മോടുള്ള പ്രത്യേക സ്നേഹഫലമായിട്ടാണ് നാം ഭൂമുഖത്തു പ്രത്യക്ഷരായതുതന്നേ.

എന്നാൽ ദൈവം നമ്മുടെ ആരംഭം മാത്രമല്ല

പരമാർത്ഥ്യവുമാകുന്നു. ദൈവത്തിൽ ചെന്നുചേരുന്നതിനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഈ യാത്രാജീവിതം കഴിഞ്ഞശേഷം സ്വർഗ്ഗത്തിൽ ചെന്നു ചേരുക മാത്രമല്ല, ദൈവൈക്യംതന്നെ പ്രാപിക്കേണ്ടവനാണ് മനുഷ്യൻ. ആകയാൽ ഈ പരമലക്ഷ്യം എപ്പോഴും മുമ്പിൽ വച്ചുകൊണ്ടു വേണം മനുഷ്യൻ വ്യാപരിക്കുവാൻ. ഈ ലക്ഷ്യപ്രാപ്തിക്കു സഹായിക്കത്തക്കവിധം അവൻെറ വിചാരം വചനം പ്രവൃത്തി എന്നിവയെല്ലാം ക്രമീകരിക്കണം. ദൈവമല്ലാത്തതൊ ദൈവത്തിലേയ്ക്കു് നയിക്കാത്തതൊ ഒന്നും "നല്ലതു്" എന്ന പദത്തിനർഹമല്ല. വ്യർത്ഥമത്രെ. മനുഷ്യൻെറ ദിനചര്യകളിൽ ഏററം ചെറുതുപോലും പരമാർത്ഥ്യ പ്രാപ്തിക്കു സഹായിക്കുന്നതാകയാൽ അതോരോന്നും എത്രയും സാരമായതുതന്നെ. "ദൈവസിദ്ധിക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യാ നീ ലോകത്തെ ഇത്ര ആവേശത്തോടെ ആരായുന്നതെന്തുകൊണ്ടു്?" എന്നു വി. ഈറാനീമ്മോസ് ചോദിക്കുന്നു. പരമാർത്ഥ്യ ചിന്തയുടെ അഭാവംനിമിത്തമാണ് നമ്മുടെ പെരുമാററങ്ങളിൽ ഗൌരവക്കുറവും കാര്യബോധ രാഹിത്യവും സമാധാന ഭംഗവും വന്നുകൂടുന്നതു്. സ്വർഗ്ഗത്തിൻെറ നിർമ്മലതയേയും മാലാഖാമാരുടെ വിശുദ്ധിയേയും സീമാതീതം അതിലംഘിക്കുന്ന പരിശുദ്ധനായ ദൈവത്തിൽചെന്നു ചേരാനുള്ള മനുഷ്യൻ, തന്നെത്തന്നെ എത്രമാത്രം ശുദ്ധീകരിപ്പാനാവശ്യമായിരിക്കുന്നു. "സ്വർഗ്ഗസ്ഥനായ പിതാവു പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിപ്പിൻ."

(ഗിരിപ്രഭാഷണം.)

## 14. പരിശുദ്ധത്രിത്വം– വിശ്വാസരഹസ്യം.

"ദൈവത്തെ സമീപിപ്പാൻ വിശ്വാസം വഴിയായിട്ടു സാധിക്കു" എന്നു അപ്പൊസ്തോലൻ പറയുന്നു. ദൈവം ശാരീരികനേത്രങ്ങൾക്കു അദൃശ്യനാകയാൽ, ആത്മീയ നേത്രങ്ങൾകൊണ്ടു വേണം അവിടുത്തെ ദർശിക്കുവാൻ. ആത്മാവിന്റെ കണ്ണാകട്ടെ വിശ്വാസമാകുന്നു. എന്നാൽ അരൂപികളായ മാലാഖാമാർക്കുപോലും ദൈവത്തെ ശരിയായി ഗ്രഹിപ്പാൻ സാദ്ധ്യമല്ല. ആകയാൽ, തന്നെക്കുറിച്ചു തന്നെ ദൈവം വെളിപ്പെടുത്തി തന്നിട്ടുള്ളവയെ വിശ്വസിക്കാനെ നമുക്കു തരമുള്ളു. നമ്മുടെ മതവിശ്വാസത്തിനു വിഷയമായി പല രഹസ്യങ്ങളുമുണ്ട്. അവയിൽ സർവപ്രധാനവും അത്യഗാധവുമായതു് പരിശുദ്ധതമത്രിത്വത്തിന്റെ രഹസ്യമാകുന്നു. യാതൊന്നും മനസ്സിലായില്ലെങ്കിലും ഏവരും ഇതു വിശ്വസിച്ചേ മതിയാവൂ. സൃഷ്ടവസ്തുക്കളിൽപോലും മനുഷ്യബുദ്ധിക്കു എത്തുപെടാത്തവണ്ണം ഗഹനങ്ങളായ അനേകം വസ്തുതകൾ ഉണ്ടായിരിക്കുന്നെങ്കിൽ, അപരിമിതനും സർവകാരണനും സ്വയംഭൂവുമായ ദൈവം അഗ്രാഹ്യനായിരിക്കുന്നതിൽ എന്താണ് വിസ്മയിപ്പാനുള്ളതു്.

ഈ വിശ്വാസരഹസ്യം മനുഷ്യന്റെ സ്വാഭാവിക ഗ്രഹണശക്തിയെ കവിയുന്നെങ്കിലും, അതു യാതൊരു തരത്തിലും യുക്തിക്കു വിരുദ്ധമല്ല. പ്രായമുള്ളവർക്കു മനസ്സിലാകുന്ന പലതും കുഞ്ഞുങ്ങൾക്കു മനസ്സിലാകുകയില്ല. ഒരു മാലാഖയിക്കു ഗ്രഹിക്കാൻ കഴിയുന്നതെല്ലാം അതിബുദ്ധിമാനായ മനുഷ്യനും ഗ്രഹിക്കയില്ല, ഇവയെല്ലാം മനുഷ്യബുദ്ധിയുടെ കേവലം പരിമിതാവസ്ഥയെ കാണിക്കു

ന്നു. തങ്ങൾക്കു മനസ്സിലാകാത്തവയെ കാരണവന്മാരു ടെ സാക്ഷ്യം ആധാരമാക്കി മക്കൾ വിശ്വസിക്കുന്നതു പോലെതന്നെ, നിത്യസത്യമായ ദൈവത്തിൻെറ സത്യത്വത്തെ ആധാരമാക്കി നമ്മളും വിശ്വസിക്കേണ്ടതിനായി ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളിൽ പ്രഥമഗണനീയമാകുന്നു പ. ത്രിത്വരഹസ്യം. ഈ വിശ്വാസം നമ്മെ എളിമയുള്ളവരാക്കുകയും വലിയ സ്വർഗ്ഗസമ്മാനത്തിനർഹത നല്കുകയും ചെയ്യുന്നു. "പിന്തിരിഞ്ഞു കൊച്ചുകുഞ്ഞുങ്ങളെപ്പോലെ ആയിട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കണം" എന്നാണല്ലോ കർതൃശാസനവും. മഹാ പണ്ഡിതനും ലോകദീപവുമായ വി. ആഗുസ്തീനോസ് പ. ത്രിത്വരഹസ്യം കണ്ടുപിടിപ്പാനായി ദീർഘനാൾ തലകാഞ്ഞു പണിപ്പെട്ടെങ്കിലും ലജ്ജിച്ചു പിന്മാറേണ്ടിവന്നു. "അത്യുന്നതനെ ചുഴിഞ്ഞു നോക്കുന്നവൻ തൻെറ പ്രതാപത്താൽ അടിച്ചമർത്തപ്പെടും" എന്നു് അപ്പസ്തോലൻ പറഞ്ഞിരിക്കുന്നു. സ്രഷ്ടാവിൻെറ അമേയത്വത്തെ അളന്നെത്തിക്കുവാൻ സൃഷ്ടി ഉദ്യമിക്കുന്നതിൽപരം മൌഢ്യം മറ്റെന്തുണ്ടു്?

## 15. ആരാധനാകേന്ദ്രം.

ഒരു സത്യവിശ്വാസിയുടെ ഭക്തിക്കും വണക്കത്തിനും വിഷയീഭവിക്കുന്നതായി പലതും തിരുസഭയിലുണ്ടു്. അവയിലൊന്നാണു് വിശുദ്ധന്മാരോടുള്ള ഭക്തി. എന്നാൽ ഒരു വിശ്വാസിയുടെ ഭക്തി വണക്കങ്ങളുടെ ഏററം മുഖ്യമായ വിഷയം ഏതെന്നു ചോദിച്ചാൽ പലരും പലതരത്തിൽ മറുപടി പറഞ്ഞേക്കാം. സർവ്വപ്രധാനമായ വിഷയം പ. ത്രിത്വമാണെന്നു് ധരിച്ചിട്ടില്ലാത്തവരും ധാരാളമുണ്ടാകും. അധികമാളുകളുടേയും ഭക്തിക്കു ഒരു

ഐന്ദ്രിക വശമുണ്ട്. അതു നിമിത്തമാണ് വിശുദ്ധന്മാരുടെ പ്രതിമാസമക്ഷം തിരികത്തിക്കുക പ്രാർത്ഥിക്കുക മുതലായവയിൽ അവർ കൂടുതലായ ഔൽസുക്യം പ്രദർശിപ്പിക്കുന്നതു്. വി. കുർബാനയിൽ പ. ത്രിത്വം സന്നിധി കൊള്ളുന്നുവെന്ന യാഥാർത്ഥ്യം അവർക്കു അല്പംകൂടി ചിന്താവിഷയമായിരുന്നെങ്കിൽ സ്വരൂപങ്ങളെക്കാൾ സക്രാരി അവർക്കു കൂടുതൽ ആകർഷകമാകുമായിരുന്നു.

വിശുദ്ധന്മാർ പ. ത്രിത്വത്തിൻ മുമ്പാകെ നമ്മുടെ മദ്ധ്യസ്ഥന്മാരാണ്. പ. ത്രിത്വത്തിൻ പക്കൽ നാം എത്തിച്ചേരുന്നതിന് അവർ നമുക്കു മാർഗ്ഗദീപങ്ങളാണ്. ഈ നിലയിൽ അവരെ ബഹുമാനിക്കുന്നതു നല്ലതുതന്നെ· എന്നാൽ മററെല്ലാററിനേക്കാൾ അധികമായും പൂർണ്ണഹൃദയത്തോടെയും സ്രഷ്ടാവായ ത്രിത്വത്തെ അറിയണം, സമീപിക്കണം, സ്നേഹിക്കണം, വണങ്ങണം. ഇതത്രെ ദൈവം ഒന്നാമതായി കല്പിച്ചിരിക്കുന്നതും വിശുദ്ധന്മാർ തന്നേയും സർവ്വോപരി നമ്മോടുപദേശിക്കുന്നതും സൂര്യപ്രകാശസാന്നിദ്ധ്യത്തിൽ ചന്ദ്രനക്ഷത്രങ്ങളുടെ ശോഭ അപ്രത്യക്ഷമാകുന്നുവല്ലോ· പരിശുദ്ധരെ അനുകരിച്ചും അവരുടെ മാദ്ധ്യസ്ഥ്യ സഹായത്തോടുകൂടിയും, പരമാന്ത്യമായ പരി. ത്രിത്വത്തിങ്കൽ എത്തുവാനാണ് നാം സർവ്വാത്മനാ ശ്രദ്ധിക്കേണ്ടതു്. നമ്മുടെ ഹൃദയവേദിയിൽ പ.. ത്രിത്വത്തിന് പ്രഥമസ്ഥാനം നല്കണം. ഭക്തി എന്ന പദം ആത്മസമർപ്പണത്തെ സൂചിപ്പിക്കുന്നു. ആകയാൽ അന്വർത്ഥമായ ഭക്തിക്ക് അർഹതയും യോഗ്യതയും ദൈവത്തിനു മാത്രമേയുള്ളു· വിശുദ്ധന്മാരുടെ നേർക്കുള്ള ഭക്തി യഥാർത്ഥ ഭക്തിയായിരിക്കണമെങ്കിൽ, അതു പ. ത്രിത്വഭക്തിയെ

പ്രോത്സാഹിപ്പിക്കയും ത്രിത്വത്തിങ്കലേക്കു നമ്മെ നയിക്കയും ചെയ്യുന്നതായിരിക്കണം. സ്വൎഗ്ഗത്തിൽ സ്വൎഗ്ഗവാസികളുടേയെല്ലാം സ്നേഹസ്തോത്രാരാധനകളുടെ ഏക വിഷയം പ. തമത്രിത്വമാകയാൽ, ഭൂവാസികളായ നമ്മുടേയും ഈ പ്രയാണകാലത്തിലെ ഭക്തികേന്ദ്രം പ. ത്രിത്വമായിരിക്കണമെന്നു യുക്തിതന്നെ അനുശാസിക്കുന്നുണ്ടു്.

എന്നാൽ, മററു ഭക്തികൾപോലെ പ. ത്രിത്വഭക്തി നമ്മുടെ അനുദിന ജീവിതത്തിൽ പ്രായോഗികമാക്കാനെളുപ്പമില്ല എന്നു കരുതുന്നവരുണ്ടായേക്കാം. എങ്കിൽ ഈ അഭിപ്രായം അത്ര ശരിയല്ല. യഥാൎത്ഥവിശ്വാസവും ഭക്തിയുമുള്ളവരുടെ ബുദ്ധിയിലും മനസ്സിലും ഒരു കാന്തശക്തിപോലെ ത്രിത്വഭക്തി പ്രവൎത്തിക്കുന്നുണ്ടു്. അവരുടെ ജീവിതത്തിനു ദീപവും ചൂടും ചൈതന്യവും ദാനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ശക്തികേന്ദ്രമാണു് അതവൎക്കു്. ആദ്ധ്യാത്മിക ജീവിതാഭിവൃദ്ധിയും പ. ത്രിത്വഭക്തിയും– സാവധാനമെങ്കിലും– ഒരുമിച്ചു പുരോഗമിക്കുമെന്നുള്ളതു് ഒരു പ്രമാദരഹിതമായ നിയമമാണെന്നു് അനുഭവം അവൎക്കു് ഉറപ്പുനല്കുന്നു. നമുക്കും ഒന്നു പരീക്ഷിച്ചുനോക്കാം.

## 16. ത്രിത്വഭക്തിയുടെ മാഹാത്മ്യവും ആവശ്യവും.

സകലത്തിന്റെയും ആരംഭവും അവസാനവും പ. ത്രിത്വമാകുന്നു. സകല ഭക്തികളുടേയും കൊണ്ടാട്ടങ്ങളുടേയും ഉത്ഭവവും പരമാന്ത്യവും പ. ത്രിത്വമാകുന്നു. സകല തിരുനാളുകളിലുംവച്ചു് ഏററം മുഖ്യമായതു പ. ത്രിത്വത്തിന്റെ തിരുനാളാകുന്നു. മററു തിരുനാളുകൾപോലെ

ബാഹ്യാഡംബരങ്ങളോടുകൂടി ഈ തിരുനാൾ കൊണ്ടാടാത്തതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, യഥായോഗ്യം ആഘോഷിപ്പാൻ നമുക്കു സാധിക്കയില്ല. രണ്ട്, ആണ്ടുവട്ടത്തിലുള്ള ഞായറാഴ്ചകളെല്ലാം പ. ത്രിത്വത്തിൻെറ തിരുനാളായിട്ടാണ് സഭ നേൎന്നിരിക്കുന്നത്. ഞായറാഴ്ചദിവസം മുഴുവൻ പ. ത്രിത്വരഹസ്യധ്യാനത്തിലും അരാധനാപ്രാൎത്ഥനകളിലും വിനിയോഗിക്കണമെന്നാണ് സഭാനിർദ്ദേശം. "ഞങ്ങളുടെ ശരീരങ്ങളെ ഉയൎപ്പിക്കയും ആത്മാക്കളെ രക്ഷിക്കയും ചെയ്യുന്നവനും ഞങ്ങളുടെ പ്രാണനെ അനുനിമിഷം പരിരക്ഷിക്കുന്നവനും നീയാകയാൽ, പിതാപുത്രപരിശുദ്ധാത്മാവായ ത്രിത്വൈകസൎവ്വേശ്വരാ! നിന്നെ എല്ലാ സമയത്തും എല്ലാ സ്ഥലത്തും ഇടവിടാതെ ആരാധിപ്പാനും സ്തുതിപ്പാനും ഏററുപറയുവാനും ഞങ്ങൾ കടമതലക്കാരായിരിക്കുന്നു." എന്നുള്ള കുർബാനയിലെ ജപംതന്നെ പ. ത്രിത്വഭക്തിയുടെ മാഹാത്മ്യത്തെയും ആവശ്യകതയും വിളിച്ചു പറയുന്നുണ്ട്. മാമ്മോദീസാ വഴിയായി പ. ത്രിത്വത്തിൻെറ നാമത്തിലാണ് നാം ദൈവമക്കളും സ്വൎഗ്ഗാവകാശികളുമായി തീൎന്നത്. "നിന്നെ സൃഷ്ടിച്ച പിതാവിൻെറയും, നിനക്കായി മരിച്ച പുത്രൻെറയും, നിന്നെ ശുദ്ധീകരിച്ച പവിത്രാത്മാവിൻെറയും നാമത്തിൽ ഈ ലോകത്തിൽനിന്നും പുറപ്പെടുക" എന്നാണ് മരണാവസരത്തിൽ സഭാമാതാവ് നമ്മോടു പറയുന്നതും.

സൃഷ്ടിയുടേയും വീണ്ടെടുപ്പിൻെറയും രഹസ്യങ്ങൾക്ക് മൂലാധാരമായി നില്ക്കുന്നതുതന്നെ പ. ത്രിത്വരഹസ്യമാണ്. മനുഷ്യൻെറ അസ്തിത്വം, മാഹാത്മ്യം, പരമാന്ത്യം, മനുഷ്യാവതാരം, പരിത്രാണം ശുദ്ധീകരണമാദിയായ വേദസത്യങ്ങൾ ത്രിത്വശാസ്ത്രത്തിൻെറ വെളിച്ചത്തിൽ മാത്ര

മെ ശരിയായി ഗ്രഹിപ്പാനും മതിപ്പാനും സ്നേഹിപ്പാനും സാധിക്കു. എങ്കിലും ഇതിനെപ്പററി വേണ്ടവണ്ണം പഠിക്കയൊ പഠിപ്പിക്കയൊ ചെയ്യുന്നില്ലെന്നുള്ളതു് നിർഭാഗ്യകരംതന്നെ. തിരുസഭാമാതാവു് പ. ത്രിത്വരഹസ്യത്തിനു യഥാർഹമായ സ്ഥാനം നല്കിയിട്ടുണ്ടെന്നുള്ളതു് അവളുടെ ആചാരക്രമങ്ങളും തിരുകർമ്മങ്ങളും സൂക്ഷിച്ചാൽ മനസ്സിലാകും. എന്നതുകൊണ്ടു മാത്രം സഭാസന്താനങ്ങളിൽ ഈ ഭക്തി വേണ്ടുംവണ്ണം ഉണ്ടെന്നൊ ഉണ്ടാകുമെന്നൊ പറഞ്ഞുകൂടല്ലൊ. തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ പ. ത്രിത്വഭക്തി ഒരു പ്രചോദകഘടകമായിരിക്കുന്നുണ്ടെന്നു് പറവാൻ ധൈര്യമുള്ളവർ എത്രയുണ്ടാകും. നമ്മുടെ ഓരോരോ ആവശ്യങ്ങളിൽ പ. കന്യകാമാതാവിനോടൊ മററു വിശുദ്ധന്മാരോടൊ സഹായമപേക്ഷിപ്പാൻ നമുക്കുള്ള അഭിനിവേശംപോലെ പ. ത്രിത്വത്തിങ്കലും അഭയം തേടാനുള്ള ചാച്ചിൽ നമുക്കുണ്ടോ? തൻെറ ജീവിതത്തെയും ആരംഭാവസാനങ്ങളെയും സംബന്ധിച്ചിടത്തോളം പ. ത്രിത്വവുമായുള്ള ബന്ധം എന്തുമാത്രമെന്നു് സാവധാനം തലകൊടുത്തു ചിന്തിച്ചിട്ടുള്ളവർ നന്നാ ചുരുക്കമല്ലായിരിക്കുമൊ? നാം അഭ്യസിച്ചു അനുഷ്ഠിച്ചും വരുന്നതുതന്നെ എന്തെന്നു് നാം ആലോചിക്കാറില്ല. ആത്മജ്ഞാനം സിദ്ധിച്ചു്, നിലയും വിലയും ഗ്രഹിച്ചു്, ചുമതലകൾ നിർവഹിച്ചു് ജീവിതം സാക്ഷാൽകരിക്കുന്നതിനു്, പ. ത്രിത്വശാസ്ത്രജ്ഞാനം വളരെ പ്രയോജകീഭവിക്കുമെന്നുമാത്രമല്ല അനുപേക്ഷണീയവുമത്രെ.

അയർലണ്ടിൻെറ പ്രേഷിതനായ പേട്രിക്ക്, പകൽസമയത്തു് നൂറുപ്രാവശ്യവും അത്രയുംതവണതന്നെ രാത്രിയിലും നിലംമുത്തി പ. ത്രിത്വത്തെ ആരാധിച്ചുവ

ന്നു. വേറൊരു ഭക്താത്മാവ് ദിവസത്തിൽ മൂന്നൂററമ്പതു പ്രാവശ്യം സാഷ്ടാംഗപ്രണാമം ചെയ്തു പ. ത്രിത്വത്തെ ആരാധിച്ചിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന തു് വിശ്വസിക്കാൻതന്നെ പ്രയാസം. പ. ക. മറിയവും മററു പല വിശുദ്ധന്മാരും ഈ ഭക്തിയിൽ വളരെ ശ്രദ്ധാലുക്കളായിരുന്നെന്നു അവരുടെയും ജീവചരിത്രം സാക്ഷിക്കുന്നുണ്ടു്. "ആകാശവും ഭൂമിയും തന്റെ മഹിമപ്രതാപത്താൽ നിറഞ്ഞിരിക്കുന്ന സൈന്യങ്ങളുടെ കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു അട്ടഹസിച്ചുകൊണ്ടു മാലാഖാമാരുടെ ഗണവൃന്ദങ്ങൾ ഇടവിടാതെ പ. ത്രിത്വത്തെ ആരാധിക്കുന്നതായിട്ടാണു് ഏശയ്യാസ്സിനു ദിവ്യദശനമുണ്ടായതു്. "പ. ത്രിത്വമെ! എന്റെ ഭാഗ്യമെ!" എന്നു കൂടക്കൂടെ ഭക്തിപാരവശ്യത്തോടെ ചൊല്ലിവന്ന വി. ശൌയ്യാരെ അനുകരിക്കുന്ന പക്ഷം, നമുക്കും പ. ത്രിത്വഭക്തിയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിന്നു് എളുപ്പമുണ്ടു്.

## 17. സ്രഷ്ടാവായ ദൈവം— പിതാവു്.

### മാലാഖാമാരുടെ സൃഷ്ടി

ദൈവത്തിന്നു് ആന്തരികവും ബാഹ്യവുമായ ഇരുതരത്തിലുള്ള മഹത്വങ്ങളുണ്ടെന്നും, തന്റെ ആന്തരികപ്രതാപത്തെ മററുള്ളവർ അറിഞ്ഞു പുകഴ്ത്തുന്നതിലാണു ബാഹ്യമഹത്വവും സ്തുതിയും അടങ്ങിയിരിക്കുന്നതെന്നും നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണു്. തന്റെ അനന്തജ്ഞാനം, ശക്തി, സ്നേഹം ആദിയായ ഗുണങ്ങളെ ഗ്രഹിച്ചു തന്നെ കൊണ്ടാടുവാനായി വിശേഷബുദ്ധി നല്കികൊണ്ടു് ദൈവം നിർമ്മിച്ച പ്രഥമസൃഷ്ടി മാലാഖാമാരാകുന്നു.

ഇവർ ദൈവത്തെപ്പോലെ അരൂപികളാണ്. ദൈവഛായ ഏറ്റം കൂടുതലായി പതിഞ്ഞിട്ടുള്ളതും ഇവരിലാണ്. അറിവിലും ശക്തിയിലും ദീപ്തിയിലും മനഃസ്വാതന്ത്ര്യത്തിലും വിശുദ്ധിയിലും ഇവർക്കുള്ള സമ്പത്ത് വിസ്മയനീയമാണ്. എന്നു വരികിലും ഇവയെല്ലാം കേവലം പരിമിതമത്രെ. ദൈവം ഇവർക്കു നല്കിയിടത്തോളമേയുള്ളൂ. ഇതരസൃഷ്ടികളെ അപേക്ഷിച്ചു ഇവർ കൂടുതൽ പൂർണ്ണരും പ്രതാപവാന്മാരുമാകുന്നുവെന്നുമാത്രം.

ഈ ഉന്നതസ്ഥരായ മാലാഖാമാരിൽ ചിലർ തങ്ങളുടെ പൂർണ്ണതയിലും പ്രതാപത്തിലും ആശ്രയമതികളായി തീർന്ന് അഹങ്കരിക്കയും ദൈവത്തിൻെറ അപ്രീതിക്കും ശിക്ഷക്കും പാത്രീഭവിക്കയും ചെയ്തു. ശിക്ഷിതരുടെ എണ്ണം രക്ഷപെടുന്ന മനുഷ്യരുടേതിനോടു തുല്യമെന്നു അഭിപ്രായക്കാരുണ്ട്. ശേഷിച്ചവരെ ദൈവം നിത്യസ്വർഗ്ഗസൌഭാഗ്യത്തിനർഹരാക്കി. ഇവർ എണ്ണത്തിൽ അസംഖ്യരാകുന്നു. ഇവർ ഒമ്പതു വൃന്ദങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്നുവെന്നത്രെ വേദശാസ്ത്രികളുടെ അഭിപ്രായം ഒമ്പതു വൃന്ദങ്ങളെ വീണ്ടും മൂന്നു ഹയറാർക്കികളായും വിഭാഗിച്ചിരിക്കുന്നുവെന്നാണ് അവരുടെ അഭിമതം. അശരീരികളായ ഇവരെ പൊതുവിൽ 'മാലാഖാ'മാർ എന്ന് വിളിക്കുന്നുവെങ്കിലും ഏറ്റം താണ വൃന്ദത്തിലുള്ളവരാണ് ഈ സംജ്ഞയാൽ കുറിക്കപ്പെടുന്നതു്. ഭക്തിജ്ജ്വാലകർ, ജ്ഞാനാധിക്യർ, ഭദ്രാസനന്മാർ, തത്വകന്മാർ, ബലവത്തുക്കൾ, പ്രാഥമികന്മാർ, അതിദൂതന്മാർ എന്നിപ്രകാരമാണ് മററു വൃന്ദക്കാരുടെ സംജ്ഞകൾ. ഒരു വൃന്ദത്തിൽ പെട്ടവരെല്ലാം ഒരേ സ്വഭാവവും പൂർണ്ണതയുമുള്ള തുല്യരാണെന്നും അതല്ലാ ഓരോ മാലാഖായിക്കും പ്രത്യേക

സ്വഭാവമാണുള്ളതെന്നും ശാസ്ത്രികളുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു. മിഖേൽ, ഗബ്രിയേൽ, റപ്പേൽ എന്നീ മൂന്നു മാലാഖാമാർ മാത്രമെ വേർതിരിച്ചു നമുക്കറിയപ്പെട്ടിട്ടുള്ളു. ഇവർ മൂവരും 'അതിദൂതന്മാർ' എന്ന താണഗണത്തിൽ പെട്ടവരാണ്. എങ്കിലും സ്വാശ്രയബുദ്ധികളായി അഹങ്കരിച്ചവരോടു എതിർത്ത് ദൈവാശ്രയരായി നിന്നവരുടെ നേതൃത്വം വഹിച്ചതു മിഖേൽ ആയതിനാൽ ദൈവം അയാളെ സ്വർഗ്ഗീയ സൈന്യങ്ങളുടേയെല്ലാം തലവനായി നിയമിച്ചു.

ദൈവദൂതന്മാർ ജ്ഞാനത്തിൽ എത്രയും മികച്ചവരാണെങ്കിലും മനുഷ്യരുടെ ഉള്ളിലെ വിചാരങ്ങൾ ബാഹ്യപ്രകടനങ്ങൾക്കു ഏതെങ്കിലും തരത്തിൽ വിധേയമാകാത്തിടത്തോളംകാലം മാലാഖാമാക്കു അറിവാൻ സാധിക്കയില്ല. ഇപ്രകാരംതന്നെ ഭാവികമ്മങ്ങളെ സംബന്ധിച്ചും പറയേണ്ടിയിരിക്കുന്നു. (ഈ വിഷയത്തിൽ മാലാഖാമാരും പിശാചുക്കളും തുല്യരത്രെ.)

സ്ഥാനത്തിലും. മഹത്വത്തിലും എന്നപോലെ തന്നെ മാലാഖാമാർ ജോലിയിലും വ്യത്യസ്തരാകുന്നു. ചിലർ ദൈവസന്നിധിയിൽ എപ്പോഴും നിന്നുകൊണ്ടു അവിടത്തെ സ്തുതിച്ചാരാധിക്കുന്നു. മററു ചിലർ ദൈവദൌത്യം വഹിപ്പാൻ നിയുക്തരാകുന്നു. ചിലരാകട്ടെ സൃഷ്ടവസ്തുക്കളുടെ പരിപാലനാകമ്മത്തിൽ ദൈവത്തോടു സഹകരിച്ച് ദൈവനിർദ്ദേശങ്ങൾ നിർവഹിക്കുന്നു. ഒരു കൂട്ടർ മനുഷ്യക്കു അകമ്പടിക്കാരായി നിയോഗിക്കപ്പെട്ടിരിക്കുന്നു. ഏററം താണ പദക്കാരായ മാലാഖാമാരാണ് സാധാരണമായി ഈ ജോലി നടത്തുന്നതെങ്കിലും, മെത്രാന്മാർ രാജാക്കൾ

ആദിയായ പ്രത്യേകവ്യക്തികൾക്കും സ്ഥാനികൾക്കും ഉയന്ന ഗണത്തിലെ മാലാഖാമാരെ നിയമിക്കാറുണ്ടു്. അപ്രകാരംതന്നേ, രാജ്യങ്ങൾക്കും പട്ടണങ്ങൾക്കും, പള്ളികൾക്കും സ്ഥാപനങ്ങൾക്കും, പ്രത്യേകം പ്രത്യേകം കാവൽ ദൂതന്മാരുള്ളതായി വിശ്വസിക്കപ്പെടുന്നു. ഏതു ജോലിയിലും സ്ഥലത്തും ആയിരിന്നാലും, ഇവരേവരും എപ്പോഴും ദൈവദർശനത്തിൻെറ ആനന്ദസൌഭാഗ്യം അനുഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

## 18. മനുഷ്യസൃഷ്ടി.

ദൈവം അനന്തനന്മയാകുന്നു. സ്വയം പ്രവഹിക്കുക എന്നതു നന്മക്കുള്ള സ്വാഭാവിക വിശേഷമത്രെ. മാത്രമല്ല, തന്നെപ്പോലെതന്നെ ഇതരന്മാരെയും സൌഭാഗ്യരാക്കിത്തീക്കുകയെന്നതും നന്മയുടെ പ്രകൃതമാകുന്നു. ആകയാൽ മാലാഖാമാരെ ദൈവം സൃഷ്ടിച്ചതു്, തന്നെ മഹത്വീകരിക്കുന്നതിനുവേണ്ടി മാത്രമല്ല, തന്നോടുകൂടി അവരും നിത്യസൌഭാഗ്യവാന്മാരാകുവാൻവേണ്ടി കൂടിയാണ്. എന്നാൽ അവരിലൊരുഭാഗം— ഒരുപക്ഷെ മൂന്നിലൊന്നു— ആ സൌഭാഗ്യത്തിനു തങ്ങളെതന്നെ അനർഹരാക്കിത്തീത്തു. ചില ശാസ്ത്രികൾ എഴുതിയിരിക്കുംപോലെ ശിക്ഷിതരായ മാലാഖാമാർ ഒഴിച്ചിട്ട സ്ഥാനങ്ങളെ നിറയ്ക്കുവാനായിട്ടോ, അതല്ല, ദൈവത്തിൻെറ അനന്തകാരുണ്യത്തിൻ കേവല ഫലമായിട്ടോ, ഏതായിരിന്നാലും അവിടുന്ന് മാലാഖാമാരിൽനിന്നും അല്പം താണ പദവിയിലുള്ള വേറൊരു കൂട്ടരെ ബുദ്ധിയും സ്വാതന്ത്ര്യവുമുള്ളവരായി സൃഷ്ടിച്ചു. ഈ പുതിയ സൃഷ്ടിയാണ് മനുഷ്യൻ.

മാലാഖായെപ്പോലെ വെറും അരൂപിയായിട്ടല്ല

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു്. മനുഷ്യന്റെ ജീവാത്മാവിനെ ദൈവം ഒരു ശരീരത്തോടു സംയോജിപ്പിച്ചു. അരൂപിയായ ആത്മാവിന്, അതിന്റെ സ്വഭാവത്താലെ തന്നെ, ഓർമ്മബുദ്ധി മനശ്ശക്തികളും സ്വാതന്ത്ര്യവും അമർത്ത്യതയുമുണ്ടു്. തന്നിമിത്തം മനുഷ്യാത്മാവിൽ ദൈവത്തിന്റെ ഛായ വിശേഷവിധിയായി പതിഞ്ഞിരിക്കയും ചെയ്യുന്നു. എന്നാൽ ഇതിനുംപുറമെ, 'പ്രസാദവരം' എന്ന ഒരു പ്രത്യേകദാനംകൂടി ദൈവം ആത്മാവിനു നല്കി, ഈ ദാനത്തിന് ആത്മാവിന്റെ അതിസ്വാഭാവികജീവൻ എന്നും പേരുണ്ടു്. ഇതു വഴിയായി ദൈവത്തിന്റെ പ്രതിഛായമാത്രമല്ല സാരൂപ്യംതന്നെയും ആത്മാവിനു സിദ്ധിക്കുന്നു. "ആദം നമ്മിലൊരാളെപ്പോലെ ആയിതീൎന്നു" എന്ന് ആദ്യ മനുഷ്യനെക്കുറിച്ചു ദൈവം പ്രഖ്യാപിക്കയുണ്ടായി. കൂടാതെ, സ്വഭാവേതരങ്ങളായ മററു പല ദാനങ്ങളാലും ദൈവം മനുഷ്യനെ അലങ്കരിച്ചു. ഈ അവസ്ഥയിൽ മനുഷ്യൻ നിലനിന്നാൽ, ക്രമേണ അവനും സന്തതികളും മാലാഖാമാരോടുകൂടി ദൈവത്തിന്റെ അഭിമുഖദർശനത്തിനും അനവധതമായ ആനന്ദാനുഭൂതിക്കും അർഹരാകുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടു്, ആദിമ പുരുഷനേയും സ്ത്രീയേയും "വളൎന്നു പെരുകുക" എന്ന ആജ്ഞയോടും അനുഗ്രഹത്തോടുംകൂടി ഭൌമ്യപറുദീസായിൽ ദൈവം സ്ഥാപിച്ചു. ത്രൈകദൈവത്തിന്റെ സീമാതീത സ്നേഹവും കരുണയും മനുഷ്യസൃഷ്ടി വഴിയായി ഇങ്ങനെ ഒരു നവീനരൂപത്തിൽ വീണ്ടും പ്രകടിതമായി.

## 19 മനുഷ്യന്റെ അകമ്പടിക്കാർ.

ലോകമുറയ്ക്കു പറഞ്ഞാൽ മനുഷ്യനു താമസിപ്പാൻ ഒരു വീട് ആവശ്യമാണ്. ആ വീടു വയ്ക്കുവാൻ

ഒരു സ്ഥലം വേണം. വീട്ടിൽ പെരുമാററ സാമാനങ്ങളും അലങ്കാരങ്ങളും ഏറക്കുറെ ഉണ്ടായിരിക്കും. പറമ്പിൽ ഉദ്യാനങ്ങളും അവയിൽ പലതരം ചെടികളും പുഷ്പങ്ങളും ഉണ്ടായിരിക്കും. ഇപ്രകാരംതന്നെ, ഒരു പുത്രൻ ദൂരെയാത്രക്കൊരുങ്ങിയാൽ അവൻെറ അപ്പൻ മകൻെറ യാത്ര കഴിയുന്നതും സുഖകരമായിരിക്കുന്നതിലേക്ക് വേണ്ട സജ്ജീകരണങ്ങളെല്ലാം സശ്രദ്ധം ചെയ്യാറുണ്ട്. ഇതേ രൂപത്തിലാകുന്ന പിതാവായ ദൈവം മനുഷ്യൻെറ കാൎയ്യത്തിലും പ്രവൎത്തിച്ചിരിക്കുന്നതു്. മനുഷ്യാത്മാവിനെ ഭൂലോകയാത്രാ ജീവിയായി സൃഷ്ടിച്ച സ്ഥിതിക്ക്, ആത്മാവിനു സ്ഥിതിചെയ്യുവാൻ ശരീരമാകുന്ന വീടിനെ ദൈവം നിൎമ്മിച്ചു. ശരീരത്തിൻെറ ആവശ്യങ്ങൾ പ്രമാണിച്ച് ഭൂമിയെ സൃഷ്ടിച്ചു. വീടായ ശരീരത്തെ പഞ്ചേന്ദ്രിയാദിഭൂഷണങ്ങളാലും, ഉദ്യാനമായ ഭൂമിയെ പക്ഷിമൃഗാദികളാലും പുല്ലുപുഷ്പാദികളാലും അലങ്കരിച്ചു മാത്രമല്ല, സൂൎയ്യചന്ദ്രനക്ഷത്രാദികളായ അസംഖ്യം വിസ്മയനീയമായ ആകാശഗോളങ്ങൾ അകമ്പടി സേവിച്ചുകൊണ്ടു് മനുഷ്യജീവിതത്തെ ആമോദകരമാക്കിയിരിക്കുന്നു. മനുഷ്യൻ ഇവവഴിയായി ദൈവത്തെ അറിഞ്ഞു് സ്നേഹിച്ച് സേവിച്ചും ഇവയെ കൃതജ്ഞതാപൂൎവ്വം ഉപയോഗിച്ചും കൊണ്ടു് സ്രഷ്ടാവിലേക്കു മാനസികമായി ഉയരുകയും, ദൈവൈക്യവും നിത്യസൌഭാഗ്യവും കൈവരുത്തുകയും ചെയ്യുവാനായിട്ടാണു് ഈ അകമ്പടിക്കാരെ അഥവാ പരിചാരക സൃഷ്ടികളെ അവനു് നല്കിയിരിക്കുന്നതു്. അകമ്പടിക്കാരായ സൃഷ്ടവസ്തുക്കൾ ഓരോന്നും അതിൽതന്നെ നല്ലതെങ്കിലും, ഓരോ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവയുടെ ഉപയോഗം എല്ലാവൎക്കും ഒന്നുപോലെ നന്നായിരിക്കയില്ല.

താന്താങ്ങളുടെ പരമാന്ത്യ പ്രാപ്തിക്ക്— ദൈവൈക്യം— സ്വൎഗ്ഗലബ്ധി— ഇവ ഓരോന്നും എന്തുമാത്രം ഉതകുന്നു അല്ലെങ്കിൽ ഇല്ലാ എന്ന്, പ്രായം, പരിചയം, ബുദ്ധിശക്തി ഇവ ഉപയോഗിച്ച് നിൎണ്ണയിക്കേണ്ടതു് അവനവനാണ്. ഇതിനായി, വിവേചനാ വൈഭവവും സ്വാതന്ത്ര്യവും ദൈവം ഓരോരുത്തക്കും നല്കിയിട്ടുണ്ടു്. ആകയാൽ, പരമലക്ഷ്യസിദ്ധിക്ക് സഹായിക്കുന്നവയെ മാത്രവും, സഹായിക്കുന്ന അളവിലും വിധത്തിലും മാത്രവും അന്വേഷിപ്പാനും, അനുഭവിപ്പാനും, ഈ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു സഹായകമാകാത്തവയെ പരിത്യജിപ്പാനും മനുഷ്യനു ചുമതലയുണ്ടു്. എന്തുകൊണ്ടെന്നാൽ, അകമ്പടികൾ— സൃഷ്ടങ്ങൾ— മനുഷ്യനെ സേവിപ്പാനാണ്. മനുഷ്യൻ അവയെ സേവിക്കണമെന്നല്ല ദൈവനിയോഗം. ഈ ഭാഗം നന്നായി മനസ്സിലാക്കി പ്രവൎത്തിക്കുന്നതിനെ ആശ്രയിച്ചിരിക്കും ജീവിതത്തിന്റെ വിജയാപജയങ്ങൾ. സുവിശേഷത്തിൽ പറയുന്ന ധൂൎത്തനായ പുത്രന്റെ ദൃഷ്ടാന്തം പ്രകൃതത്തിൽ സ്മരണീയമത്രെ.

## 20 ദൈവം പ്രകൃതിയിൽ.

തന്റെ അസ്തിത്വത്തിൽ ദൈവം എല്ലാററിൽനിന്നും മറഞ്ഞിരിക്കുന്നു. എന്നാൽ തന്റെ പ്രവൃത്തികളുടേയും പരിപാലനയുടേയും വിസ്മയനീയതയും മനോഹരതയും വഴിയായി അവിടുന്നു സകലക്കും പ്രത്യക്ഷനായിരിക്കുന്നു. എങ്ങനെയെന്നാൽ, സൃഷ്ടവസ്തുക്കളിലെല്ലാം ദൈവഗുണചൈതന്യങ്ങളുടെ പ്രതിഛായ പ്രശോഭിക്കുന്നു. ഇതു മനസ്സിലാക്കി സൃഷ്ടികളിൽക്കൂടി സ്രഷ്ടാവിനെ ദൎശിപ്പാനുള്ള ബുദ്ധിശക്തി ദൈവം മനുഷ്യനു നല്കിയി

ട്ടുണ്ട്. അനന്തശക്തിയും നന്മയുമുള്ള പിതാവായ ദൈവം, തന്റെ വാത്സല്യമക്കളായ മനുഷ്യർക്ക് ജീവിതാനന്ദത്തിനായിട്ടുള്ള അനുഗ്രഹങ്ങൾ അതിധാരാളമായി വർഷിച്ചിരിക്കുന്നു. കണ്ണിന്റെ ആനന്ദത്തിനായി വിവിധവർണ്ണങ്ങളും, മൂക്കിന്റെ ആസ്വാദനത്തിനായി വാസനയേറിയ പരിമളധാതുക്കളും, കർണ്ണങ്ങളെ രസിപ്പിപ്പാൻ ഇമ്പമേറിയ നാദങ്ങളും, നാവിന് മധുരരസങ്ങളും എന്നിങ്ങനെ ദൈവനന്മയുടെയും സൌന്ദര്യത്തിന്റെയും നിഴൽ സകലത്തിലും വിളങ്ങിക്കാണാനുണ്ട്. പ്രപഞ്ചം മനുഷ്യനു അകമ്പടിസേവിക്കുന്നതിനും പുറമെ, സ്രഷ്ടാവിനെ മനുഷ്യനു കാണിച്ചുകൊടുക്കുന്ന ഒരു കണ്ണാടിയും, സ്രഷ്ടാവിന്റെ മഹിമാവിനെ സർവ്വദാ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസംഗകർത്താവും കൂടിയാകുന്നു. ദൈവത്തിന്റെ അനന്തമായ അഴകിന്റെ നിഴലും അളവററ നന്മയുടെ പൊരിയും തരിയുമായ തങ്ങളുടെ ഭംഗിയാൽ വഞ്ചിതരാകാതെ, ദൈവത്തെമാത്രം എല്ലാററിനും ഉപരിയായും പൂർണ്ണഹൃദയത്തോടും വശമൊക്കയോടുംകൂടി സ്നേഹിപ്പാൻ, പ്രകൃതി മനുഷ്യനോടു വിളിച്ചുപറയുന്നു എന്നാണ് വി. ആഗുസ്തീനോസ് സമർത്ഥിച്ചിരിക്കുന്നത്. ദൈവത്തെ നേരിട്ടറിവാനും തദ്വാരാ അങ്ങയെ സ്നേഹിപ്പാനും ഈ ജീവിതത്തിൽ മനുഷ്യനു സാധിക്കാത്തതുകൊണ്ട്, അവിടത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനുള്ള പ്രചോദനം നമുക്കു ലഭിക്കുന്നതിനായിട്ടുകൂടിയാണ് ഇത്ര വിവിധങ്ങളും മനോഹരങ്ങളും അസംഖ്യങ്ങളുമായ സാധനങ്ങളെ ദൈവം സൃഷ്ടിച്ചത്. അല്ലാതെ, മനുഷ്യന്റെ ജീവസന്ധാരണത്തിനൊ അകമ്പടിസേവനത്തിനൊ ഇത്രയെല്ലാം ആവശ്യമുണ്ടായിട്ടല്ല. സ്രഷ്ടാവിനെ സൃഷ്ടിയിൽ ദർശിക്കണം മനുഷ്യൻ. ആകയാൽ പ്രപഞ്ച

ത്തിലുള്ള ഓരോന്നിനെയും നാം ദർശിക്കുമ്പോൾ, അവ വഴിയായി ദൈവത്തെ സ്മരിക്കയും സ്തുതിക്കയും കൃതജ്ഞത പ്രദർശിപ്പിക്കയും അവിടുത്തെ നേരിട്ടു കാണ്മാനുള്ള ആശ നമ്മിൽ ജനിപ്പിക്കയും ചെയ്യേണ്ടതാണ്.

ദൈവം നിത്യംമുതൽ പ്രപഞ്ചത്തെ എങ്ങനെ ദർശനം ചെയ്തുവെന്നും, ദൈവത്തിന്റെ അനന്തസൌന്ദര്യം സൃഷ്ടികളിൽ– പ്രകൃതിയിൽ– എങ്ങനെ പ്രതിനിഴലിക്കുന്നുവെന്നുമുള്ളതിനെക്കുറിച്ച് "പുത്രന്റെ ജനനം," "പരിശുദ്ധാത്മാവിന്റെ പുറപ്പാട്" എന്നീ രണ്ടദ്ധ്യായങ്ങളിൽ നേരത്തെ പ്രതിപാദിച്ചിട്ടുള്ളതാണ്.

ചുരുക്കിപ്പറഞ്ഞാൽ, പ്രപഞ്ചത്തിലാകെ തിങ്ങിവിങ്ങി നമുക്കെളുപ്പത്തിൽ ഇന്ദ്രിയഗോചരങ്ങളായിരിക്കുന്ന സൃഷ്ടിവൈചിത്ര്യങ്ങൾ തന്നെയും നമ്മെ വിസ്മയകുതുഹലരാക്കുന്നുണ്ട്. ഇതുമല്ലാതെ, സൃഷ്ടങ്ങളിൽ മറഞ്ഞുകിടക്കുന്നതായി മനുഷ്യന്റെ അല്പബുദ്ധി ഇതുവരെ കണ്ടുപിടിച്ചു കഴിഞ്ഞിട്ടുള്ള എക്സ്റെ, അണുബോംബ്, ഇലക്ട്രിസിറ്റി, കമ്പിയില്ലാക്കമ്പി, ടെലവിഷൻ, ടോക്കിസിനിമാ ആദിയായവ ഒരൊറ്റ ഭാഗത്ത്. ഇനിയും എന്തെല്ലാം ശക്തിവിശേഷങ്ങൾ കണ്ടുപിടിക്കാതെ ശേഷിച്ചിരിക്കുന്നു. ഇങ്ങനെ, പ്രകടവും നിഗൂഢവുമായ പ്രപഞ്ചഗുണചൈതന്യങ്ങളെപ്പററി ചിന്തിക്കുന്ന ഒരാളുടെ മനോദർപ്പണത്തിൽ, സ്രഷ്ടാവായ ദൈവത്തിന്റെ മഹിമപ്രതാപപ്രളയം തിരമാലതുല്യം മേൽക്കുമേൽ തള്ളിക്കയറുകതന്നെ ചെയ്യും. മാത്രമൊ സൂര്യചന്ദ്രനക്ഷത്രങ്ങൾ, പക്ഷിമൃഗമത്സ്യങ്ങൾ, കുന്നുകൾ മലകൾ, പർവ്വതങ്ങൾ പുഷ്പലതാദികൾ, നദി സമുദ്രജലത്തുള്ളികൾ, പഞ്ച

ലോഹ നവരത്നങ്ങൾ മുതലായ സകല സൃഷ്ടികളേയും തൊട്ടെണ്ണി സ്രഷ്ടാവിനെ സ്തുതിപ്പാൻ വിളിക്കുന്ന തിർച്ചുളയിലെ മൂന്നു ബാലകീർത്തനവും, കർത്താവിനെ അവിടുത്തെ ശക്തിയുടെ ആകാശത്തട്ടിലും പ്രതാപപെരിമയിലും, കിന്നരവീണകാഹള ധ്വനികളിലും പ്രഘോഷിക്കുവാൻ നമ്മോടുപദേശിക്കുന്ന ദാവീദിന്റെ സല്ലാപവും, പ്രകൃതിയുടെ വർണ്ണനയിൽക്കൂടി പ്രകൃതിയുടെ നാഥനെ നമുക്കു കാണിച്ചുതരികയല്ലാതെ മറെറന്താണ് ചെയ്യുന്നതു്? "ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങളും, ശക്തിയും, നിത്യമായ ദൈവത്വവും സൃഷ്ടവസ്തുക്കൾമൂലം ലോകാരംഭംമുതൽ സ്പഷ്ടമായി അറിയപ്പെട്ടുകൊണ്ടിരിക്കുന്നു." എന്നു വി. ശ്ലീഹാ പ്രസ്താവിച്ചിരിക്കുന്നു.

## 21. ഉദ്ധാരകനായ ദൈവം — പുത്രന്റെ ആഗമനം.

### ദൈവം മനുഷ്യനിൽ.

സർവ്വത്തിന്റേയും ആരംഭവും അവസാനവുമായ ദൈവത്തെ, തന്റെ ഏകത്വത്തിലും ത്രിത്വത്തിലും ഗുണലക്ഷണങ്ങളിലുമായി നാം ഇതുവരെ പരിചിന്തനം ചെയ്തു. അവിടത്തെ അനന്തമായ ഔദാര്യഫലമായി മാലാഖാമാരേയും മനുഷ്യരേയും സൃഷ്ടിച്ചുവെന്നും, മനുഷ്യന് അകമ്പടി സേവിപ്പാനും പരിചരിപ്പാനും ദൈവത്തെ പ്രകീർത്തിക്കുവാനുമായി പ്രപഞ്ചത്തെ നിർമ്മിച്ചുവെന്നും, ദൈവം സൃഷ്ടികളിൽ പ്രതിനിഴലിക്കപ്പെടുന്നുവെന്നും നാം സംക്ഷിപ്തമായി കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ ബാഹ്യമായ പ്രവൃത്തികളിലെല്ലാം പ. ത്രിത്വത്തിലെ മൂന്നാളുകൾക്കും പങ്കുണ്ടെങ്കിലും, സൃഷ്ടികർത്താവായി പിതാവിനേയാണ് നാം മുഖ്യമായി കരുതുന്നതു്. ഉദ്ധാരണം

പുത്രന്റെയും ശുദ്ധീകരണം പരിശുദ്ധാത്മാവിന്റെയും പ്രത്യേകകർമ്മങ്ങളായിട്ട് വിചാരിക്കുന്നു. സൃഷ്ടികർമ്മങ്ങളെപ്പററി ഇതുവരെ നാം പ്രതിപാദിച്ചു കഴിഞ്ഞിരിക്കയാൽ, ഉദ്ധാരണം പവിത്രീകരണം എന്നിവയെപ്പററിയാണ് ഇനി പറയേണ്ടിയിരിക്കുന്നത്.

ദൈവം തന്റെ സൃഷ്ടികളിൽ ഇതുവരെ പ്രതിബിംബിക്കമാത്രം ചെയ്തു. ഉദ്ധാരണകർമ്മത്തിലാകട്ടെ അവിടുന്ന് കനിഞ്ഞിറങ്ങി മനുഷ്യനോടു ഒന്നിച്ചു. തന്റെ നന്മയുടെയും സ്നേഹത്തിന്റെയും പാരമ്യത്തെ പ്രത്യക്ഷമാക്കി. "തന്റെ ഏക പുത്രനെ ലോകത്തിനു പ്രദാനം ചെയ്യത്തക്കവണ്ണം അത്രകണ്ടു പിതാവ് ലോകത്തെ സ്നേഹിച്ചു" എന്നാണ് യോഹന്നാൻ സുവിശേഷകൻ സാക്ഷിച്ചിരിക്കുന്നത്. സ്വാതന്ത്ര്യദുഷ്പ്രയോഗം നിമിത്തം ശാപമാത്രമായി അധഃപതിച്ച മനുഷ്യനെ സമുദ്ധരിപ്പാനായി ദൈവംതന്നെ ഭൂമിയിലേക്കു വന്നു. മനുഷ്യസ്വഭാവമെടുത്ത്, മാംസമെടുത്ത്, മനുഷ്യനായി പിറന്നു. സ്രഷ്ടാവു സൃഷ്ടിയായി. ദൈവം മനുഷ്യന്റെ സ്നേഹിതനും സഹോദരനുമായി, അവരോടുകൂടി ജീവിച്ചു. അവനു വേണ്ടി മരിച്ചു. അവന്റെ ഭക്ഷണംതന്നെയുമായിത്തീർന്നു. അവനെ വീണ്ടുകൊണ്ടു. "ദൈവം തന്നെ വന്നു നിങ്ങളെ രക്ഷിക്കും" എന്ന് ഏശയ്യാ പ്രവചിച്ചിരുന്നതു നിറവേറി. മാലാഖാമാർക്ക് ഊഹിക്കാൻപോലും നിവൃത്തിയില്ലാതിരുന്ന സംഗതി സംഭവിച്ചു. ദൈവത്തിന്റെ ആലോചനയുടെ രഹസ്യങ്ങൾ എത്ര അഗാധങ്ങൾ! തന്റെ പരിപാലനയുടെ ഊടുവഴികൾ എത്ര വിസ്മയനീയങ്ങൾ! അത്ഭുതപരതന്ത്രനായി വി. ആഗസ്തീനോസ് പറയുന്നു "ഓ! ദൈവത്തിന്റെ ആശ്ചര്യതമമായ അനുഗ്രഹമേ!

അഗ്രാഹ്യമായ സ്നേഹമെ! അടിമയെ വീണ്ടെടുപ്പാനായി യജമാനൻ ദാസനായിതീൎന്നു. അവരോടുകൂടി വസിച്ചു. അതെ, ഏശയ്യാ പ്രവചിച്ചിരുന്നതുപോലെ "അമ്മാനുഏൽ" അതായതു "ദൈവം— നമ്മിൽ"

## 22. ശുദ്ധീകരിക്കുന്ന ദൈവം.

### പരിശുദ്ധാത്മാവിന്റെ ആഗമനം—
### ദൈവം നമ്മിൽ.

ദൈവപിതാവിന്റെ നിത്യബോധജ്ഞാനമായ പുത്രൻതമ്പുരാൻ, തന്റെ മനുഷ്യാവതാരം വഴിയായി വഴിതെറ്റിയ മനുഷ്യനെ രക്ഷാമാൎഗ്ഗം പഠിപ്പിക്കയും, അവന്റെ അന്ധകാരനിബിഡമായ ബോധത്തെ പ്രകാശിപ്പിക്കയും, അവന്റെ പാപകടം സ്വന്തരക്തം കൊടുത്തു വീട്ടി അവനെ ദൈവനീതിയോടു രമ്യപ്പെടുത്തുകയും ചെയ്തു. അനന്തരം, ദുഷിച്ച മനുഷ്യഹൃദയത്തെ ശുദ്ധീകരിപ്പാനും അതിന്റെ ബലഹീനതയെ പരിഹരിപ്പാനുമായി പിതാവു തന്റെ നിത്യസ്നേഹവിഷയമായ പരിശുദ്ധാത്മാവിനെ അയച്ചു. ഇങ്ങനെ പ. ത്രിത്വത്തിലെ മൂന്നാമത്തെ ആളും രണ്ടാമാളായ ദൈവപുത്രനോടൊപ്പം ഭൂമിയിലേക്കിറങ്ങി. ദൈവം— നമ്മിൽ. "നിങ്ങളോടുകൂടി എന്നും വസിപ്പാനായി പിതാവിൽനിന്നും പരിശുദ്ധാത്മാവിനെ ഞാനയച്ചുതരാം" എന്നു് രക്ഷകൻ വാഗ്ദാനം ചെയ്തിരുന്നപ്രകാരം, പന്തക്കുസ്താദിനത്തിൽ ഭൂമിയിലേക്കു് ആഗതനായ പരിശുദ്ധ റൂഹാ, മാമ്മോദീസാവഴിയായി ഓരോ വ്യക്തിയുടേയും ഹൃദയത്തിൽ പ്രവേശിച്ചു് അവിടെ സ്ഥിതിചെയ്യുന്നു. "നിങ്ങൾ പരിശു

ദ്ധാത്മാവിൻെറ ആലയങ്ങള കുന്നു" എന്ന് വി പൌലോസ് നമ്മെ അനുസ്മരിപ്പിക്കുന്നു

ഈ പരിശുദ്ധാത്മാവ് മനുഷ്യനെ പാപമാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കുന്നു. അവനെ ദൈവസ്വഭാവത്തിൽ പങ്കുകാരനാക്കുന്നു. ദൈവവരപ്രസാദത്താൽ ആത്മാവിനെ അലങ്കരിക്കുന്നു സ്നേഹത്താൽ ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുന്നു. സ്വർഗ്ഗപ്രവേശനത്തിനുള്ള അവകാശചീട്ട് മനുഷ്യനു നല്കുന്നു ആത്മാവിൽ നിത്യസൌഭാഗ്യത്തിൻെറ ബീജാവാപം ചെയ്യുന്നു. ആദ്ധ്യാത്മികമന്ദിരത്തിൻെറ അടിത്തറ ഉറപ്പിക്കുന്നു. ശുദ്ധീകരിക്കുന്ന ദൈവമായ പരിശുദ്ധാത്മാവ് വഴിയായി നാം ദൈവമക്കളായിത്തീരുകയും, അയാൾ വഴിയായി തന്നെ ദൈവത്തെ പിതാവെന്ന് വിളിക്കയും ചെയ്യുന്നു. വിശ്വാസം, പ്രത്യാശ, ഉപവി എന്ന ദൈവികപുണ്യങ്ങളാലും, തൻെറ ഏഴ് ദാനങ്ങളാലും, പന്ത്രണ്ടു ഫലങ്ങളാലും ആത്മാവിനെ അവിടുന്ന് അഭിഷേചിക്കുന്നു. ആദ്ധ്യാത്മിക ജീവിതം നയിക്കുന്നതിനു നിരന്തരം നമ്മെ ഉണത്തി പ്രേരിപ്പിച്ചുകൊണ്ട് ഹൃദയാന്തർഭാഗത്തു വത്തിക്കയും ചെയ്യുന്നു ദൈവം- നമ്മിൽ.

നമ്മുടെ ആത്മീയ സമുദ്ധാരണം, പവിത്രീകരണം, പരമാന്ത്യത്തിലേക്കുള്ള പുരോഗമനം, ദൈവൈക്യം മുതലായവ സംബന്ധിച്ചിടത്തോളം നമ്മുടെ ആത്മാവിലേക്കുള്ള പരിശുദ്ധാത്മാവിൻെറ ആഗമനമാണ് പ്രഥമപടി. "എന്നെ സമീപിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധാത്മാവിൻപക്കൽ അണയുക. അയാൾ എൻെറ അടുക്കലേക്കു നിന്നെ ആനയിക്കും" എന്നാണ് ഒരു ഭക്തയായ കന്യകയോടു ന. കത്താവുതന്നെ ഉപദേ

ശിച്ചതു്. "പ്രേരിപ്പിച്ചുകൊണ്ടു ഞങ്ങളുടെ പ്രവൃത്തികൾക്കുമുമ്പായി നീ എഴുന്നള്ളിവന്നു്, സകലതും നീ വഴിയായി ആരംഭിപ്പാനും അവസാനിപ്പിപ്പാനും കൃപ ചെയ്യേണമെ" എന്നാണു് തിരുസഭ പരിശുദ്ധാത്മാവിനോടു ഔദ്യോഗികമായി പ്രാത്ഥിക്കുന്നതു്. പിതാവും പുത്രനും തമ്മിൽ സ്നേഹിക്കുന്നതു പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവു വഴിയായിട്ടും പരിശുദ്ധാത്മാവിനോടുകൂടിയുമായിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനാൽ ദൈവത്തിൻ ദത്തുപുത്രരാക്കപ്പെട്ട നമ്മളും, അതെ പരിശുദ്ധാത്മാവിലും അയാൾ വഴിയായും അയാളോടുകൂടിയും പിതാവിനേയും പുത്രനേയും സ്നേഹിപ്പാൻ താൻ നമ്മെ പ്രേരിപ്പിക്കുന്നു. പരിശുദ്ധാത്മാവു നമ്മിൽ ജനിപ്പിക്കുന്ന ഈ സ്നേഹമാണു്, "ഞങ്ങൾ അവനിൽ വന്നു് നിവവസിക്കും" എന്നു് നമ്മുടെ കത്താവരുളിച്ചെയ്തിരിക്കുംപ്രകാരം. പിതാവിനേയും പുത്രനേയും നമ്മിലേക്കാകഷിക്കുന്നതു്.

പരിശുദ്ധാത്മാവു് ഒരാളിൽ എഴുന്നള്ളി വസിച്ചാൽ, അതിൻെറ പ്രത്യക്ഷഫലവും അടയാളവുമെന്ന വണ്ണം, ആ ആത്മാവിൽ പരിത്യാഗത്തിൻെറ ആസക്തി ഉളവാകുക പതിവാണു്. എന്തുകൊണ്ടെന്നാൽ, സ്നേഹം ത്യാഗം കൂടിയാകുന്നു. ദൈവസ്നേഹത്തെപ്രതി, ദൈവമല്ലാത്ത എല്ലാററിൽനിന്നും അകലുകയും എല്ലാററിനേയും തന്നിൽനിന്നകററുകയും ചെയ്യുന്നതാണല്ലൊ ത്യാഗം. ആകയാൽ, അനന്തസ്നേഹമാകുന്ന പരിശുദ്ധാത്മാവിനാൽ പരിഗ്രസിക്കപ്പെട്ട ഹൃദയത്തിൽ, ആ അനന്തനന്മയേയും സ്നേഹത്തേയും പ്രതിധനമാനസുഖസൌകര്യാദികളായക്ഷണഭംഗുര നന്മകളെ പരിത്യജിപ്പാനുള്ള തൃഷ്ണ ഉത്ഭവി

ക്കുക കേവലം സ്വാഭാവികമാണ്. പ്രാപഞ്ചികവും ഐന്ദ്രികവുമായ സുഖാനുഭൂതി ആന്തരികജീവിതത്തിനും പരിശുദ്ധ സ്നേഹത്തിനും അനുയോജ്യമല്ലെന്നും, എന്തുവന്നാലും അവയെ സംത്യജിക്കണമെന്നുമുള്ള ഒരു ബോധം ഈ ദശമായ ആത്മാവിൽ പ്രത്യക്ഷമാകുന്നു. ഈ പരിത്യാഗബുദ്ധി ശക്തിപെടുമ്പോഴും, ദൈവസ്നേഹത്തിൻെറ വിവിധരൂപത്തിലുള്ള പ്രകടനങ്ങളും അഭിനിവേശങ്ങളും അനുഭവപ്പെടുകയും, നിത്യസത്യങ്ങളെ കൂടുതൽ തെളിവായി ഗ്രഹിക്കയും ചെയ്യുന്നു. മാത്രമല്ല, പരിശുദ്ധാത്മാവിൻെറ നേക്ക് ഒരു പ്രത്യേകമായ ആകർഷണവും മൂല്യമായ ഭക്തിബഹുമാനങ്ങളും ദൃശ്യമാകുന്നു. ഇങ്ങനെ പരിശുദ്ധാത്മാവു വഴിയായി പുത്രനിലേക്കും, പുത്രൻ വഴിയായി പിതാവിലേക്കും ഈ ആത്മാവു പുരോഗമിക്കയും ചെയ്യുന്നു.

## 23 മൂന്നു സക്രാരികൾ.

മനുഷ്യനേത്രങ്ങൾക്കു അപ്രാപ്യനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈക ദൈവം, സ്രഷ്ടാവു, ഉദ്ധാരകൻ, ശുദ്ധീകരൻ എന്നീ മൂന്നു നിലകളിൽ ലോകത്തിനു തന്നെ വെളിപ്പെടുത്തി. പിതാവ് ഒരു ദർപ്പണത്തിലെന്നപോലെ പ്രകൃതിയിൽ പ്രതിനിഴലിച്ചിരിക്കുന്നതു കൂടാതെ, കാർമേഘത്തിനുള്ളിൽനിന്നും ഇസ്രയേൽ ജനത്തോടു സംസാരിക്കയും യോർദാൻ നദീതീരത്തും താബോർ മലമുകളിൽവച്ചും തന്നെ വെളിപ്പെടുത്തുകയും ചെയ്തു. പുത്രനാകട്ടെ മനുഷ്യാവതാരം വഴിയായി ഭൂമിയിലേക്കിറങ്ങി വന്നു. പരിശുദ്ധാത്മാവ് ഭൂമുഖത്ത് ആകമാനമായും മനുഷ്യഹൃദയങ്ങളിൽ വിശേഷവിധിയായും കുടികൊള്ളുന്നു. ഇങ്ങനെ പരമോന്നതനായ

ദൈവം തന്റെ കാരുണ്യാതിരേകത്തെയും സ്നേഹാധിക്യത്തെയും പ്രത്യക്ഷമാക്കുകയും, താൻ സ്വയം താഴ്ന്നുകൊണ്ടു മനുഷ്യനെ ഉയൎത്തി തന്നോടടുപ്പിക്കുകയും ചെയ്തിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തോടുകൂടി മനുഷ്യൻ ദൈവത്തെ ആവഹിച്ചുകൊണ്ടു നടക്കുന്ന സജീവ സക്രാരിതന്നെ ആയിപ്പരിണമിച്ചു. ദൈവം നമ്മിൽ.

പിതാവായ ദൈവം അധിവസിക്കുന്ന സ്വൎഗ്ഗത്തെ പിതാവിന്റെ സക്രാരിയെന്നു പറയുന്നതിൽ തെററില്ല. പുത്രനായ ദൈവം മനുഷ്യകരങ്ങളാൽ നിൎമ്മിതമായ സക്രാരിയിൽ ദൈവാലയങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു നമുക്കറിയാം. ശുദ്ധീകരിക്കുന്ന ദൈവമാകട്ടെ മനുഷ്യഹൃദയത്തേയും തന്റെ സജീവ സക്രാരിയായി തിരഞ്ഞെടുത്തിരിക്കുന്നു. ആകയാൽ ഓരോരോ ദൈവാളുകൾക്കും വെവ്വേറെ സക്രാരികൾ ഉണ്ടെന്നു പറയാവുന്നതാണ്. എന്നുവരികിലും, ദൈവസ്വഭാവം മൂവൎക്കും ഒന്നുതന്നെയായിരിക്കയാൽ, ഓരോ സക്രാരിയിലും പ. ത്രിത്വത്തിലെ മൂന്നാളുകളും ഉണ്ടായിരിക്കുന്നു. “നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ വസതികളാകുന്നു.” “അവരിൽ ഞാൻ വസിക്കും. അവരുടെ ഇടയിൽ ഞാൻ നടക്കും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും, എന്ന് നിങ്ങളെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നല്ലൊ” എന്ന് വി. പൌലോസ് കൊറീന്തിയൎക്ക് എഴുതി. ദൈവകാരുണ്യപെരിമയാൽ മനുഷ്യൻ പ്രാപിച്ചിരിക്കുന്ന ഔന്നത്യവും അവനു ലഭിച്ചിരിക്കുന്ന മഹത്വവും വേണ്ടവണ്ണം മനസ്സിലാക്കി, എത്രകണ്ടു ആത്മാഭിമാനത്തോടുകൂടിയും സക്രാരിയുടെ സംപൂജ്യതയേയും സംശുദ്ധിയേയും പാലിച്ചും മനുഷ്യൻ വ്യാപരിക്കേണ്ടതാകുന്നു.

വി. പൌലോസ് ഇങ്ങനെ നമ്മെ അനുസ്മരിപ്പിക്കുന്നു. "ദൈവത്തിൻെറ ആലയം പരിശുദ്ധമാകുന്നു. അതു നിങ്ങൾതന്നെ."

## 24. ദൈവരാജ്യം നിങ്ങളിൽ.

പരിശുദ്ധത്രിത്വം നമ്മുടെ ഉള്ളിൽ യഥാർത്ഥമായി വസിക്കുന്നു എന്നോർക്കുമ്പോൾ "ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാകുന്നു" എന്നു വി. പൌലോസു പറഞ്ഞിരിക്കുന്നതിൻെറ അർത്ഥം എളുപ്പത്തിൽ മനസ്സിലാകുന്നു. "ഒന്നാമതായി ദൈവത്തിൻെറ രാജ്യവും തൻെറ നീതിയും നിങ്ങൾ അന്വേഷിപ്പിൻ." എന്നുള്ള തിരുവചനങ്ങളാൽ നമ്മുടെ കർത്താവ് പ്രഥമതഃ ഉദ്ദേശിക്കുന്നതും, വരപ്രസാദം വഴിയായി ദൈവത്തെ നമ്മുടെ ഹൃദയത്തിൽ എപ്പോഴും സൂക്ഷിച്ചുകൊള്ളണമെന്നാകുന്നു. അതിൻെറ പരിണത ഫലമായി ദൈവചൈതന്യം നമ്മിൽ ദൃഢമൂലമായിത്തീർന്ന് ദൈവം ഒരു തരത്തിൽ നമ്മിൽ പ്രകാശിക്കണം. അതായതു്, നമ്മിൽനിന്നു പുറപ്പെടുന്ന വചനങ്ങളും പ്രവൃത്തികളും, ഒരു വാക്കായി പറഞ്ഞാൽ നമ്മുടെ വ്യാപാരം മുഴുവൻതന്നെയും, നിത്യസത്യവും നീതിയും ധർമ്മവുമായ ദൈവത്തിനനുരൂപമായിതീർന്ന്, വി. പൌലോസു പറഞ്ഞിരിക്കുംപോലെ, "ദൈവത്തിനൊത്തവണ്ണം നീതിയിലും സത്യത്തിൻെറ വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യർ." നാം ആയിത്തീരണം. ഒരു രാജാവിൻെറ രാജ്യം എന്നു പറയണമെങ്കിൽ, ആ രാജ്യത്തു് അയാളുടെ നിയമങ്ങൾ നടപ്പിലാകണമല്ലൊ. അപ്രകാരംതന്നെ, നമ്മിൽ വാഴുന്ന ദൈവരാജൻെറ നിയമങ്ങൾ— സത്യം, നീതി, സ്നേഹം— നമ്മുടെ ആന്തരികവും ബാഹ്യ

വുമായ സകല ചയ്തുകളേയും ഭരിച്ചെങ്കിൽ മാത്രമേ ദൈവരാജ്യം നമ്മിൽ സ്ഥിതിചെയ്യുന്നു എന്നു പറവാൻ ന്യായമുള്ളു. അതായത്, നമ്മുടെ മനസ്സിനേയും നമ്മുടെ പ്രവൃത്തികളേയും ദൈവത്തിൻെറ തിരുച്ചിത്തത്തോടും കല്പനകളോടും പരിപാലനക്രമത്തോടും അനുയോജിപ്പിക്കണം. അപ്പോൾ ദൈവത്തിൻെറ രാജ്യമായ നമ്മിൽ ദൈവത്തിൻെറ സമാധാനവും അനുഭവവേദ്യമാകും.

## 25 നിങ്ങൾ ദൈവത്തിൻെറ ആലയങ്ങളാകുന്നു.

"യാതൊരുത്തൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ പിതാവു അവനെ സ്നേഹിക്കും, ഞങ്ങൾ അവനിൽ വന്നു വസിക്കയും ചെയ്യും" എന്നു നമ്മുടെ കർത്താവു അരുളിച്ചെയ്തിരിക്കുന്നു. മാമ്മോദീസാ വഴിയായി പരിശുദ്ധറൂഹാ നമ്മിൽ എഴുന്നള്ളി വന്ന് ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ കത്തിച്ചപ്പോൾ, അതോടുക്രൂടിത്തന്നെ പ. ത്രിത്വം നമ്മിൽ എഴുന്നള്ളി നമ്മെ പ. ത്രിത്വത്തിൻെറ സജീവ സക്രാരികളാക്കിത്തീർക്കുന്നുവെന്ന് നേരത്തെ പറഞ്ഞുവല്ലൊ. അതിനാൽ നാം സാക്ഷാൽ ദൈവാലയങ്ങളാകുന്നു "നിങ്ങൾ ദൈവത്തിൻെറ ആലയങ്ങളാകുന്നുവെന്നും പരിശുദ്ധാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുക്രൂടയൊ'. എന്നാണ് അപ്പസ്തോലൻ കൊറീന്ത്യരോടു ചോദിക്കുന്നത്. ഒരു രാജാവിൻെറ ബഹുമാനാർത്ഥം ധാരാളം അംഗരക്ഷകന്മാരും അകമ്പടി സേവകന്മാരും ഉണ്ടായിരിക്കും. അയാളുടെ കൊട്ടാരത്തിനു ചുററും കാവൽ പടയാളികൾ ഉണ്ടാകും. പരിസരങ്ങളെല്ലാം എപ്പോഴും കേമമായി അലങ്കരിച്ചു മോടിപിടി

ഷ്പിച്ചിരിക്കയും ചെയ്യും. ഇപ്രകാരംതന്നെ, സൂൎയ്യചന്ദ്രനക്ഷത്രാദികളായ ശോഭയേറിയ ആകാശഗോളങ്ങളേയും പ്രപഞ്ചത്തിലെ മനോഹരങ്ങളായ ഇതര സൃഷ്ടിബഹുലങ്ങളേയും മനുഷ്യന്റെ അകമ്പടിസേവിപ്പാനായി ദൈവം ഉണ്ടാക്കി എന്നു നാം പറയുമ്പോൾ, ഈ മനുഷ്യൻ ദൈവത്തിന്റെ ആലയവും സക്രാരിയുമായിരിക്കുന്നതുകൊണ്ടും, സൎവ്വലോകനാഥൻ അതിൽ എഴുന്നള്ളിവസിക്കുന്നതുനിമിത്തമായിട്ടും കൂടിയാണ് ദൈവം മനുഷ്യനെ ഇത്ര ബഹുമാനിച്ചതു് എന്നു നാം ഓൎക്കണം. കല്ലും മരവും കുമ്മായവുംകൊണ്ടു് തീൎത്തിട്ടുള്ള നിൎജ്ജീവദൈവാലയങ്ങളായ പള്ളികളെ സംബന്ധിച്ചിടത്തോളം, അകമേയും പുറമേയും എത്രയും വലിയ ആചാരബഹുമാനങ്ങൾ നാം കാണിക്കുന്നെങ്കിൽ, സജീവദൈവാലയങ്ങളാകുന്ന മനുഷ്യരോടുള്ള പെരുമാററത്തിൽ എത്രമാത്രം ഉപചാരവും ബഹുമാനവും മൎയ്യാദയും പ്രദൎശിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ദൈവാലയങ്ങൾ ഓരോന്നിനേയും ഭക്തിപൂൎവ്വം കാത്തുസൂക്ഷിച്ചുകൊണ്ടു്, ഒരു ദൈവദൂതൻ രാപ്പകൽ അകമ്പടി സേവിക്കുന്നുണ്ടെന്നുള്ളതും സ്മരണീയമത്രെ. മാത്രമല്ല, ഓരോരുത്തൻ അവനവനെത്തന്നെ ബഹുമാനിക്കയും, ദൈവഭവനത്തിനനുയോജ്യമായ അച്ചടക്കവും വിനയവും, ഉടുപ്പിലും നടപ്പിലും കിടപ്പിലും, ദൎശനത്തിലും സ്പൎശനത്തിലും, മറെറല്ലാ വ്യാപാരങ്ങളിലും പാലിപ്പാൻ ദത്തശ്രദ്ധനായിരിക്കയും വേണം. ഒരു കാലത്തു ഈ ദിവ്യാലയം സ്വൎഗ്ഗീയാലയത്തിൽ പ്രവേശിപ്പാനുള്ളതാണ്. "ദൈവത്തിന്റെ ആലയത്തെ അശുദ്ധമാക്കുന്നവനെ ദൈവം തകൎത്തുകളയും" എന്ന് വി. പൌലോസു നമ്മെ ഭയപ്പെടുത്തുന്നു. പള്ളിക്കൂദാശാകൎമ്മത്തിലെപോലുള്ള ജപ

ങ്ങളാണ്, മാമ്മോദീസാ വഴിയായി ശരീരത്തെ പരിശുദ്ധാത്മാവിൻെറ ആലയമായി പ്രതിഷ്ഠിക്കുന്ന അവസരത്തിലും തിരുസ്സഭ ഉപയോഗിക്കുന്നത്. മനുഷ്യശരീരത്തിൻെറ സംപൂജ്യതയേയാണല്ലോ ഇതു് സൂചിപ്പിക്കുന്നത്.

## 26. നിങ്ങൾ ദേവന്മാർ എന്നു തന്നെ വിളിക്കപ്പെടുന്നു.

"ഹാ! ദൈവമെ! നീ മനുഷ്യനെ ഇമ്മാത്രം കനിഞ്ഞു കടാക്ഷിപ്പാൻ അവൻ എന്താകുന്നു. മാലാഖാമാരിൽനിന്നും അവനെ തെല്ല് നീ താഴ്ത്തി. ആകാശത്തിലെ പറവകളേയും ഭൂമിയിലെ നാല്കാലികളേയും അവൻെറ കീഴാക്കി. അവനെ നീ സർവ്വത്തിന്മേലും നാഥനാക്കി" എന്നിപ്രകാരമാണ് രാജകീയ ദീർഘദശി മനുഷ്യൻെറ മഹത്വത്തെപ്പററി പറഞ്ഞിരിക്കുന്നതു്. വേറൊരു സ്ഥലത്തു വീണ്ടും അയാൾ പറയുന്നു. "നിങ്ങൾ ദേവന്മാരാകുന്നു. അത്യുന്നതൻെറ തനയരുമത്രെ."

അതെ, സക്രാരി, ദൈവാലയം എന്നീ ശ്രേഷ്ഠപദങ്ങൾ മാത്രമല്ല മനുഷ്യനുള്ളതു്. അതിലും ഉപരിയായി അവൻ വാസ്തവത്തിൽ അത്യുന്നതൻെറ സുതൻ- കൊച്ചുതമ്പുരാൻ- തന്നെയാകുന്നു. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു" എന്നുള്ള നമ്മുടെ കർത്താവിൻെറ ഉപമയിൽനിന്നു തന്നെ ഗ്രഹിക്കാവുന്നതുപോലെ, തണ്ടിനും ശിഖരങ്ങൾക്കും ഒരേ സ്വഭാവവും ഗാഢമായ ബന്ധവും ഉള്ളതിൻവണ്ണം, നാം മാമ്മോദീസാ വഴിയായി- ഒരു സൃഷ്ടിക്കു ശക്യമാകുന്ന അളവിലും വിധത്തിലും- "ദൈവസ്വഭാവത്തിൽ ഓഹരിക്കാരാകയും," സത്യദൈവമായ മിശിഹായോടു ഗാഢമായി ഐ

കൃപ്പെട്ടകയും ചെയ്യുന്നു. സൂൎയ്യനിൽനിന്നും രശ്മി എന്നപോലെയാണല്ലോ ദൈവത്തിൽനിന്നും വരപ്രസാദകിരണം നാം പ്രാപിക്കുന്നതു്. പരിശുദ്ധാത്മാവ് വഴിയായി സ്നേഹൈക്യത്തിൽ നാം ദൈവത്തോടൊന്നിക്കുന്നു. "ദൈവപുത്രരും സ്വൎഗ്ഗാവകാശികളും മിശിഹായുടെ കൂട്ടവകാശികളും" എന്ന് അപ്പസ്തോലൻ വ്യക്തമായി പറയുന്നു. ഒരേ ശരീരത്തിൻെറ അവയവങ്ങളും ശിരസ്സും തമ്മിലുള്ള ബന്ധത്തിനു തുല്യമായ ഒന്നാണ്, മിശിഹായും നമ്മളും തമ്മിൽ ഉള്ളതായി ശ്ലീഹാ സ്ഥാപിക്കുന്നതു്. മാത്രമല്ല, വി. കുർബാനയുടെ അനുഭവം നിമിത്തം നമ്മുടെ മാംസരക്തങ്ങൾ മിശിഹായുടേതുമായി സംക്രമിച്ച് ഒന്നിക്കുന്നു. "ഞാനല്ല എന്നിൽ ക്രിസ്തു ജീവിക്കുന്നു. എനിക്കു ജീവിക്കുക എന്നതു ക്രിസ്തുവാകുന്നു" എന്ന് അപ്പസ്തോലൻ പറഞ്ഞിട്ടുണ്ടല്ലോ നമ്മുടെ പ്രവൃത്തികൾ ക്രിസ്തുവിൻേറതായും, ക്രിസ്തുവിൻെറ യോഗ്യതകൾ നമ്മുടേതായും തീരുന്നു. ദൈവം തൻെറ പരിചാരകരായ മാലാഖാമാരെതന്നെ അയച്ച് ഈ 'കൊച്ചു തമ്പുരാക്കന്മാരെ' പരിരക്ഷിക്കുന്നു. നാം കൊച്ചുദേവന്മാർ തന്നെ. ദൈവം നമ്മുടെ പിതാവും, മറിയം നമ്മുടെ മാതാവും, ഈശോ നമ്മുടെ സഹോദരനും. ഹാ! നാമെത്രയോ അനുഗൃഹീതരായിരിക്കുന്നു. ദൈവകുമാരൻെറ മർത്ത്യാവതാരവും പരിശുദ്ധാത്മാവിൻെറ ആഗമനവും മുഖേന നമുക്കു സംസിദ്ധമായ മഹാ ഭാഗ്യമാകുന്നു ഇതു്. "നിങ്ങൾ ഒരുവിധം പറഞ്ഞാൽ ദേവന്മാരാകുന്നു."

## 27. നിധിയെ സൂക്ഷിക്കുക.

യാതൊരു സാധനത്തിൻെറ യോഗ്യതയനുസരിച്ചാണല്ലോ അതിനെ നാം വിലമതിക്കുന്നതും സ്നേഹിക്കു

ന്നതും സൂക്ഷിക്കുന്നതും. "അറിയാത്തതിനോടാക്കം ആശ യില്ല" എന്നത്രെ ആപ്തവാക്യം. ആകയാൽ, നമ്മുടെ ആത്മാവിൽ സ്ഥിതിചെയ്യുന്ന ഈ ദിവ്യനിധിയായ പ രിശുദ്ധ ത്രിത്വത്തിൻെറ മാഹാത്മ്യം എത്ര നന്നായി നാം മനസ്സിലാക്കുമൊ, ആ ബോധമനുസരിച്ച് അതിനെ നാം സ്നേഹിക്കും. നഷ്ടമാകാതിരിപ്പാൻ ശ്രദ്ധിക്കയും ചെയ്യും. വിശ്വാസമാകുന്ന ആത്മീയ നേത്രംകൊണ്ട് മാത്രം കാ ണ്മാൻ സാധിക്കുന്ന ഒരു മാണിക്യമത്രെ ഇത്. ഒരാൾ തനിക്കുണ്ടായിരുന്ന സമ്പത്തുകളെല്ലാം വിററിട്ട്, നിക്ഷേ പം മറഞ്ഞു കിടന്നിരുന്ന ഒരു വയൽ വാങ്ങിയതായി സുവിശേഷത്തിൽ നാം വായിക്കുന്ന ആ ഉപമയാൽ സൂ ചിപ്പിക്കപ്പെടുന്നതും, മനുഷ്യഹൃദയത്തിലെ ഈ നിക്ഷേ പമല്ലാതെ മററൊന്നുമല്ല. ഈ അമൂല്യനിധിക്ക്, അഥവാ പരിശുദ്ധ ത്രിത്വസാന്നിദ്ധ്യത്തിന്, "വരപ്രസാദാവസ്ഥ" എന്നും പറയാവുന്നതാണ്. ഇതോടു താരതമ്യപ്പെടുത്തിയാണ ല്ലോ "ലോകനന്മകളെല്ലാം അമേദ്ധ്യതുല്യം" എന്ന് വി. പൗലോസ് എഴുതിയിരിക്കുന്നതും ലോകം മുഴുവൻ കൈ വന്നാലും ഈ നിധി നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം? ഇതിൻെറ വിലയും മാഹാത്മ്യവും ശരിയായി അറിയാവു ന്നതുകൊണ്ടാണ്, ഏതു വിധേനയും ഇതിനെ അപഹരി പ്പാനായി സാത്താൻ ഗർജ്ജിക്കുന്ന സിംഹത്തെപ്പോലെ രാപ്പകൽ ചുററി നടക്കുന്നത്. പറുദീസായിൽവച്ചു ഒരു പഴംകൊടുത്ത് അവൻ അതിനെ തട്ടിയെടുത്തു. സൃഷ്ടവ സ്തുക്കളെയെല്ലാം ഇരയായി പ്രയോഗിച്ചുകൊണ്ടും, പ ഞ്ചേന്ദ്രിയ സുഖം കാണിച്ച് വ്യാമോഹിപ്പിച്ചും, ഈ നി ധിക്കു കൈമാറുവാൻ അവൻ നമ്മേയും പ്രലോഭിപ്പിക്കുന്നു. "മിന്നുന്നതെല്ലാം പൊന്നല്ല"ല്ലോ. ആകയാൽ ബുദ്ധിയുടെ

ളണർവോട്ടും പഞ്ചേന്ദ്രിയ നിഗ്രഹത്തോട്ടും, "ഭയത്തോടും ഞെട്ടക്കത്തോട്ടും" കൂടി, ഈ 'ധർമ്മപ്രസാദ' നിധിയെ സൂക്ഷിച്ച് മരണപര്യന്തം കാക്കുന്നതാകുന്നു നമ്മുടെ ഐഹികജീവിതത്തിലെ സർവപ്രധാനമായ ആവശ്യവും കർത്തവ്യവും: ഓരോരുത്തൻേറ ഏകകാര്യ്യം, തനിക്കാര്യ്യം, ഏററവും സാരമായ കാര്യ്യം.

## 28. നിധിയെ വർദ്ധിപ്പിക്കുക.

"പ്രസാദവര"ത്തെപ്പററിയാണല്ലൊ 'നിധി' എന്നു പറഞ്ഞിട്ടുള്ളതു്. നമ്മെ ദൈവമക്കളാക്കിത്തീക്കുന്നതും, സ്വർഗ്ഗാവകാശം നേടിതരുന്നതും ഇതു തന്നെയാണ്. എന്നാൽ ഇതിനും പുറമെ, ഈ പ്രസാദവരമാണ് നിത്യസൌഭാഗ്യത്തിൻേറ—സമ്മാനത്തിൻേറ—ബീജം. വിത്തു കൂടാതെ കതിരുണ്ടാകയില്ല. എന്നാൽ, ഒരു വിത്ത് എത്ര നന്നായിരിക്കുമൊ അതനുസരിച്ച് അതിൻേറ മുളയ്ക്കു ശക്തിയുണ്ടായിരിക്കയും കൂടുതൽ വിളവുണ്ടാകയും ചെയ്യും. ഇപ്രകാരംതന്നെ, പ്രസാദവരബീജം ഓരോരുത്തൻേറ ആത്മാവിൽ എത്ര വർദ്ധമാനമായിരിക്കുമൊ, തദനുസരണം അവൻേറ പ്രവൃത്തികൾക്കു 'പുണ്യയോഗ്യത'യാകുന്ന കതിരും കൂടുതലുണ്ടാകും. പുണ്യയോഗ്യതയുടെ കൂടുതൽകുറവനുസരിച്ച് "സ്വർഗ്ഗസമ്മാന"വും കൂടിയൊ കുറഞ്ഞൊ ഇരിക്കും "എൻേറ പിതാവിൻേറ ഭവനത്തിൽ പല അരമനകളുണ്ട്" എന്നുള്ള കർത്തൃവാക്യം സ്വർഗ്ഗസമ്മാന പദവികളെ ഉദ്ദേശിച്ചുള്ളതാണ്. "മോക്ഷത്തിൽ ചിലർ സൂര്യനെപ്പോലെയും, ചിലർ ചന്ദ്രനെപ്പോലെയും, മററു ചിലരാകട്ടെ നക്ഷത്രങ്ങളെപ്പോലെയും വ്യത്യസ്തമായി പ്രശോഭിക്കും—എന്നേയ്ക്കും" എന്ന് വി. പൌലോസും എഴുതിയിട്ടുണ്ട്.

ആകയാൽ, എന്നേക്കുമായിട്ടു അനുഭവിപ്പാനുള്ള സ്വർഗ്ഗഭാഗ്യം കഴിയുന്നതു വർദ്ധിപ്പിക്കുന്നതിന് നാം സർവ്വാത്മനാ ശ്രമിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുമല്ലോ. 'പ്രസാദവര'വർദ്ധനവാണ് ഇതിനുള്ള ഏക മാർഗ്ഗം.

ഉത്സാഹിക്കുന്ന പക്ഷം തനിക്കു കോടീശ്വരനാകുവാൻ നിഷ്പ്രയാസം കഴിയുമെന്നു ഒരാൾ, ഉപജീവനത്തിനുള്ള വക മാത്രം കിട്ടിയാൽ മതിയെന്നു കരുതി അലസനായിരുന്നാൽ അതു വലിയവലിയ ഭോഷത്വമായിരിക്കുമല്ലോ. പ്രസാദവരത്തിൻെറ ഓരോ ഡിഗ്രിയും ഓരോ മോക്ഷമുടിക്കു നമ്മെ അവകാശികളാക്കുന്നു. ലോകത്തിലുള്ള സകലൈശ്വര്യങ്ങളും ഒന്നിച്ചുകൂട്ടിയാലും, പ്രസാദവരത്തിൻെറ ഒററ ഡിഗ്രിയോടു തുല്യമാകുകയില്ല. കാരണം, പ്രസാദവരവർദ്ധനം ദൈവസ്നേഹവർദ്ധനയും, ദൈവൈക്യം തന്നെയുമാകുന്നു. "നിത്യമായി അനുഭവിക്കാനുള്ള പുണ്യയോഗ്യതകൾ സമ്പാദിക്കാനായിട്ടല്ലാതെ നാം ചെലവഴിക്കുന്ന സമയം വ്യർത്ഥമാകുന്നു" എന്നു് വി. തോമ്മാ മല്ലാൻ പറഞ്ഞിരിക്കുന്നു. ഓരോ ആത്മാവും വരപ്രസാദത്തിൽ എന്തുമാത്രം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നുള്ളതു് മരണശേഷമല്ലാതെ വെളിപ്പെടുകയില്ല. പുറമേയുള്ള കാഴ്ചയിൽ മിക്കവാറും എല്ലാവരും തുല്യരായിരിക്കും.

വരപ്രസാദവർദ്ധനത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ ഇവയാകുന്നു 1. സ്നേഹനെടുവീർപ്പുകൾ, സുകൃതജപങ്ങൾ മുതലായ സ്നേഹപ്രകരണങ്ങൾ 2 കൂദാശകളുടെ യോഗ്യമായ സ്വീകരണം 3. ദൈവസ്നേഹത്തെപ്രതി ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തികൾ. 4. അപ്രകാരം തന്നെ ദൈവത്തെക്കുറിച്ചു സഹിക്കുന്ന എത്ര അല്പമായ മനശ്ശരീരക്ലേശങ്ങൾ. ഉദ്യോഗനിർവ്വഹണത്തിനടുത്ത പ്രവൃ

ത്തികളും സഹകരണങ്ങളും മേൽപറഞ്ഞ മൂന്നും നാലും ലക്കങ്ങളിൽ ഉൾപ്പെടും.

## 29. നിധിനഷ്ടം.

"നിധിനഷ്ടം" എന്നു പറഞ്ഞാൽ ഘനമായ പാപം നിമിത്തം ആത്മാവിലെ വരപ്രസാദം നഷ്ടപ്പെടുന്നതാകുന്നു. ("പ്രസാദവരാവസ്ഥ" എന്നതു് ചാവുദോഷം കൂടാതെയിരിക്കുന്ന ആത്മാവിൻെറ സ്ഥിതി എന്നാണു് സാധാരണയായി പറയുകയും കരുതുകയും ചെയ്തുപോരുന്നതു്. എന്നാൽ ഇതേ ആശയത്തിനു കൂടുതൽ അത്ഥശക്തി കിട്ടുന്നതു "ആത്മാവു ദൈവത്തെ പ്രാപിച്ചിരിക്കുന്ന അവസ്ഥ" എന്നു പറഞ്ഞാലാണു്.) മനുഷ്യനു ഏററവും വലുതു് അവൻെറ ആത്മാവാണല്ലൊ. വരപ്രസാദനഷ്ടം ഈ ആത്മാവിൻെറ മരണമത്രെ. ആയതു കൊണ്ടത്രെ "ആത്മാവിനേയും ശരീരത്തേയും നിത്യാഗ്നിയിൽ തള്ളുവാൻ കാരണമാകുന്ന പാപത്തെ മാത്രമെ സാക്ഷാൽ ഭയപ്പെടേണ്ടതുള്ളൂ" എന്നു് നമ്മുടെ കത്താവു് ഉപദേശിച്ചിരിക്കുന്നതു്. "സാക്ഷാൽ തിന്മ ഒന്നേയുള്ളു. ഭയപ്പെടേണ്ടതും ഒന്നുമാത്രം" അതു വരപ്രസാദനഷ്ടമാകുന്നു. വരപ്രസാദനഷ്ടം, നിധിനഷ്ടം, ആത്മമൃത്യു, ദൈവനഷ്ടം എന്നിവയെല്ലാം ഒന്നുതന്നെ. "പാപത്തേക്കാൾ മരണം" എന്നു് വി. ഡോമിനിക്ക സാവിയൊ പറഞ്ഞുവന്നു. ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂവീസിൻെറ അമ്മയും ഈ "നിധി" നഷ്ടപ്പെടുത്താതെ സൂക്ഷിക്കുന്നതിനു് തൻെറ പുത്രനെ പ്രത്യേകം അനുസ്മരിപ്പിച്ചിരുന്നു.

പ്രമാണലംഘനമാണല്ലൊ പാപം. അതായതു് ദൈവം വിലക്കിയതു ചെയ്യുക, അഥവാ കല്പിച്ചതു ചെ

ല്ലാതിരിക്കുക. ഇതിനായി നമ്മെ പ്രേരിപ്പിക്കുന്നതു്; നമ്മോടുതന്നെയും സൃഷ്ടവസ്തുക്കളോടുമുള്ള നമ്മുടെ ക്രമരഹിതമായ സ്നേഹമാകുന്നു. ക്രമമായ സ്നേഹവും അടുപ്പവും അനുഭവവും ഉല്ലാസസുഖങ്ങളും ദൈവം അനുവദിച്ചിട്ടുള്ളതാകുന്നു. എന്നാൽ ക്രമം വിട്ടുള്ളതു് അവിടുന്നു് ശരിവയ്ക്കുന്നില്ല. ദൈവം ശരിവയ്ക്കാത്തതു് സ്നേഹിക്കുന്നവൻ ദൈവത്തേക്കാൾ കൂടുതലായി അതിനെ സ്നേഹിക്കുന്നു എന്നാണല്ലോ അർത്ഥം. അതായതു് സ്രഷ്ടാവിനെ ഉപേക്ഷിച്ചിട്ടു സൃഷ്ടിയെ എടുക്കുന്നു കണ്ടാലും! ദൈവം അവനു നഷ്ടമായി- "നിധിനഷ്ടം!" ഇതിൽപരം നഷ്ടമെന്തു്? ആകയാൽ നിധിനഷ്ടം നേരിടാതിരിപ്പാനായി, സൃഷ്ടവസ്തുക്കളോടുള്ള പക്ഷം ക്രമീകരിച്ചു് നിയന്ത്രിക്കുകയെന്നതു് ഏററം സാരമായ സംഗതിയാകുന്നു. മാത്രമല്ല, പാപരഹിതവും ക്രമാനുസൃതവുമായ പക്ഷങ്ങളെത്തന്നെയും ദൈവസ്നേഹത്തെപ്രതി ചിലപ്പോഴെല്ലാം സധൈര്യം പരിത്യജിച്ചു ശീലിച്ചില്ലെങ്കിൽ, ക്രമരഹിതമായവയിലേക്കു് നാം പ്രായേണ ചാഞ്ഞുപോകാനെളുപ്പമുണ്ടു്. നിധി വർദ്ധിപ്പിക്കാൻ ഒരുവേള സാധിച്ചില്ലെങ്കിൽ, അതു നഷ്ടമാകാതിരിപ്പാനെങ്കിലും സൂക്ഷിക്കേണ്ടതാണല്ലോ.

സദുപയോഗം, ദുരുപയോഗം, വീരോചിതോപയോഗം എന്നിങ്ങനെ മൂന്നു വിധത്തിൽ സൃഷ്ടങ്ങളെ ഉപയോഗിക്കാം. ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കും സഹായിക്കുന്ന വിധത്തിൽ ഉപയോഗിക്കുന്നതാണു് സദുപയോഗം: മറിച്ചുള്ളതു ദുരുപയോഗം. യാതൊന്നു് പാപരഹിതവും അനുഭവിപ്പാനൊ സ്നേഹിപ്പാനൊ അനുവാദമുള്ളതുമാ

യിരുന്നാലും, ദൈവസ്നേഹത്തെപ്രതി അതു പരിത്യജി ക്കുന്നതു് "വീരോചിതോ"പയോഗവുമാകുന്നു

## 30 സാന്നിദ്ധ്യസ്മരണ.

'പ്രസാദവരനിധി' സൂക്ഷിപ്പാനും അതിനെ വദ്ധിപ്പിച്ചു് പുണ്യപൂണ്ണത പ്രാപിക്കുന്നതിനും– അതായതു് ദൈവൈക്യ ജീവിതാഭിവൃദ്ധിക്ക്– വേദശാസ്ത്രികൾ ഉപദേശിക്കുന്ന ഒന്നാമത്തെ മാഗ്ഗം ദൈവസാന്നിദ്ധ്യസ്മരണയാകുന്നു. "എൻെറ സന്നിധിയിൽ വ്യാപരിക്കുക, എന്നാൽ നീ പരിപൂണ്ണനാകും" എന്നാണ് അബ്രാഹത്തിനോടു ദൈവം ആജ്ഞാപിച്ചതു്. ദൈവസാന്നിദ്ധ്യസ്മരണയ്ക്കു സഹായിക്കുന്നതായി മൂന്നു മാഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടുന്നുണ്ടു്. ആദ്യത്തേതു്, ദൈവം സവ്വവ്യാപിയാകുന്നു എന്നുള്ള നിലയിൽ ദൈവസാന്നിദ്ധ്യത്തെപ്പററി ചിന്തിക്കുകയാണ്. "തന്നിൽ നാം ജീവിക്കുന്നു, ചലിക്കുന്നു, ആയിരിക്കുന്നു" എന്നു വി. പൌലോസ് പറഞ്ഞിട്ടുണ്ടല്ലൊ. രണ്ടാമത്തെ മാഗ്ഗം, ദൈവത്തെ പ്രപഞ്ചത്തിൽ– സൃഷ്ടവസ്തുക്കളിൽ– ദശിക്കുകയാകുന്നു. അതായതു്, സൃഷ്ടിമാഹാത്മ്യദശനം വഴിയായി അവയുടെ സ്രഷ്ടാവായ ദൈവത്തെ ഓക്കുക. മൂന്നാമത്തെ മാഗ്ഗം, പരിശുദ്ധ ത്രിത്വം നമ്മുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുവെന്നുള്ള നിലയിൽ അവിടത്തെ സ്മരിക്കുകയാകുന്നു. ദൈവം നമ്മുടെ ഹൃദയസക്രാരിയിൽ സാക്ഷാൽ സന്നിധിചെയ്യുന്നുവെന്നുള്ള വിശ്വാസത്തെ സജീവമാക്കിക്കൊണ്ടു് അവിടത്തെ മുമ്പാകെ വ്യാപരിക്കയും, നമ്മുടെ സകല വിചാരവചനപ്രവൃത്തികളേയും നമ്മെത്തന്നെയും ഒരു സ്നേഹദീപം– സ്തോത്രബലി– കെടാവിളക്ക്– എന്നവണ്ണം നിയോഗിച്ചു് അങ്ങേക്കു സമപ്പിക്കയും ചെയ്യുക.

ദൈവത്തെ സൃഷ്ടികളിലും സൃഷ്ടികളെ ദൈവത്തിലും ദർശിച്ച് തദനുസരണം വ്യാപിക്കുന്നതിനു ദൈവം നമ്മിൽ ചിന്തുന്ന ഒരു സ്വർഗ്ഗീയ വെളിച്ചമാണല്ലൊ വിശ്വാസം. ഈ വിശ്വാസം ആരിൽ ദൃഢമൂലമായിരിക്കുന്നുവൊ ആ ആൾ സ്രഷ്ടാവിനെ ദർശിച്ച് ദൈവസാന്നിദ്ധ്യസ്മരണയെ എളുപ്പത്തിൽ പാലിക്കും. ഇങ്ങനെയുള്ളവരാണ് "അബ്രാഹമ്മിൻെറ സന്തതികൾ" എന്ന പേരിനു ന്യായതഃ അർഹിക്കുന്നത്.

"പള്ളിമാ"വിനു തുല്യം നമ്മുടെ ഹൃദയാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന പ. ത്രിത്വമാണ്, നമുക്ക് ആദ്ധ്യാത്മികചൈതന്യവും പ്രേരണയും ശക്തിയും ആനന്ദവും നല്കിക്കൊണ്ട്, പുണ്യജീവിതപഥത്തിലൂടെ നമ്മെ പുരോഗമിപ്പിക്കുന്നതെന്നുള്ള വിശ്വാസം, വി കൊച്ചുത്രേസ്യായെ അവളുടെ 'കുറുക്കുവഴി'യിൽ കൂടിയുള്ള പ്രയാണത്തിൽ വളരെ സഹായിച്ചതായി സ്വയംകൃത ജീവചരിത്രത്തിൽ നാം വായിക്കുന്നു. ഈ പരിശുദ്ധ വിശ്വാസത്തിൽ ഉറപ്പുകിട്ടിയ ആത്മാക്കൾ, പായ്കെട്ടിയ വള്ളംപോലെ അതിശീഘ്രം പുണ്യമാർഗ്ഗത്തിൽ പുരോഗമിക്കും. വി. അമ്മ ത്രേസ്യാ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ" എന്നു സംബോധന ചെയ്തു പ്രാർത്ഥിച്ചപ്പോഴെല്ലാം, അവളുടെ ഹൃദയത്തിൽ എഴുന്നരുളിയിരുന്ന പ. ത്രിത്വത്തെയാണ് മനക്കണ്ണാൽ ഉദ്ദേശിച്ചിരുന്നത്. ഈ രൂപീകരണം, ഭക്തിരസം അനുഭവവേദ്യമാകുന്നതിനും പുണ്യാഭിവൃദ്ധിക്കും വളരെ പ്രയോജകീഭവിക്കുന്നതാണെന്ന് പുണ്യവതിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. വി. ശൌയ്സ്സാർ 'പ. ത്രിത്വമെ, എൻെറ ഭാഗ്യമെ! ഈശോ

യെ, എൻെറ സ്നേഹമെ!" എന്നു കൂടക്കൂടെ ചൊല്ലി വന്നിരുന്നതായും അപ്പോഴെല്ലാം സ്നേഹപാരവശ്യം അനുഭവിച്ചിരുന്നതായും അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ കാണാനുണ്ട്. പിതാവായ ദൈവംതന്നെ-അനന്തസൌശ്യം- നമ്മുടെ ഉള്ളിൽ മറഞ്ഞിരുന്നുകൊണ്ട് നമ്മെ പരിരക്ഷിക്കുന്നുവെന്നുള്ള ഓർമ്മ, അവിടത്തെ കുഞ്ഞുമക്കളും ദുർബലരുമായ നമുക്ക് എത്ര വലിയ ആശ്വാസവും ആനന്ദവും മനോധൈര്യവുമാണ് നല്കാത്തതു്? ഒരിജൻ എന്നു പേരായ കീർത്തിപെട്ട വേദശാസ്ത്രി പിള്ള തൊട്ടിയിൽ കിടന്ന കാലത്തു്, അയാളുടെ പിതാവായ ലെയോനിദാസ് ഈ കുഞ്ഞിൻെറ നെഞ്ചിനെ പലപ്പോഴും ഭക്തിപൂർവ്വം ചുംബനം ചെയ്തിരുന്നു. ഇതിനെപ്പററി തിരക്കിയ സ്നേഹിതക്ക അദ്ദേഹം കൊടുത്ത മറുപടി, "എൻെറ കുഞ്ഞിൻെറ ഹൃദയവേദിയിൽ പ. ത്രിത്വം എഴുന്നള്ളിയിരുപ്പുണ്ട്" എന്നു മാത്രമാണ്. നാമ കട്ടെ "ദൈവം- നമ്മിൽ" ഉണ്ടെന്നു് വല്ലപ്പോഴും സ്മരിക്കാറുണ്ടോ?

## 31 സദനഭേദനം.

മനുഷ്യനാകുന്ന ദൈവസദനത്തിൽ, ആത്മാവാകുന്ന സക്രാരിയിലെ ഹൃദയമാകുന്ന തിരുപ്പാത്രത്തിൽ, ദൈവസ്നേഹം അഥവാ പ്രസാദവരം വഴിയായി പ. ത്രിത്വം സ്ഥിതിചെയ്യുന്നുവെന്നു നാം കണ്ടുവല്ലൊ. എന്നാൽ, ക്രമക്കേടായ സ്നേഹം ഏതെങ്കിലും സൃഷ്ടവസ്തുക്കളോടുണ്ടാകയും, തന്മൂലം ഏതെങ്കിലും ദൈവകല്പന ഘനമായി ലംഘിക്കപ്പെടുകയും ചെയ്യുന്ന മാത്രയിൽ, ഇരയിൽ പൊതിഞ്ഞ ചൂണ്ട മത്സത്തിൽ കടക്കുംപോ

ലെ- പിശാച് ദൈവഭവനം ഭേദിച്ച് മനുഷ്യന്റെ ആത്മാവിൽ പ്രവേശിക്കുന്നു. കൊട്ടാരത്തിൽനിന്നും രാജാവിനെ അടിച്ചോടിക്കുംപോലെ ഹൃദയത്തിൽനിന്നും ദൈവം നിഷ്കാസനം ചെയ്യപ്പെടുന്നു. സക്രാരി വലിച്ചെറിയപ്പെടുന്നു. ആത്മാവിന്റെ ജീവൻ നഷ്ടപ്പെടുന്നു. വെട്ടിയെറിയപ്പെട്ട ശിഖരംപോലെ ആത്മാവ് നാശകൂപത്തിൽ നിപതിക്കുന്നു സ്വർഗ്ഗതുല്യമായിരുന്ന ഹൃദയം നരകതുല്യമായി പകരുന്നു. ദേവാലയം ഭേദിച്ച് തകർത്ത് പിശാച് ഉൾപ്രവേശിക്കുന്ന ഭീകര സംഭവത്തോട് താരതമ്യപ്പെടുത്തി നോക്കിയാൽ, ലോകമഹായുദ്ധങ്ങളിലെ ഭയങ്കര നഷ്ടനാശങ്ങളും രക്തപ്പുഴകളും അഗ്നിപ്രളയങ്ങളും എല്ലാം നിസ്സാരമായി കാണപ്പെടും. മാലാഖമാർ രക്തകണ്ണീർ ചിന്തുന്നു. സകല ചരാചരങ്ങളും പരിഭ്രമിക്കുന്നു. എന്നാൽ ദൈവവിരോധിയായിതീർന്ന ഒരാളിന്റെ ഉള്ളിൽ ഇത്ര വലിയ സംഭവങ്ങളും മാററങ്ങളും നടക്കുന്നെങ്കിലും, പലരും ഇതൊന്നും അറിയുന്ന ഭാവമേ കാണാനില്ല. "സർവ്വനാഥനെ ആദം മറക്കയാൽ സർവ്വസൃഷ്ടികളും മറന്നാദത്തെ" എന്ന ചൊല്ലുപോലെ സകലസൃഷ്ടികളും ഈ ദൈവദ്രോഹിയുടെ ശത്രുക്കളായി പരിണമിക്കുന്നു. ഈ അവസ്ഥയിൽ "പാപിക്കു സമാധാനമില്ല" എന്നത്രെ പരിശുദ്ധാരൂപി അരുളിച്ചെയ്തിരിക്കുന്നത്. അതെ, ദൈവത്തെ അനുഭവിപ്പാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യഹൃദയം ദൈവത്തോട് യോജിച്ചിരുന്നെങ്കിലല്ലാതെ അതിനു ശാന്തിയുണ്ടാകുമോ? കുഴ തെററിയ കയ്യുടെ സ്ഥിതി എന്തായിരിക്കും? ഒരു നാടകശാലയുടെ മദ്ധ്യത്തിൽ ഒരാളെ തലകീഴായി കെട്ടിതൂക്കിയാൽ,

മററുള്ളവർ നാടകംകണ്ടു രസിച്ചാനന്ദിക്കയിൽ ഇവൻെറ അവസ്ഥ എന്തായിരിക്കും? നില തെറെറുമ്പോൾ ഭാവം മാറുന്നു. ലോക ജീവിതനാടകത്തിൽ അല്പമെങ്കിലും ആനന്ദത്തിനു വഴിയുണ്ടെങ്കിൽ, അതനുഭവിക്കുന്നതു്, ദൈവൈക്യത്തിൽ സ്ഥിതിചെയ്യുന്ന ആത്മാക്കൾ മാത്രമാണു്. നരകരാജനെ ഹൃദയപീഠത്തിന്മേൽ പ്രതിഷ്ഠിച്ചുകൊണ്ടും, നാരകീയ സേനകളാൽ പരിസേവിതനായും; ദൈവത്താൽ കൈവിടപ്പെട്ടും കഴിച്ചുകൂട്ടുന്ന ഒരുവന്, ജീവിതത്തിൽ എന്താണ് ആനന്ദം, സമാധാനം, സുഖം? ഈ നിർഭാഗ്യനിലയിൽ ജീവിതം തുടരാൻ, ഉണ്ണുവാൻ, ഉറങ്ങുവാൻ, ഉല്ലസിപ്പാൻ ആരെങ്കിലും ധൈര്യപ്പെടുമൊ? സങ്കടഭേദനം! പിശാചു ഉൾപ്രവേശിച്ചു. നിധി നഷ്ടപ്പെട്ടു. ആത്മാവു മരിച്ചു. നിൻെറ ദൈവം നിനക്കു പൊയ്പോയി!!

## 32. അമ്മാനുവേൽ

"ദൈവം തന്നെവന്നു നമ്മെ രക്ഷിക്കും. അവൻ 'അമ്മാനുവേൽ' എന്നു വിളിക്കപ്പെടും. അതിൻെറ അർത്ഥം ദൈവം നമ്മോടുകൂടി എന്നാകുന്നു." എന്നീ വാക്യങ്ങൾ ഏശയ്യായുടെ പ്രവചനങ്ങളിൽ നാം വായിക്കുന്നു. ഇങ്ങനെ മുൻകൂട്ടി അറിയിച്ചു് ദൈവം ചെയ്തിരുന്ന വാഗ്ദാനത്തെ പരിത്രാതാവായ പുത്രൻതമ്പുരാൻ തൻെറ ആഗമനത്താൽ നിവൃത്തമാക്കി. ഇതിനെ സ്ഥിരീകരിച്ചുകൊണ്ടു അവിടുന്നുതന്നെ ആവർത്തിച്ചരുളിച്ചെയ്യുന്നു "ഞാൻ നിങ്ങളെ അനാഥരായി വിട്ടുകകയില്ല," (യോഹ. 14-18.) "ഇതാ! ഞാൻ ലോകാവസാനത്തോളം എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ടു്." (മത്താ. 18- 20) "അദ്ധ്വാ

നിക്കുന്നവരും ഭാരപ്പെട്ടിരിക്കുന്നവരും എൻെറ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." (മത്താ. 11- 28.) ഇപ്രകാരം അരുളിച്ചെയ്തുകൊണ്ട് വി. കുർബ്ബാനവഴിയായി നമ്മുടെ ഇടയിൽ ദൈവാലയങ്ങളിലെ വിശുദ്ധ സക്രാരികളിൽ വസിപ്പാൻ അവിടുന്ന തിരുമനസ്സായി. തൻെറ അത്ഭുതകൃത്യങ്ങളുടേയും പീഡാനുഭവങ്ങളുടേയും, നമ്മുടെ നേർക്കുള്ള സ്നേഹാധിക്യത്തിൻെറയും സജീവസ്മാരകവും പ്രത്യക്ഷമായ അടയാളവും താൻ സ്ഥാപിച്ചു. ഇതിനെക്കുറിച്ചുതന്നെ വി. യോഹന്നാൻെറ വെളിപാടിൻ പുസ്തകത്തിൽ ഇങ്ങനെ നാം വായിക്കുന്നു. "പിന്നെ പുതിയ ഓറശ്ലേം സ്വർഗ്ഗത്തിൽനിന്ന്, ദൈവത്തിങ്കൽനിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. സ്വർഗ്ഗത്തിൽനിന്നും വലിയ സ്വരം ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. ഇതാ മനുഷ്യരോടുകൂടി ദൈവത്തിൻെറ കൂടാരം, അവൻ അവരോടുകൂടി വസിക്കും, അവർ അവന്റെ ജനമായിരിക്കും. ദൈവംതന്നെ അവരോടുകൂടി അവക്കു ദൈവമായിരിക്കയും ചെയ്യും. അവരുടെ കണ്ണുകളിൽനിന്ന് കണ്ണീരെല്ലാം നിലച്ചുപോകും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലൊ, മുറവിളിയൊ, ദുഃഖമൊ ഇനി ഉണ്ടാകയില്ല." (വെളിപാട്. 21 - 3.)

പൂർവ്വകാലത്തു കൂടാരങ്ങളിലും വാഗ്ദത്തപെട്ടകത്തിങ്കലും ദൈവം അവക്കു സങ്കേതവും ആശ്വാസവും നല്കി. ഇന്നാകട്ടെ നമ്മുടെ ദൈവാലയങ്ങളിൽ രാപ്പകൽ നമ്മെ പാർത്തും ക്ഷണിച്ചുംകൊണ്ടു, രാജാവായും ഇടയനായും, പിതാവായും വൈദ്യനായും, ആശ്വാസദായകനായും ഗുരുവായും, സ്നേഹിതനായും രക്ഷകനായും, എല്ലാവക്കും എല്ലാമായും സ്ഥിതിചെയ്യുന്നു. "നിങ്ങളുടെ

ദൈവമായ കർത്താവ് നിങ്ങളുടെ ഇടയിലുണ്ട്." (ആവ. 20- 4) മാലാഖാമാർ സ്വർഗ്ഗത്തിൽ ആരാധിക്കുന്ന ത്രിയേക ദൈവം, മനുഷ്യർക്കുവേണ്ടി മനുഷ്യരുടെ ഇടയിൽ എഴുന്നള്ളിയിറങ്ങി വസിക്കുന്നു. നാകത്തിൽ വിശിഷ്ടരുടെയിടയിൽ വസിക്കയിൽ, ലോകത്തിൽ ദുഷ്ടരുടെ മദ്ധ്യത്തിലും കുടികൊള്ളുന്നു. അഭിമുഖദർശനത്താൽ ആകാശവാസികളെ ആനന്ദപ്പിക്കവെ, അപ്പമെന്ന തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞിരുന്നുകൊണ്ട് ഭൂവാസികളെ തൃപ്തിപ്പെടുത്തുന്നു. വിസ്മയകുതൂഹലരായി, ഭയവിഹ്വലരായി, സക്രാരികളുടെ മുമ്പിൽ മർത്ത്യരോടൊപ്പം അമർത്ത്യരും തങ്ങളുടെ ദൈവമായ കർത്താവിനെ ആരാധിച്ചു വണങ്ങുന്നു. "സത്യമായിട്ടും നീ മറഞ്ഞിരിക്കുന്ന ദൈവമാകുന്നു." (ഏശയ്യാ. 45- 15.)

മാത്രവുമല്ല, സ്വർഗ്ഗവാസികൾക്ക് അസൂയജനിക്കത്തക്കവിധം തന്നെത്തന്നെ നമുക്കു ഭോജനമായി തരുന്നു. "എടുത്തു ഭക്ഷിപ്പിൻ" (മത്താ. 26- 26) ഒ! ത്രിയേക ദൈവത്തിൻെറ കാരുണ്യാതിരേകം! മനുഷ്യരോടുള്ള സ്നേഹപാരമ്യം! "ദൈവത്തെ മനുഷ്യൻ ഭക്ഷിക്കുന്നു." (വി. തോമ്മ. അ.) അവിടുന്നുതന്നെ ഇതു് സ്പഷ്ടമായി അരുളിച്ചെയ്തില്ലായിരുന്നെങ്കിൽ, മനുഷ്യനെ ധൈര്യപ്പെടുത്തിയിരുന്നില്ലെങ്കിൽ, ഇതു് ആർ വിശ്വസിക്കുമായിരുന്നു. അടുക്കാനും എടുക്കാനും ഭക്ഷിപ്പാനും ആർ തുനിഞ്ഞേനെ, അവിടുന്നു നമുക്കു സക്രാരിയിൽ കൂട്ടുകാരൻ, കുർബാനയിൽ ആഹാരം, അത്ഭുതമെ! "അമ്മാനുവേൽ" ദൈവം നമ്മോടുകൂടി. ദൈവം— നമ്മിൽ.

## 33. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

ജ്ഞാനസ്നാനം വഴിയായി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നമ്മുടെ ക്രിസ്തീയജീവിതം— ആത്മീയ പുനർജനനം— ആരംഭിച്ചതുകൊണ്ട്, നമ്മുടെ എല്ലാ പ്രവൃത്തികളും ഓരോ പ്രവൃത്തിയും പ. ത്രിത്വത്തിൻെറ നാമത്തിൽ ആരംഭിക്കുന്നതു സമുചിതമായിരിക്കുന്നു. നമ്മുടെ ഉടമസ്ഥത പ. ത്രിത്വത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും, നിത്യംമുതല്ക്കുള്ള അവിടത്തെ കർമ്മപരിപാടി ഇക്കാലത്തിൽ നമ്മിലും നാം വഴിയായും തുടൎന്നുകൊണ്ടിരിക്കുന്നതിനാലും, നാം ജീവിക്കുന്നതും പ്രവൎത്തിക്കുന്നതും സഹിക്കുന്നതുമെല്ലാം അവിടത്തെ നാമത്തിലും അവിടത്തോടൊന്നിച്ചും ആയിരിപ്പാൻ നീതിക്കടുത്ത കടമ തന്നെയുണ്ട്. പ. ത്രിത്വത്തെ സദാ സ്മരിക്കുന്നതിനും ആരാധിക്കുന്നതിനുമുള്ള നമ്മുടെ ചുമതലയെ അടിസ്ഥാനമാക്കിയും, ആ കടമ നിൎവ്വഹിക്കുന്നതിനുള്ള ഒരു പ്രായോഗിക മാൎഗ്ഗമായിട്ടുമത്രെ, കുരിശടയാളത്തോടു് പ. ത്രിത്വനാമത്തെ തിരുസഭ സംഘടിപ്പിച്ചിരിക്കുന്നതു്. കുരിശു വരയ്ക്കുമ്പോൾ 'പിതാവിൻെറയും' എന്നു പറഞ്ഞുകൊണ്ട് ശിരസ്സിനെ— നെററിയെ— ഒന്നാമതായി നാം അടയാളപ്പെടുത്തുന്നതു്, ത്രിത്വത്തിൽ പ്രഥമസ്ഥാനവും ആരംഭവും പിതാവിനാകയാലാണ്. 'പുത്രൻേറയും' എന്നു പറകയിൽ നെററിയിൽനിന്നു താഴത്തെക്കു ഉദരംവരെ കൈ കൊണ്ടു പോകുന്നതു്, പിതാവിൽ നിന്നുള്ള പുത്രൻെറ നിത്യജനനത്തേയും കാലത്തിൽ ഭൂമിയിലേക്കിറങ്ങി മനുഷ്യനായി പിറന്നതിനേയും കാണിപ്പാ

നാകുന്നു. ഇടത്തെ തോളിൽനിന്നും വലത്തേതിലോട്ട 'റൂഹാദക്കുദശായുടേയും' എന്നു പറഞ്ഞുകൊണ്ട് കൈകൊണ്ടുപോകുമ്പോൾ, പിതാവും പുത്രനും നിത്യസ്നേഹമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ പരസ്പരം ബന്ധിതരായിരിക്കുന്നതിനെ നാം അനുസ്മരിക്കുന്നു "നാമത്തിൽ" എന്ന ഏക വചനപ്രയോഗത്താൽ മൂന്നാളുകളിൽ ഒരു ദൈവം മാത്രം ആകുന്നുവെന്നും നമ്മെ പഠിപ്പിക്കുന്നു.

ഇങ്ങനെ കുരിശടയാളപ്രയോഗത്തിൽ പ. ത്രിത്വരഹസ്യത്തെ ഉള്ളടക്കുകയും, നമ്മുടെ സകല സംരംഭങ്ങളും ഈ അടയാളത്തിൽ ആരംഭിക്കണമെന്ന് നിഷ്കർഷിക്കയും ചെയ്യുന്നതുകൊണ്ടുതന്നെ, പ. ത്രിത്വഭക്തിയെ സംബന്ധിച്ചിടത്തോളം സഭയുടെ മനോഭാവമെന്തെന്ന് സ്പഷ്ടമാകുന്നുണ്ട്. ഇതു ശ്ലീഹന്മാരുടെ കാലംമുതൽ നടപ്പിലിരിക്കുന്ന ഒരു മതാചാരമാകുന്നുവെന്ന് വി. ആഗുസ്തീനോസു പറയുന്നു. തിരുസ്സഭയിലെ തിരുക്കർമ്മങ്ങളെയും 'പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ' എന്നു ചൊല്ലിക്കൊണ്ടാണ് ആരംഭിക്കുന്നത്. നമ്മുടെ സത്യവിശ്വാസസ്ഥിരീകരണത്തിനും വർദ്ധനത്തിനും, നമ്മുടെ മേലുള്ള ദൈവത്തിന്റെ കതൃത്വത്തെ ഏററു പറയുന്നതിനും, അപകടങ്ങളിലും ശത്രുക്കളിലും നിന്നുള്ള സംരക്ഷണത്തിനും, ദൈവാനുഗ്രഹം നമ്മുടെ പ്രവൃത്തികളിന്മേൽ ധാരാളമായി ഉണ്ടാകുന്നതിനും ഈ ഭക്തകൃത്യം വളരെ ഉപകരിക്കും. 'നിന്നെ സൃഷ്ടിച്ച പിതാവിന്റേയും നിനക്കായി മരിച്ച പുത്രന്റേയും നിന്നെ ശുദ്ധീകരിച്ച പരിശുദ്ധാത്മാവിന്റേയും നാമത്തിൽ പുറപ്പെടുക' എന്ന്, മരണാസന്നനായിക്കിടക്കുന്ന വിശ്വാ

സിയോട്ട് സമീപത്തു നില്ക്കുന്ന പുരോഹിതൻ പറയുന്ന വാക്യവും അൎത്ഥസംപൂൎണ്ണമത്രെ. അതിനാൽ, നമ്മുടെ ജീവിതത്തിൻെറ ആദ്യന്തം പവിത്രതയോടു നാം എത്ര മാത്രം അനുബന്ധിതരും ഭക്തരുമായി വ്യാപരിക്കേണ്ട താണെന്ന് സ്പഷ്ടമാണല്ലൊ.

## 34 പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

"എൻെറ കൎത്താവായ ദൈവത്തിന് ഞാനെപ്പോഴും സ്തോത്രം ചൊല്ലുന്നു" "നിങ്ങളുടെ യാചനകൾ കൃതജ്ഞതാപ്രകടനത്തോടുകൂടി ദൈവത്തിങ്കൽ സമൎപ്പിക്കുവിൻ" എന്നിത്യാദി ശ്ലൈഹികവാക്യങ്ങൾ നമുക്കു ദൈവത്തോടുള്ള ഏററം വലിയ ഒരു ചുമതലയെയാണ് കുറിക്കുന്നത്. എന്തെന്നാൽ, ലൌകികമൊ ആത്മീയമൊ, മാനസികമൊ ശാരീരികമൊ ആകട്ടെ ഏതൊരു നന്മയും, നമ്മുടെ അസ്തിത്വവും നിലനില്പും തന്നെയും ദൈവത്തിൻെറ സൌജന്യദാനമാകയാൽ, നാം ഇടവിടാതെ അങ്ങേക്കു സ്തോത്രം ചൊല്ലുവാൻ ന്യായമായിരിക്കുന്നു. പെസഹായുടേയും പന്തക്കുസ്തായുടേയും കൂടാരങ്ങളുടേയും തിരുനാളുകൾ പ്രതിവൎഷം കൃതജ്ഞതാസൂചകമായി കൊണ്ടാടണമെന്ന് ഇസ്രായേൽജനത്തോട് ദൈവം പ്രത്യേകം ആജ്ഞാപിച്ചിരുന്നു. നമ്മുടെ കൎത്താവു തൻെറ സ്വൎഗ്ഗീയപിതാവിന് സ്തോത്രം പറയുന്നതായി സുവിശേഷത്തിൽ പലേടത്തും കാണാവുന്നതാണ്. നൂററിമുപ്പത്തഞ്ചാം സങ്കീൎത്തനം മുഴുവൻ കൃതജ്ഞതാഗീതമായിട്ടാണ് പരിശുദ്ധാത്മാവിൻെറ നിവേശനത്താൽ ദാവീദു ദീൎഘ

ദർശി എഴുതിയതു്. ജലപ്രളയത്തിൻെറ ശേഷം നോഹ ദൈവത്തിനു സ്തോത്രബലി സമപ്പിച്ചു. മൂന്നു ബാലന്മാർ തങ്ങളെ തീച്ചൂളയിൽ സംരക്ഷിച്ച ദൈവത്തിനു സ്തുതി പാടുവാനായി സൂര്യ്യചന്ദ്രനക്ഷത്രാദികളായ സകല ചരാചരങ്ങളേയും വിളിച്ചു. സുഖംപ്രാപിച്ച കുഷ്ഠരോഗി പിന്തിരിഞ്ഞു കത്താവിനു നന്ദി പ്രദശിപ്പിച്ചു. ഒമ്പതുപേരുടെ നന്ദിഹീനതയെ അവിടുന്നു അപലപിച്ചു. വി. അംബ്രോസീസ്- ആഗ്ഗസ്തീനോസിൻെറ കൃതജ്ഞതാഗീതത്തിന് സഭയിൽ വലിയ സ്ഥാനമുണ്ടു്. കിട്ടിയ ഉപകാരങ്ങൾക്കു നന്ദികാണിക്കുന്നതു കൂടുതൽ ലഭിപ്പാൻ വഴി തുറക്കുകയാണ്. നന്ദിഹീനരെ മനുഷ്യരെല്ലാം വെറുക്കുന്നു. ഉപകാരിയോടു ഉപകൃതൻ 'നന്ദി' പറയുന്നതു സംസ്കാരത്തിൻേറയും ഉപചാരത്തിൻേറയും അടയാളമായി കരുതപ്പെടുന്നു. മൃഗങ്ങൾപോലും നന്ദി കാണിപ്പാറുണ്ടു്.

പൊൻപാത്രക്കാരായ മാലാഖാമാരോടുകൂടി അത്യുന്നതനെ സ്തുതിപ്പാൻ മൺപാത്രക്കാരായ മനുഷ്യരെ യോഗ്യരാക്കിയതുതന്നെ എത്ര മഹാഭാഗ്യം. പ. ത്രിത്വത്തിൻെറ തന്നിൽതന്നെയുള്ള മഹിമപ്രതാപത്തെക്കുറിച്ചു് അവിടുത്തെ നാം വാഴ്ത്തണം. അവിടുന്നു സൃഷ്ടികളുടെമേൽ നിരന്തരം വഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹദാനങ്ങൾക്കായി അങ്ങയെ പുകഴ്ത്തണം. വ്യക്തികൾ മാത്രമല്ല, സമുദായങ്ങളും രാജ്യങ്ങളും അവിടത്തെ അനുഗ്രഹപാത്രങ്ങളാകുന്നു. ആകയാൽ 'സകല ജനങ്ങളെ കത്താവിനെ സ്തുതിപ്പിൻ, സകല ജാതികളെ അങ്ങെ വാഴ്ത്തുവിൻ: എന്തെന്നാൽ തൻെറ കൃപ നമ്മുടെമേൽ ശക്തിപെട്ടിരിക്കുന്നു' എന്നു ദീർഘദർശി പറഞ്ഞിരിക്കുംപോലെ, എല്ലാവരും ദൈവത്തിനു നന്ദി പറയണം. ആഭ്യന്തരമാ

യും ബാഹ്യമായും, രഹസ്യത്തിലും പരസ്യത്തിലും തനിക്കു സ്തോത്രം ചെയ്യുന്നു. വാക്കാൽ മാത്രമല്ല ജീവിതംതന്നെ സ്തോത്രബലിയാക്കണം.

മാതാവായ തിരുസഭ അവളുടെ ജപങ്ങളിലും തിരുക്കർമ്മങ്ങളിലുമെല്ലാം ഈ സംഗതിയിൽ നമുക്കു ദൃഷ്ടാന്തം തരുന്നുണ്ട്. നമ്മുടെ എല്ലാ ജപങ്ങളും ഈ ലോകം കൊണ്ടവസാനിക്കും. എന്നാൽ "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്നുള്ള ആ ജപംമാത്രം പരത്തിലും നിത്യം ആലപിക്കപ്പെടും. ഇന്നും എന്നും പ. ത്രിത്വത്തിൻമുമ്പാകെ ആ സ്തോത്രം പാടുകയാണല്ലോ വാനവാസികളുടെ കർത്തവ്യം. നമ്മുടെ രക്ഷാനാഥൻതന്നെയും പരിശുദ്ധ കുർബ്ബാനയിൽ സന്നിധി ചെയ്തുകൊണ്ട്, നമുക്കുപകരമായി ഇടവിടാതെ ദൈവപിതാവിനെ ആരാധിച്ചു സ്തോത്രാർപ്പണം ചെയ്തുകൊണ്ടിരിക്കുന്നു. പരിത്രാതാവായ ആ മുന്തിരിവള്ളിയോടു നമ്മളും ആത്മനാ യോജിച്ചുകൊണ്ട് പ. ത്രിത്വത്തിൻെറ നേർക്ക് നമുക്കുള്ള കടമകളെ യഥാശക്തി നിർവ്വഹിക്കണം. ഈ കർത്തവ്യനിർവഹണത്തിൽ സർവലോക മദ്ധ്യസ്ഥയും ഈശോയുടേയും നമ്മുടേയും അമ്മയുമായ നിർമ്മല ദൈവജനനിയോട് സംയോജിക്കുന്നത് ഏററം സമീചീനമായിരിക്കയും ചെയ്യും. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. സകല ചരാചരങ്ങളിൽനിന്നും, ഇന്നും എന്നേക്കും.

## 35 ഉപസംഹാരം.

ദൈവം സ്വയംഭൂവും സർവ്വാദികാരണനും അനന്തശക്തിയും അനാദ്യന്തനുമാകുന്നു. അവിടുന്ന് സ്വഭാവത്തിൽ ഏകനും ആൾ വകയിൽ മൂവരുമാകുന്നു. പിതാ

വിൽ നിന്ന പുത്രൻ ജനിച്ചു. പിതാവിലും പുത്രനിലും നിന്ന് ഏകമൂലത്തിൽ നിന്നെന്നവണ്ണം പരിശുദ്ധാത്മാവു പുറപ്പെട്ടു. പുത്രൻ പിതാവിൻെറ ആത്മജ്ഞാനമാകുന്നു. പരിശുദ്ധാത്മാവു പിതാവും പുത്രനും തമ്മിലുള്ള സ്നേഹമാകുന്നു. മൂവരും സകലത്തിലും തുല്യരാകുന്നു.

തനിക്കു പുറമെ മാലാഖാമാരും മനുഷ്യരും ഉൾപ്പെടെ ബാഹ്യവസ്തുക്കളെ സൃഷ്ടിപ്പാൻ ദൈവം നിശ്ചയിച്ചു. ഈ പരിപാടി നിത്യമെങ്കിലും, കാലക്രമേണ നിർവ്വത്തമാകുന്നു. ഈ സൃഷ്ടിപരിപാടിയുടെ മാതൃകാനിമിത്തം ദൈവപുത്രനാകുന്നു. പരിശുദ്ധാത്മാവു പ്രഭാവകകാരണവുമാകുന്നു. ഇവരിരുവരും വഴിയായും ഇവരിലും ഇവരോടുകൂടിയും സൃഷ്ടികർത്താവു പിതാവത്രെ. ഈ നിത്യനിശ്ചയം ദൈവസ്വഭാവത്തിൻേറതാകയാൽ മൂന്നു ദൈവാളുകൾക്കും പൊതുവായതാകുന്നു എങ്കിലും അതിൻെറ ഉൽപത്തിയായ ഉറവിനോടെന്നവണ്ണം, സ്ഥായിയായ ബന്ധം നമുക്കു ദൈവത്തോടു പൊതുവിലുണ്ട്. കൂടാതെ, നമ്മുടെ അസ്തിത്വത്തിൻെറ കർത്താവു, മാതൃക, പ്രഭാവകൻ, എന്നീ വ്യത്യസ്ഥനിലകളിൽ പ. ത്രിത്വത്തിലെ ഓരോ ആളിനോടും നമുക്ക് പ്രത്യേകം പ്രത്യേകം ബന്ധവും ആശ്രയവുമുണ്ട്.

ആശ്രയം എപ്പോഴും ചുമതലയെക്കൂടി ഉള്ളടക്കുന്നതാകയാൽ നമുക്കു ദൈവത്തോടു ചില ചുമതലകളുണ്ട്. ഇവയാകട്ടെ, നമ്മുടെമേൽ ദൈവത്തിനുള്ള പരമാധികാരത്തെ സിദ്ധാന്തപരമായും, പ്രവൃത്തിപരമായും, വ്യാപാരപരമായും ഏററു പറയുന്നതിൽ അടങ്ങിയിരിക്കുന്നു. ഈ ചുമതലാസഞ്ചയമത്രെ 'മതം' എന്ന പദത്താൽ വിവക്ഷിക്കപ്പെടുന്നതു്. മനുഷ്യൻെറ ജീവിതസാ

ററഹ്യയ്യാദി സമസ്തവും, അവൻെറ അസ്തിത്വത്തെ സംദർശനം ചെയ്ത ദൈവത്തിൻെറ നിത്യപ്ലാനിൽ ഉൾപ്പെട്ടവയാകയാൽ, അവൻെറ ചെയ്തികളിലെല്ലാം ദൈവവിചാരണയോടു പരിപൂർണ്ണവിധേയത്വവും യോജിപ്പും പാലിക്കുന്നത് യുക്തിയുക്തവും മനുഷ്യൻെറ ജന്മസാഫല്യസൌഭാഗ്യങ്ങൾക്കു നിദാനവുമാകുന്നു.

സ്രഷ്ടാവും സൃഷ്ടിയുമെന്ന വീക്ഷണത്തിൽ ദൈവത്തോടുള്ളതായി മേൽ പ്രസ്താവിച്ച സ്വാഭാവിക ബന്ധങ്ങൾക്കും ചുമതലകൾക്കും പുറമെ, സ്വാഭാവാതീതങ്ങളായ നിരവധി ബന്ധങ്ങളും ചുമതലകളും നമുക്കു ത്രൈക ദൈവത്തോടു പൊതുവിലും, ത്രിത്വത്തിലെ ഓരോ ആളിനോടു തിരിച്ചു തിരിച്ചും ഉണ്ട്. ഈ നവമായ ബന്ധംമൂലമുള്ള ചുമതലകളുടെ ഉത്ഭവവും ഒരു പുതിയ സൃഷ്ടികർമ്മത്തിൽനിന്നാണ്. അതായത്, ഇതര സൃഷ്ടികളിൽനിന്നും വേർതിരിച്ച് ഒരു ദത്തുപുത്രസ്ഥാനം മനുഷ്യന് നല്കി അവനെ തന്നോടുകൂടി നിത്യസൌഭാഗ്യാവകാശിയാക്കുവാൻ ദൈവം നിശ്ചയിച്ചു. തദർത്ഥം സ്വാഭാവിക മനുഷ്യനു ദൈവം തൻെറ ദൈവത്വത്തിൽ പങ്കു നല്കി. അതിസ്വാഭാവികത്വം— പ്രസാദവരം- കൊടുത്തു അവനെ ഉയർത്തി, എന്നാൽ ആദ്യമനുഷ്യൻ ഈ ശ്രേഷ്ഠപദം നഷ്ടമാക്കി. അതോടുകൂടി നരവംശം മുഴുവൻ അധഃപതിച്ചു. എങ്കിലും ദൈവത്തിൻെറ അനന്തകാരുണ്യം കനിഞ്ഞു, മനുഷ്യനെ പുനരുദ്ധരിപ്പാനും നഷ്ടമായ സ്വാഭാവാതീതത്വം അഥവാ പ്രസാദവരം തിരിച്ചുകൊടുത്തുകൊണ്ട് ഒരു സ്വാഭാവാതീത സൃഷ്ടികർമ്മം തന്നെ വീണ്ടും നടത്തുവാനും തിരുച്ചിത്തമായി. ആദ്യത്തെ സൃഷ്ടികർമ്മത്തിൽ ദൈവപുത്രൻ മാതൃകയും പരിശുദ്ധാത്മാവു പ്ര

ഘോദകനമായിരുന്നിട്ടുണ്ടെന്നു മുകളിൽ പറഞ്ഞുവല്ലൊ. അപ്രകാരംതന്നെ രണ്ടാമത്തേതിലും- ഉദ്ധാരകപദ്ധതി- പിതാവിനോടുകൂടി പുത്രനും പരിശുദ്ധാത്മാവും സഹകരിച്ചു. എങ്ങനെയെന്നാൽ, മനുഷ്യോദ്ധാരണത്തിനായി പിതാവു തൻെറ പുത്രനെ ആദ്യമായി ഭൂമിയിലേക്കയച്ചു. പുത്രൻ തൻെറ പരിത്രാണകർമ്മം വഴിയായി ദൈവജ്ഞാനമുദ്ര മനുഷ്യബുദ്ധിയിൽ പതിച്ചു. മുക്തിമാർഗ്ഗം തെളിച്ചു രണ്ടാമതായി പരിശുദ്ധാത്മാവിനെ പിതാവയച്ചു. അവിടുന്നു മനുഷ്യഹൃദയത്തിൽ ദൈവസ്നേഹത്തിൻെറ മുദ്രയും പതിച്ചു. തന്മൂലം മനുഷ്യന് ദൈവത്തോടു സാധർമ്മ്യവും ദൈവൈക്യത്തിനുള്ള പര്യാപ്തതയും സിദ്ധിച്ചു ഇങ്ങനെ, തന്നെ അന്വേഷിപ്പാനും, അന്വേഷിക്കുന്ന ഏവക്കും തന്നെ പ്രാപിപ്പാനുമുള്ള വരം ദൈവം പ്രദാനം ചെയ്തു.

ദൈവം മനുഷ്യനു ഈ നല്കിയ സ്വഭാവാതീത വരത്തിന് "പ്രസാദവരം" എന്നു പറയുന്നു. ഇതേപ്പററി വി. ആഗുസ്തീനോസു പറയുന്നതു യിതു "മനസ്സിൻെറ ദർശനം മാംസംമാത്രമായിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവായ ദൈവത്തിൻെറ ദാനം പരിശുദ്ധാത്മാവുതന്നെയല്ലാതെ മറെറാന്നുമല്ല." അതായത്, മനുഷ്യനു ദൈവസ്വഭാവത്തിൽ ഓഹരിയും ത്രിത്വസാദൃശ്യവും നല്കി, മനുഷ്യസ്വഭാവം അനുവദിക്കുന്നിടത്തോളം, അവനെ ദൈവമാക്കിത്തീക്കുന്നു. അമ്മത്രേസ്യായുടെ വാക്കുകളും ഇവിടെ ശ്രദ്ധേയമത്രെ. വിശുദ്ധ പറയുന്നു "മാമ്മോദീസായിൽ പരിശുദ്ധാത്മാവു നമ്മിൽ ചിന്തുന്ന ദൈവസ്നേഹം വഴിയായി പ. ത്രിത്വം തന്നെ ഹൃദയസക്രാരിയിൽ എഴുന്നുള്ളി വസിച്ചുകൊണ്ട്, നമ്മുടെ സഹകരണം അനുസരിച്ച് നമ്മിൽ പ്രവത്തിക്കയും, പ്രസാദ

വരത്തിൽ സ്ഥിരത, വൎദ്ധനം, പുണ്യയോഗ്യത മുതലായവ നല്കുകയും ചെയ്യുന്നു. മാത്രമല്ല, ഒരുവിധം പറഞ്ഞാൽ, മനുഷ്യഹൃദയസിംഹാസനത്തിൽ സ്ഥിതിചെയ്തുകൊണ്ടു്, ദൈവം സൃഷ്ടി സ്ഥിതിസംഹാരകൎമ്മങ്ങൾ നടത്തുകയും അവയിൽ മനുഷ്യനെ അംശഭാക്കാക്കുകതന്നെയും ചെയ്യുന്നു.

ഹാ! മനുഷ്യന്റെ നേൎക്കുള്ള ദൈവത്തിന്റെ ഊഹാതീതമായ സ്നേഹവും അതിന്റെ പ്രകടനമാൎഗ്ഗങ്ങളും! എത്ര വിസ്മയനീയം! അവരിൽ ഒന്നായ ദൈവം തന്നെയും തന്റെ ശ്ലീഹന്മാരും എത്രയും ലളിതമായ വചനങ്ങളിൽ ഇതു നമ്മോടറിയിച്ചില്ലായിരുന്നെങ്കിൽ ഇതു വിശ്വസിപ്പാൻ തന്നെയും ആൎക്ക കഴിയുമായിരുന്നു! വി. ലിഖിതങ്ങളിൽ ഇങ്ങനെ നാം വായിക്കുന്നു. "ഞാൻ എന്റെ പിതാവിൽ ആകുന്നുവെന്നും നിങ്ങൾ എന്നിലാകുന്നുവെന്നും ഞാൻ നിങ്ങളിലാകുന്നുവെന്നും ആ ദിവസത്തിൽ നിങ്ങൾ അറിയും." (വി. യോഹ. 14- 20.) "അപ്പോൾ പിതാവു് അവനെ സ്നേഹിക്കയും ഞങ്ങൾ അവന്റെ അടുക്കൽ വന്നു് അവനോടുകൂടി വസിക്കയും ചെയ്യും." (യോഹ. 20- 25.) "ഈശോമിശിഹാ ദൈവത്തിന്റെ പുത്രനാകുന്നുവെന്നു് ഏറ്റുപറയുന്ന് ഏവനിലും ദൈവം വസിക്കുന്നു അവൻ ദൈവത്തിലും വസിക്കുന്നു." ( I യോഹ. 4- 15.) "നിങ്ങൾ മക്കളായിരിക്കകൊണ്ടു ദൈവത്തെ അപ്പാ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയത്തിലേക്കയച്ചു" (ഗലാത്താ. 4- 6.) നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു ആശ്വാസപ്രദനെ പിതാവു് നിങ്ങൾക്കു് തരും. അവൻ നിങ്ങളിൽ ഇരിക്കയും ചെയ്യും."

(യോഹ. 14- 16.) "നിങ്ങൾ ദൈവസ്വഭാവത്തിന്റെ പങ്കുകാരായി തീരുന്നതിനുള്ള വലിയ വാഗ്ദാനങ്ങൾ നമുക്കു തരപ്പെട്ടിരിക്കുന്നു. (2 പത്രാ. 1- 4.) 'ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു. നിങ്ങൾ എന്നിൽ വസിപ്പിൻ. ഞാൻ നിങ്ങളിലും വസിക്കും." (യോഹ. 15- 1.) "നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു. ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നു. (I കൊറി 3-16) അപ്പോൾ മനുഷ്യന്റെ വ്യക്തിമാഹാത്മ്യവും ഇതര സൃഷ്ടികളെ അപേക്ഷിച്ച് അവന്റെ ഔന്നത്യവും മേന്മയും മേല്പറഞ്ഞവയിൽനിന്നും സ്പഷ്ടമാകുന്നുണ്ട്.

ഇഹത്തിൽ മനുഷ്യവർഗ്ഗത്തിന്റെ വർദ്ധനയ്ക്കായി ദൈവത്തോടു സഹകരിക്കുന്നതിലാണല്ലോ മാതാപിതാക്കന്മാരുടെ സ്ഥാനമാഹാത്മ്യം അടങ്ങിയിരിക്കുന്നത്. അപ്രകാരംതന്നെ, മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചക്കു സഹായിക്കുന്ന അദ്ധ്യാപകന്മാർക്കും പുരോഹിതന്മാർക്കും തദനുസരണമായ നിലയും വിലയുമുണ്ട്. ദൈവത്തിന്റെ പ്രതിനിധികളായി അധികാരം നടത്തുന്നവർ ദൈവത്തെപ്പോലെ കരുതപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ, ദൈവത്തോടുള്ള ബന്ധത്തിന്റെയും ഐക്യത്തിന്റെയും അളവാണ് ഒരാൾക്കു ദൈവത്തിൻ പക്കലുള്ള മാദ്ധ്യസ്ഥശക്തിയുടെയും ഇതര സൃഷ്ടികളുടെ മേലുള്ള അധികാരത്തിന്റെയും തോത്. വിശുദ്ധന്മാർക്കു അത്ഭുതങ്ങൾ പ്രവർത്തിപ്പാനും നമ്മെ സഹായിപ്പാനുമുള്ള മുഷ്കരതാ രഹസ്യം ഈ വെളിച്ചത്തിലാണ് ഗ്രഹിക്കേണ്ടതും.

സൃഷ്ടി, ഉദ്ധാരണം, മനുഷ്യഹൃദയത്തിലുള്ള വാസം ആദിയായി മേൽ പ്രസ്താവിച്ച മാറ്റങ്ങളിൽകൂടി മ

നമ്മോടുള്ള തന്റെ അവാച്യവും ചിന്താതീതവുമായ സ്നേഹാർദ്രതയെ പ്രത്യക്ഷമാക്കിയതുകൊണ്ടും ദൈവം തൃപ്തിപ്പെട്ടില്ല. പിന്നയൊ, ആളുകളുടെ മദ്ധ്യേ ഇടയൻ എന്നതുപോലെയും, പ്രജകളുടെ ഇടയിൽ രാജാവെന്ന വണ്ണവും വി. കുർബാനവഴിയായി അവിടുന്നു നമ്മോടു കൂടി എപ്പോഴും വസിക്കുന്നു. സങ്കടങ്ങൾ കേൾപ്പാനും, ഭാരം ലഘൂകരിപ്പാനും, പ്രലോഭനങ്ങളിൽ ശക്തിയും ക്ലേശാരിഷ്ടതകളിൽ ആശ്വാസവും സങ്കേതവും നല്കുവാനുമായി താൻ പാർത്തിരിക്കുന്നു. എല്ലാവരെയും ക്ഷണിക്കുന്നു. പോരാ, നമുക്കു ഭക്ഷണം തന്നെ ആയിതീരുന്നു: "മാലാഖാമാരുടെ അപ്പം യാത്രക്കാരുടെ ആഹാരമായി, മക്കളുടെ സാക്ഷാൽ ഭോജനം." (വി. തോമ്മാസ്ലീഹാ) ഈ പ്രവാസജീവിതത്തിനുശേഷം സ്വർഗ്ഗപ്രവേശനത്തിനായി അവിടുന്നു നമ്മെ ഒരുക്കുന്നു. അവിടെയാകട്ടെ പ. ത്രിത്വത്തെ താനായിരിക്കുംപോലെ അഭിമുഖമായി ദർശിപ്പാനും, ഓരോരുത്തന്റെ വിശ്വാസത്തിനും ഭക്തിക്കും അനുസരണമായി ത്രിത്വരഹസ്യത്തെ ഗ്രഹിപ്പാനും അനവരതം ആസ്വദിച്ചാനന്ദിപ്പാനും ഇടയാക്കുകയും ചെയ്യുന്നു. ഓ! ദൈവത്തിന്റെ സ്നേഹപാരമ്യമെ! മനുഷ്യന്റെ ഭാഗ്യാതിരേകമെ! അവന്റെ ആരംഭവും അവസാനവുമായ ദൈവം അവനിലും! അവൻ ദൈവത്തിലും! അതെ, ദൈവം—നമ്മിൽ! അവിടേക്കു നിത്യസ്തുതി.

~~~~~~~~~~~~~~~~~~~~
~~~~~~~~~~~~~~~~~~~~

## വിഷയ വിവരം.


1. ദൈവാസ്തിത്വം. 5
2. ദൈവലക്ഷണങ്ങൾ. 7
3. ടി. തുടർച്ച. 9
4. ഏകത്വവും ത്രിത്വവും. 11
5. പുത്രൻെറ ജനനം. 13
6. പിതാവിൻെറ ആത്മനിദൎശനവ്യാപ്തി. 17
7. പ്രായോഗിക പാഠങ്ങൾ. 19
8. പരിശുദ്ധാത്മാവിൻെറ പുറപ്പാട്. 26
9. സ്രഷ്ടാവായ പരിശുദ്ധാത്മാവ്. 28
10. ചില നിഗമനങ്ങൾ. 30
11. ദൈവമഹിമയും പ്രതാപവും. 32
12. ആന്തരികവും ബാഹ്യവുമായ പ്രതാപങ്ങൾ 35
13. ആരംഭവും അവസാനവും. 37
14. വിശ്വാസരഹസ്യം. 39
15. ആരാധനാകേന്ദ്രം. 40
16. ത്രിത്വഭക്തിയുടെ മാഹാത്മ്യവും ആവശ്യവും. 42
17. സ്രഷ്ടാവായ ദൈവം–മാലാഖാമാരുടെ സൃഷ്ടി. 45
18. മനുഷ്യസൃഷ്ടി. 48
19. മനുഷ്യൻെറ അകമ്പടിക്കാർ. 49
20. ദൈവം പ്രകൃതിയിൽ. 51
21. ഉദ്ധാരകനായ ദൈവം. 54
22. ശുദ്ധീകരിക്കുന്ന ദൈവം. 56

23. മൂന്നു സക്രാരികൾ, 59

24. ദൈവരാജ്യം നിങ്ങളിൽ. 61

25. നിങ്ങൾ ദൈവത്തിൻെറ ആലയങ്ങൾ. 62

26. നിങ്ങൾ ദേവന്മാരെന്നു വിളിക്കപ്പെടുന്നു. 64

27. നിധിയെ സൂക്ഷിക്കുക. 65

28. നിധിയെ വദ്ധിപ്പിക്കുക. 67

29. നിധിനഷ്ടം. 69

30. സാന്നിദ്ധ്യസ്മരണ. 71

31. സദനഭേദനം. 73

32. അമ്മാനവേൽ. 75

33. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ. 78

34. പിതാ. പുത്ര. പരിശുദ്ധാത്മാവിനും സ്തുതി. 80

35. ഉപസംഹാരം. 82


It does not deserve a commendation

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 200 Acc. No. 14047

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

200
MAT-D

14047

വാത്സല്യം അലക്കൂട്ടം

'ദൈവം - നമ്മിൽ.

**KOTTAYAM PUBLIC LIBRARY**

Call No. 200 MAT-D Acc. No. 14047

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org